# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും · ESTD-1968

കലാസാംസ്കാരിക ദേശീയവാരിക

2022 ജനുവരി 13 | ദീപം 54 | നാളം 40 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# സിൽവർ ലൈൻ
## ഈ ചൂളംവിളി ആർക്കുവേണ്ടി?




**തോമസ് കുഴിഞ്ഞാലിൽ**




രണ്ടാം പിണറായി സർക്കാരിന്റെ അഭിമാനപദ്ധതിയെന്നു വിശേഷിപ്പിക്കുന്ന കെ-റെയിൽ സെമിഹൈസ്പീഡ് റെയിൽവേ പദ്ധതി നടപ്പാക്കേണ്ടതുണ്ടോ? ഇതു സാധാരണ ജനത്തിനു പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണോ? ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർക്കു മറ്റെന്തെങ്കിലും ദുരുദ്ദേശ്യങ്ങളുണ്ടോ? തെക്കുവടക്ക് ആറു മണിക്കൂർകൊണ്ട് ഓടിത്തീർക്കാവുന്ന ദൂരം മാത്രമുള്ള യാത്രയ്ക്ക് ഇപ്പോൾ 16 മണിക്കൂർ എടുക്കുന്നുണ്ടെന്നും ഇത് നാലുമണിക്കൂറായി കുറയ്ക്കുകയാണ് ലക്ഷ്യമെന്നും കെ - റെയിലിന്റെ വക്താക്കൾ അവകാശപ്പെടുന്നു. 530 കിലോമീറ്റർ ദൈർഘ്യം വരുന്ന കാസർകോഡ് - തിരുവനന്തപുരം സെമി - ഹൈസ്പീഡ് റെയിൽ പാത പൂർത്തിയാക്കുന്നതിന് 64,000 കോടി രൂപ ചെലവാകുമെന്നും ചുരുങ്ങിയത് അഞ്ചു വർഷംകൊണ്ടു പദ്ധതി പൂർത്തിയാക്കുമെന്നുമാണ് കെ-റെയിൽ എം.ഡി. വി. അജിത്കുമാർ വെളിപ്പെടുത്തിയത്. കൃത്യമായി കണക്കാക്കിയ തുക 63,941 കോടി രൂപ! സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കു രണ്ടുവർഷവും നിർമാണത്തിനു മൂന്നുവർഷവും മതിയാകുമെന്നും അദ്ദേഹം പറയുന്നു. സംസ്ഥാനത്തെ പതിന്നാലു ജില്ലകളിൽ പതിനൊന്നിലൂടെയും കടന്നുപോകുന്ന റെയിൽപ്പാതയ്ക്കു കണ്ണൂർ, കോഴിക്കോട്, തിരൂർ, തൃശൂർ, നെടുമ്പാശ്ശേരി, എറണാകുളം, കോട്ടയം, ചെങ്ങന്നൂർ, കൊല്ലം എന്നിവിടങ്ങളിലാണ് സ്റ്റോപ്പുകൾ.

'സിൽവർ ലൈൻ' എന്ന വിളിപ്പേരു സമ്പാദിച്ചുകഴിഞ്ഞ ഈ വൻകിട പദ്ധതിയെക്കുറിച്ചുള്ള വിവാദങ്ങൾ ഉച്ചസ്ഥായിയിലെത്തിയപ്പോൾ എഞ്ചിനീയർകൂടിയായ മെട്രോമാൻ ഇ. ശ്രീധരൻ അഭിപ്രായപ്പെട്ടത് ഇങ്ങനെയാണ്: സിൽവർലൈൻ പദ്ധതിക്കുവേണ്ടി 64,000 കോടി രൂപയാണ് ചെലവു കണക്കാക്കിയിട്ടുള്ളതെങ്കിലും പദ്ധതി പൂർത്തിയാകുമ്പോൾ 1.10 ലക്ഷം കോടി രൂപയെങ്കിലും വേണ്ടിവരും. നമ്മുടെ സംസ്ഥാനത്തിന് ഇതു താങ്ങാവുന്നതിലും അധികമാണ്. രാജ്യത്തെ ഏറ്റവും മികച്ച നിർമാണ ഏജൻസിയായ ഡി.എം.ആർ.സിക്കുപോലും ഇത്തരം ഒരു പദ്ധതി പൂർത്തിയാക്കാൻ എട്ടു മുതൽ പത്തു വർഷംവരെ വേണ്ടിവരും. ചൈനയിലെ വൻമതിൽപോലെ പാത ഉയർന്നുനില്ക്കുമെന്നതിനാൽ കേരളം രണ്ടായി വിഭജിക്കപ്പെടുന്ന അവസ്ഥയുണ്ടാകും. പാതയുടെ അലൈൻമെന്റിൽ അപാകതയുണ്ട്. കാസർകോഡുമുതൽ തിരൂർവരെ ഇപ്പോഴത്തെ റെയിൽപ്പാതയ്ക്കു സമാന്തരമായാണ് വേഗപാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഇത് ഭാവിയിലെ റെയിൽപ്പാത വികസനത്തിനു തടസ്സമാകും. വേഗപാതകൾ തറനിരപ്പിൽ നിർമിക്കാറില്ലാത്തതിനാൽ തൂണുകളിലൂടെയും ഭൂമിക്കടിയിലൂടെയുമാണു കടന്നുപോകേണ്ടത്. പാതയുടെ 140 കിലോമീറ്റർ ദൂരവും തണ്ണീർത്തടങ്ങളിലൂടെയും നെൽവയലുകളിലൂടെയുമാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഗൂഗിൾ മാപ്പിങ്ങിലൂടെയും ലിഡാർ സർവേയിലൂടെയുമല്ലാതെ നേരിട്ടു ലൊക്കേഷൻ സർവേ നടത്തിയിട്ടില്ല.

### ജനങ്ങളുടെ പ്രതിഷേധം

ഇടതുമുന്നണിയുടെ പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനങ്ങളിലൊന്നാണ് ഈ പദ്ധതിയെന്നതും 2019 ൽ കേന്ദ്രസർക്കാരിന്റെ താത്ത്വികാംഗീകാരം കിട്ടിയിരുന്നുവെന്നതും സത്യമാണെങ്കിലും, ഭൂമി അളന്നുതിട്ടപ്പെടുത്താനെത്തിയ സ്ഥലങ്ങളിലെല്ലാം കക്ഷിഭേദമെന്യേ ജനങ്ങളിൽനിന്നു വലിയ എതിർപ്പുകളാണ് ഉയരുന്നത്. ഹരിത ട്രിബ്യൂണലിൽ കേസുകൾ എത്തിക്കഴിഞ്ഞതായാണു വാർത്തകൾ. സ്വകാര്യവ്യക്തികളിൽനിന്ന് 1,074 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരിക. 108 ഹെക്ടർ സർക്കാർ ഭൂമിയും 45 ഹെക്ടർ റെയിൽവേ ഭൂമിയും വേണ്ടിവരും. ചെറുതും ഇടത്തരവുമായ പട്ടണങ്ങളിലൂടെ 90 കിലോമീറ്ററും, കൊച്ചിനഗരത്തിലൂടെ മൂന്നുകിലോമീറ്ററും കടന്നുപോകും. 60 കിലോമീറ്റർ ലൈൻ റെയിൽവേ ഭൂമിയിലൂടെയും 190 കിലോമീറ്റർ ഗ്രാമങ്ങളിലൂടെയുമാണെന്നാണു കണക്കാക്കിയിട്ടുള്ളത്. അനേകം വിദ്യാലങ്ങളും ആതുരാലയങ്ങളും ആരാധനാലയങ്ങളും ഇടിച്ചുനിരത്തേണ്ടിവരുന്നതും പ്രതിഷേധത്തിനിടയാക്കും. പട്ടണപ്രദേശങ്ങളിൽ രണ്ടിരട്ടിയും ഗ്രാമങ്ങളിൽ ഭൂമിയുടെ നിലവിലുള്ള മാർക്കറ്റുവിലയെക്കാൾ നാലിരട്ടിയും നഷ്ടപരിഹാരം നല്കുമെന്ന വാഗ്ദാനമുണ്ടെങ്കിലും ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയാത്തത് സർക്കാരിനെ ബുദ്ധിമുട്ടിക്കുന്നുണ്ട്. 10,000 കെട്ടിടങ്ങൾ പൊളിക്കേണ്ടിവരുമെന്നു സർക്കാർ കണക്കുകൾ വെളിപ്പെടുത്തുമ്പോൾ 50,000 കെട്ടിടങ്ങളെങ്കിലും നശിപ്പിക്കേണ്ടവരുമെന്നു പ്രതിപക്ഷം നിയോഗിച്ച ഉപസമിതിയുടെ റിപ്പോർട്ടിലുണ്ട്. സാധാരണജനത്തിനു പ്രയോജനപ്പെടാത്ത ഒരു പ്രസ്ഥാനം ജനത്തിനുമേൽ അടിച്ചേല്പിക്കുന്നതിനെതിരേയാണ് പ്രതിഷേധം അലയടിക്കുന്നത്.

ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി സിൽവർ ലൈൻ കടന്നുപോകുന്ന 11 ജില്ലകളിലും ഓരോ സ്പെഷൽ തഹസീൽദാരെയും അവരുടെ മേൽനോട്ടത്തിനായി ഒരു ഡപ്യൂട്ടി കളക്ടറെയുമാണു നിയോഗിച്ചിട്ടുള്ളത്. എന്നാൽ, ഭൂമി അളന്നു തിട്ടപ്പെടുത്തി അടയാളപ്പെടുത്താൻ ചെന്നിടത്തൊക്കെ ജനങ്ങളുടെ എതിർപ്പു നേരിടേണ്ടിവരികയാണ്. ബംഗാളിലെ ഇടതുസർക്കാരിനു നേരിടേണ്ടിവന്ന നന്ദിഗ്രാം പോലാകും പിണറായിക്ക് സിൽവർ ലൈൻ എന്നു പ്രതിപക്ഷം മുന്നറിയിപ്പു നൽകിക്കഴിഞ്ഞു. ഇതിനിടെ, അളന്നുതിരിച്ച അതിർത്തികളിൽ കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്നതിനെതിരേ കെ-റെയിൽ ഉദ്യോഗസ്ഥരെ ഹൈക്കോടതി വിലക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ അഭിപ്രായം തേടാതെയും കൃത്യമായ അലൈൻമെന്റു നിർണയിക്കാതെയും, പരിസ്ഥിതി/സാമൂഹികാഘാതപഠനങ്ങൾ നടത്താതെയും പദ്ധതിയുമായി മുമ്പോട്ടുപോകുന്ന സർക്കാർ നടപടികളിൽനിന്ന് അടിയന്തരമായി പിൻമാറണമെന്നാണ് ഇടത് അനുഭാവസംഘടനയായ ശാസ്ത്രസാഹിത്യപരിഷത്തിന്റെ നിലപാട്.

### എക്സ്പ്രസ് ഹൈവേ

സംസ്ഥാനത്തിന്റെ തെക്കുനിന്ന് വടക്കോട്ടേക്ക് ഒരു എക്സ്പ്രസ്‌വേ ആവശ്യമാണെന്നും 100 മീറ്റർ വീതിയിൽ 507 കിലോമീറ്റർ ദൈർഘ്യം വരുന്ന ഹൈവേയിലൂടെ അഞ്ചു മണിക്കൂർ യാത്ര ചെയ്താൽ കാസർഗോഡുനിന്നു തിരുവനന്തപുരത്തെത്താനാകുമെന്നും ആദ്യം അഭിപ്രായപ്പെട്ടത് 2001 ലെ ആന്റണിമന്ത്രിസഭയിൽ പൊതുമരാമത്തുമന്ത്രിയായിരുന്ന എം.കെ. മുനീറായിരുന്നു. മലേഷ്യൻ മാതൃകയിലുള്ള ഒരു സൂപ്പർ ഹൈവേ എന്ന ഈ ആശയത്തോടു തുടക്കത്തിൽ എല്ലാവരും അനുകൂലസമീപനവും സ്വീകരിച്ചു. എന്നാൽ, ഇടതുപക്ഷവും ശാസ്ത്രസാഹിത്യപരിഷത് ഉൾപ്പെടെയുള്ള പരിസ്ഥിതിസംഘടനകളും എതിർത്തത് പദ്ധതി ഉപേക്ഷിക്കാനിടയാക്കി.

▶ 4

# ഇടയവഴിയിലെ സത്യപ്രവാചകൻ

## മാർ ജോസഫ് കല്ലറങ്ങാട്ട് പൗരോഹിത്യത്തിന്റെ റൂബിജൂബിലിനിറവിൽ



ടോണി ചിറ്റിലപ്പിള്ളി

**പാ**ലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് 2022 ജനുവരി രണ്ടിന് പൗരോഹിത്യത്തിന്റെ നാല്പതാം വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. പണ്ഡിതശ്രേഷ്ഠനായ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് കത്തോലിക്കാസഭയിലെ ആത്മീയാചാര്യന്മാരുടെ ഇടയിൽ തന്റേതായ സാന്നിധ്യം വളരെ ശാന്തമായും അതേസമയം ശ്രദ്ധേയമായും എപ്പോഴും അറിയിച്ചുകൊണ്ടിരിക്കുന്ന വ്യക്തിത്വമാണ്. തന്റെ മുൻഗാമികളുടെ ആത്മീയതേജസ്സ് സാധാരണക്കാർക്കിടയിലും പട്ടിണിപ്പാവങ്ങൾക്കിടയിലും പ്രവർത്തിക്കാൻ മാർ കല്ലറങ്ങാട്ടിനെ പ്രാപ്തനാക്കുന്നു. സഭാത്മകമായ ആത്മീയവിജ്ഞാനവും വിശ്വാസികൾക്കു ലഭിച്ചിരിക്കണം എന്ന തിരിച്ചറിവാണ് കല്ലറങ്ങാട്ട് പിതാവിന്റെ മതബോധനശ്രമങ്ങളുടെയെല്ലാം അടിത്തറ. ഒരു രൂപതയുടെ വളർച്ച നിശ്ചയമായും രൂപത മെത്രാന്റെ ഹൃദയത്തിൽനിന്നുള്ള ചിന്തകളിൽ അധിഷ്ഠിതമാണ്.

വിശ്വാസിസമൂഹത്തെ സത്യങ്ങൾ ബോധ്യപ്പെടുത്താനുള്ള അദ്ദേഹത്തിന്റെ ധൈര്യവും സാമൂഹികവിഷയങ്ങളിൽ വ്യക്തതയോടെ സംസാരിക്കുന്നതിനുള്ള കഴിവും പ്രശസ്തമാണ്. ദൈവശാസ്ത്രപാണ്ഡിത്യവും സഭാപിതാക്കന്മാരുടെ വിശ്വാസഗാംഭീര്യവും സത്യപ്രബോധകരുടെ പ്രേഷിതതീക്ഷ്ണതയും സമന്വയിച്ച വ്യക്തിത്വം ഉൾക്കരുത്താക്കി സത്യവിശ്വാസ പ്രചാരണത്തിനായി അദ്ദേഹം നിലകൊള്ളുന്നു. സഭയിലെ വിഖ്യാത ദൈവശാസ്ത്രജ്ഞൻ എന്നു പേരെടുത്തിട്ടുള്ള അദ്ദേഹം സഭയ്ക്കുള്ളിലെ ദൈവശാസ്ത്രതർക്കവിഷയങ്ങളിൽ അവസാന വാക്കായി കണക്കാക്കപ്പെടുന്നു.

1982 ജനുവരി രണ്ടിനാണ് അഭിവന്ദ്യ കല്ലറങ്ങാട്ടു പിതാവ് മുൻഗാമിയായ മാർ ജോസഫ് പള്ളിക്കാപറമ്പിനാൽ വൈദികനായി അഭിഷിക്തനായത്. അജപാലനശുശ്രൂഷയിൽ നീണ്ട നാല്പതു വർഷങ്ങൾ. സീറോ മലബാർ സഭയുടെ കുടുംബ അജപാലന ശുശ്രൂഷയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന അദ്ദേഹം 2004 മാർച്ച് 18 നാണ് മെത്രാനായി അഭിഷിക്തനായത്. പ്രോത്സാഹനത്തിന്റെയും കരുതലിന്റെയും ആദ്ധ്യാത്മികത കുടുംബങ്ങളിൽ വേണമെന്ന് അദ്ദേഹം നിഷ്‌കർഷിക്കുന്നു. വിശുദ്ധ കുർബാന കേന്ദ്രിതമായ കുടുംബങ്ങൾ രൂപപ്പെടുത്തി കരുണയുടെ സുവിശേഷം ജീവിതത്തിൽ പകർത്താൻ ബിഷപ് കല്ലറങ്ങാട്ട് ലക്ഷ്യമിടുന്നു. സഭയുടെ പ്രോലൈഫ് അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ജീവന്റെ സംരക്ഷണത്തിന്റെയും കുടുംബശക്തീകരണശുശ്രൂഷകളുടെയും പിറകിലുള്ള ഊർജസ്രോതസായ പിതാവ്, മഹനീയമാതൃത്വവും കെട്ടുറപ്പുള്ള കുടുംബങ്ങളും ഇന്നത്തെ സമൂഹത്തിന് ആവശ്യമാണെന്നു കരുതുന്നു.

ആഗോളതലത്തിൽ അറിയപ്പെടുന്ന ബൈബിൾ പണ്ഡിതനും സ്വന്തം നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച പ്രശസ്ത ദൈവശാസ്ത്രജ്ഞനുമായ മാർ ജോസഫ് കല്ലറങ്ങാട്ട് റോമിലെ ബിഷപ്സ് സിനഡിന്റെ സമയത്ത്, സിനഡിന്റെ ചർച്ചകൾക്കിടയിലുള്ള തർക്കത്തിന്റെ ദൈവശാസ്ത്രപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മാർപാപ്പ നിയമിച്ച മൂന്നംഗ ട്രിബ്യൂണലിൽ അംഗമായിരുന്നു. പരിചയസമ്പന്നരായ കർദിനാൾമാരുടെ മാത്രം സംഘത്തിൽ, ഒരു ബിഷപ് ഭാഗമാകുന്നത് ആദ്യമായിട്ടായിരുന്നു. എന്നാൽ, ദൈവശാസ്ത്രവിഷയങ്ങളിൽ ആധികാരികമായ അറിവിനും ധാരണയ്ക്കും പേരുകേട്ട വ്യക്തിയായതിനാലും, റോമൻ നിയമങ്ങളും നടപടിക്രമങ്ങളുടെ മാനദണ്ഡങ്ങളും വ്യക്തമായി അറിയാവുന്ന മെത്രാനായിരുന്നതിനാലുമാണ് ആ നിയോഗം മാർ ജോസഫ് കല്ലറങ്ങാട്ടിൽ വന്നുചേർന്നതെന്ന് എല്ലാവർക്കുമറിയാം.

വിശുദ്ധഗ്രന്ഥങ്ങളിൽനിന്നോ സഭാചരിത്രത്തിന്റെ പേജുകളിൽനിന്നോ യഹൂദകഥകളിൽനിന്നോ മുൻകാലത്തെ ലോകനേതാക്കളുടെ ജീവിതത്തിൽനിന്നോ ഉള്ള ഏതൊരു ഭാഗവും ഓർമയിൽനിന്ന് ഉദ്ധരിക്കാനുള്ള അദ്ദേഹത്തിന്റെ അദ്ഭുതകരമായ കഴിവ് വ്യാപകമായി വായിക്കുകയും ആഴത്തിൽ പഠിക്കുകയും ചെയ്യുന്നതിന്റെ ഫലമാണ്. വിട്ടുവീഴ്ചയില്ലാത്ത വിശ്വാസബോധ്യങ്ങൾ, ആഴമേറിയ ഉൾക്കാഴ്ച, കഠിനാദ്ധ്വാനശീലം, ഉന്നതമായ ചിന്താശൈലി, സമഭാവന, ആർദ്രത, ജീവിതലാളിത്യം, വീക്ഷണങ്ങളിലെ വ്യക്തത, പൗരാണികതയിലൂന്നിയ നവീനത എന്നിവയെല്ലാം ഇഴപാകിയ സംസ്കാരവൈജാത്യമുള്ള സഭാപിതാവായി പാലാ രൂപതയെ അദ്ദേഹം വിശുദ്ധമായ വഴികളിൽക്കൂടി നയിക്കുന്നു.

ബിഷപ് കല്ലറങ്ങാട്ടിന്റെ രക്ഷാകർതൃത്വത്തിലും നേതൃത്വത്തിലുമാണ്, കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ(സിബിസിഐ)യുടെ 31-ാമത് പ്ലീനറി അസംബ്ലി, 2014 ഫെബ്രുവരി 05 മുതൽ 12 വരെ പാലായിലെ അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടത്തപ്പെട്ടത്. 2016 സെപ്തംബർ 05 മുതൽ 11 വരെ നടന്ന ഉക്രൈൻ സഭാസിനഡിൽ മേജർ ആർച്ചു ബിഷപ്പിന്റെ പ്രതിനിധിയായി സീറോ മലബാർ സഭയെക്കുറിച്ച് ആധികാരികമായ പ്രബന്ധം അദ്ദേഹം അവതരിപ്പിച്ചു. 2018 ഏപ്രിൽ 18 ന് ഫ്രാൻസിസ് മാർപാപ്പയെ സന്ദർശിക്കുകയും 'വിൻഡോസ് ടു ഹെവൻ' എന്ന പുസ്തകം നൽകുകയും ചെയ്തു. വിയന്നയിലെ കർദിനാൾ ക്രിസ്റ്റോഫ് ഷോൺബോണിന്റെവരെ പ്രശംസ നേടിയ ദൈവശാസ്ത്രഗ്രന്ഥമാണിത്. 2019 മേയ് 2 മുതൽ മേയ് 4 വരെ ലെബനനിലെ ഹോളി സ്പിരിറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന ദൈവശാസ്ത്ര സിമ്പോസിയത്തിൽ അദ്ദേഹം 'ക്രിസ്റ്റോളജിക്കൽ ആൻഡ് ട്രിനിറ്റേറിയൻ സുറിയാനി ഗാനങ്ങളും സീറോ മലബാർ ആരാധനക്രമത്തിന്റെ പശ്ചാത്തലത്തിൽ കിഴക്കൻ സുറിയാനി ഗാനങ്ങളുടെ പ്രത്യേകതയും' എന്ന വിഷയത്തിൽ ഒരു പ്രധാന പ്രബന്ധം അവതരിപ്പിച്ചു.

ആഗോളകത്തോലിക്കാസഭയിൽ ബിഷപ് കല്ലറങ്ങാട്ട് സഭാശാസ്ത്രത്തിലും പൗരസ്ത്യദൈവശാസ്ത്രത്തിലും ഒരു ആധികാരികപണ്ഡിതനായി കണക്കാക്കപ്പെടുന്നു. സഭാശാസ്ത്രവും പൗരസ്ത്യ ദൈവശാസ്ത്രപഠനങ്ങളുമായി ബന്ധപ്പെട്ട് നാല്പതിലേറെ പുസ്തകങ്ങളും ധാരാളം ലേഖനങ്ങളും രചിച്ചിട്ടുണ്ട്.



ബിഷപ് കല്ലറങ്ങാട്ട് മലയാളത്തിനും ഇംഗ്ലീഷിനും പുറമേ ജർമൻ, ഇറ്റാലിയൻ ഭാഷകളും സംസാരിക്കും. പൗരസ്ത്യസുറിയാനിഭാഷയിൽ അദ്ദേഹം വൈദഗ്ധ്യം നേടിയിട്ടുണ്ട്. നിലവിൽ, സീറോ മലബാർ ലെയ്റ്റി കമ്മീഷൻ ചെയർമാനും, വൈദികസെമിനാരികൾക്കുവേണ്ടിയുള്ള സീറോ മലബാർ സിനഡൽ കമ്മീഷൻ അംഗവുമാണ്. കേരള കാത്തലിക് ബിഷപ് കൗൺസിലിന്റെ ലേബർ കമ്മീഷൻ വൈസ് ചെയർമാനുമായി ബിഷപ് കല്ലറങ്ങാട്ട് പ്രവർത്തിക്കുന്നു. ആഗോള കത്തോലിക്കാസഭാ സൈദ്ധാന്തികമേഖലയിൽ അദ്ദേഹം വലിയ സ്വാധീനം ചെലുത്തുന്നുണ്ട്.

കുറഞ്ഞ ചെലവിൽ മികച്ച ചികിത്സ എന്ന ലക്ഷ്യത്തോടെ സാധാരണക്കാർക്കുവേണ്ടിയുള്ള ആശുപത്രി, പാലായുടെ അഭിമാനമായ മാർ സ്ലീവാ മെഡിസിറ്റി മാത്രം മതി പൊതുജനങ്ങൾക്ക് ബിഷപ് കല്ലറങ്ങാട്ടിനെ ജീവിതകാലം മുഴുവൻ ഓർത്തുവയ്ക്കാൻ. കേരള ഗവൺമെന്റുപോലും അംഗീകരിച്ച, മെഡിസിറ്റി നടത്തിയ കൊവിഡ് പ്രവർത്തനങ്ങൾ മറ്റ് ആശുപത്രികൾക്കു മാതൃകയാണ്. പറഞ്ഞ വാക്കു പാലിക്കാനും പ്രവർത്തിച്ചുകാണിക്കാനും കഴിയുന്ന ഇടയൻ. നട്ടെല്ലു വളയ്ക്കാതെ അജഗണങ്ങളെ കാത്തുസംരക്ഷിക്കുന്ന ഇടയൻ. പാവങ്ങൾക്കുവേണ്ടി കരുതലെടുക്കുന്ന, സ്നേഹം ചൊരിയുന്ന ഇടയൻ. കുടുംബങ്ങളുടെ പിതാവ് എന്ന് അദ്ദേഹത്തെ വിളിക്കുന്നത് പ്രോലൈഫ് പ്രസ്ഥാനങ്ങൾക്ക്, ജീവൻ സംരക്ഷണത്തിന് അദ്ദേഹം നൽകുന്ന പ്രാധാന്യംകൊണ്ടാണ്. അടുത്ത കാലത്ത് അദ്ദേഹം എടുത്ത നിലപാടുകൾക്കു കിട്ടിയ സ്വീകാര്യതയും പിന്തുണയും കണ്ട് അദ്ദേഹത്തെ പലരും ഹീറോ എന്ന് വിളിച്ചു. അതേ, മാർ ജോസഫ് കല്ലറങ്ങാട്ട് ദൈവത്തിന്റെ ഹീറോയാണ്; അതുപോലെ, സമൂഹത്തിലെ പാവപ്പെട്ടവരുടെയും ഹീറോ. ആധുനികയുഗത്തിൽ ലോകത്തിന്റെ നേട്ടങ്ങൾക്കായി അധികം വ്യഗ്രതപ്പെടാതെ ദൈവഹിതം അന്വേഷിച്ചു മുമ്പോട്ടു പോകുന്ന ബിഷപ് കല്ലറങ്ങാട്ടിന്റെ ആത്മീയനേതൃത്വമാണ് പാലാ രൂപതയെ വിശുദ്ധ ജീവിതങ്ങളുടെ ഭൂമിയാക്കി മാറ്റുന്നത്.

പ്രളയങ്ങളിലും ഉരുൾപൊട്ടലിലും ഏതൊരു ദുരിതകാലത്തും ഈ ഇടയൻ ജനങ്ങളുടെ ഇടയിലുണ്ട്. ഉറങ്ങാതെയും ഉണ്ണാതെയും അദ്ദേഹം അടുത്ത കാലത്തു നടത്തിയ രക്ഷാപ്രവർത്തനങ്ങൾ വിമർശകരെപ്പോലും അമ്പരപ്പിച്ചു. സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവരെ ചേർത്തുപിടിക്കാൻ നമുക്കു കടമയുണ്ടെന്നും മാനുഷികമൂല്യങ്ങൾക്കു വില കല്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പ്രവൃത്തികളിലൂടെ അനുഭവവേദ്യമാക്കുന്ന പ്രിയങ്കരനായ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് റൂബി ജൂബിലിയുടെ പ്രാർത്ഥനാമംഗളങ്ങൾ.

റോമാ 8:38,39. "എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതൻമാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്."

### വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സ്വർഗപ്രവേശത്തിന്റെ 150-ാം വാർഷികസമാപനത്തിൽ

# വിശുദ്ധ ചാവറയച്ചന് രാഷ്ട്രത്തിന്റെ ആദരവ്





**വി**ശുദ്ധ ചാവറയച്ചനും ചാവറയച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന പുണ്യഭൂമിയായ മാന്നാനത്തിനും രാഷ്ട്രത്തിന്റെ ആദരവ്. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സ്വർഗപ്രാപ്തിയുടെ 150-ാം വാർഷികാഘോഷത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യാനായി ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു എത്തിയാണ് രാഷ്ട്രത്തിന്റെ ആദരവ് പ്രകടിപ്പിച്ചത്. കൊവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ വലിയ ജനക്കൂട്ടം ഒഴിവാക്കിയായിരുന്നു സമ്മേളനം. എങ്കിലും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മതനേതാക്കളുടെ സാന്നിധ്യത്താൽ ചടങ്ങ് പ്രൗഢഗംഭീരമായിരുന്നു. ആശ്രമ ദൈവാലയകവാടത്തിലെത്തിയ ഉപരാഷ്ട്രപതിയെ സിഎംഐ വികാർ ജനറാൾ ഫാ. ജോസി താമരശേരി സ്വീകരിച്ചു. തുടർന്ന് കബറിടത്തിങ്കലെത്തിയ ഉപരാഷ്ട്രപതി അരളിപ്പൂക്കൾ കബറിടത്തിങ്കൽ അർപ്പിച്ച്, അല്പനേരം പ്രാർത്ഥനാനിരതനായി നിന്നു. അടുത്ത നാളിൽ നവീകരിച്ച പ്രധാന അൾത്താരയും മറ്റു നാല് അൾത്താരകളും നോക്കിക്കണ്ട ഉപരാഷ്ട്രപതി, പഴമയുടെ ഭംഗി ഒട്ടും ചോരാതെയുള്ള പെയിന്റിങ്ങും ചിത്രപ്പണികളും മനോഹരമായിരിക്കുന്നതായി അഭിപ്രായപ്പെട്ടു. തീർത്ഥാടനകേന്ദ്രത്തെക്കുറിച്ചും കേന്ദ്രത്തിന്റെ നടത്തിപ്പിനെക്കുറിച്ചും തിരുക്കർമങ്ങളെക്കുറിച്ചും ചോദിച്ചറിഞ്ഞ ഉപരാഷ്ട്രപതി മാന്നാനത്തിന്റെ പുണ്യഭൂമിയിലെത്താൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നതായും പറഞ്ഞു. എല്ലാവർക്കും നന്ദിയർപ്പിച്ചാണ് അദ്ദേഹം സമ്മേളനവേദിയിലേക്കു പോയത്.



സാമൂഹികാനാചാരങ്ങൾക്കെതിരേ പോരാടിയ വിപ്ലവകാരിയും പരിഷ്കർത്താവുമായിരുന്നു വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെന്ന് ഉദ്ഘാടനപ്രസംഗത്തിൽ ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു പറഞ്ഞു. അദ്ദേഹത്തിന്റെ സേവനം സ്വന്തം മതത്തിനു മാത്രമല്ല, സമൂഹത്തിൽ എല്ലാവർക്കും പ്രയോജനപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഇരുളടഞ്ഞ കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിലൂടെ വിപ്ലവകരമായ മുന്നേറ്റമാണ് അച്ചൻ നടത്തിയത്. നാനാജാതി മതസ്ഥരെ ഒരു പള്ളിക്കൂടത്തിന്റെ ഉള്ളിലിരുത്തി വിപ്ലവം സൃഷ്ടിച്ച പരിഷ്കർത്താവായിരുന്നു ചാവറയച്ചനെന്നും ഉപരാഷ്ട്രപതി കൂട്ടിച്ചേർത്തു. വിദ്യാഭ്യാസം, സാമൂഹികനീതി, സ്ത്രീശക്തീകരണം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ മറ്റു സംസ്ഥാനങ്ങൾക്കു മാതൃകയാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. എല്ലാ മതങ്ങളെയും ബഹുമാനിക്കണമെന്നും ഏതെങ്കിലും ഒരു മതത്തെ അധിക്ഷേപിക്കുന്നത് രാജ്യത്തിനെതിരായ കുറ്റകൃത്യമാണെന്നു നാം മനസ്സിലാക്കണമെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി. ഒരു ജാതിയും വലുതല്ല. എല്ലാ ജാതിയും തുല്യം. ഉയർന്ന ജാതിയെന്നോ, താഴ്ന്ന ജാതിയെന്നോ വേർതിരിവില്ല. നമ്മുടെ പൂർവികർ സ്വീകരിച്ചുപോന്നിരുന്ന മൂല്യങ്ങൾ നാം സംരക്ഷിക്കേണ്ടതുണ്ട്. ജാതിയും മതവും നോക്കിയല്ല ചാവറയച്ചൻ പള്ളിക്കൂടം തുറന്നത്. സ്ത്രീശക്തീകരണത്തിനിറങ്ങിപ്പുറപ്പെട്ടപ്പോഴും ജാതിയും മതവും നോക്കിയില്ലെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

കേന്ദ്രസഹമന്ത്രി വി. മുരളീധരൻ, സഹകരണമന്ത്രി വി.എൻ. വാസവൻ, തോമസ് ചാഴികാടൻ എംപി, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. സിഎംഐ സഭ പ്രിയോർ ജനറാൾ ഫാ. തോമസ് ചാത്തംപറമ്പിൽ സ്വാഗതവും സിഎംസി സൂപ്പീരിയർ ജനറൽ മദർ ഗ്രേസ് തെരേസ് നന്ദിയും പറഞ്ഞു. സിഎംഐ വികാർ ജനറാൾ ഫാ. ജോസി താമരശേരി, തിരുവനന്തപുരം പ്രൊവിൻഷ്യാൾ ഫാ. സെബാസ്റ്റ്യൻ ചാമത്തറ, സിഎംഐ പ്രിയോർ ആൻഡ് ഡയറക്ടർ ഫാ. മാത്യൂസ് ചക്കാലയ്ക്കൽ, വൈസ് പ്രിയോർ ഫാ. തോമസ് കല്ലുകളം എന്നിവർ നേതൃത്വം നൽകി. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ജോസ് കെ. മാണി എംപി, എംഎൽഎമാരായ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, ജോബ് മൈക്കിൾ, സി.കെ. ആശ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നിർമല ജിമ്മി, കോട്ടയം നഗരസഭ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, ഏറ്റുമാനൂർ നഗരസഭ ചെയർപേഴ്സൺ ലൗലി ജോർജ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ജിബിൻ കുര്യൻ**

---

# ഈശോ

FROM THE BIBLE



## ③ അർപ്പണം

**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

**ജ**റുസലേം ദൈവാലയത്തിലെ തിരക്കുകൾക്കിടയിൽ അധികമാരാലും ശ്രദ്ധിക്കപ്പെടാതെ നടന്ന ലളിതമായ ഒരു സമർപ്പണകർമം. ദൈവസൂനുവിനെ എളിയവരായ മാതാപിതാക്കൾ ദൈവസന്നിധിയിൽ സമർപ്പിച്ചു. സ്വർഗം സമ്മാനിച്ച കടിഞ്ഞൂൽ കുഞ്ഞിനെ കരങ്ങളിൽ വാങ്ങി കർത്തൃസവിധത്തിൽത്തന്നെ കാണിക്കയായി വച്ചു. അവന്റെ അർപ്പണം



പലതിന്റെയും പ്രതീകമാണ്. പ്രധാനപ്പെട്ട പലതും അതിലൂടെ അവൻ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. സമർപ്പിതനായി മാറിയവന്റെ അനുയായികളായ നാമും സമ്പൂർണസമർപ്പണത്തിന്റെ പാത പിന്തുടരേണ്ടവർതന്നെ. നാമോരോരുത്തരും കാഴ്ചവയ്ക്കപ്പെടേണ്ടവരാണെന്നു പഠിപ്പിക്കാനാണ് അവൻ കാഴ്ചവയ്ക്കപ്പെട്ടത്. വിട്ടുകൊടുക്കലിലൂടെ മാത്രമേ വീണ്ടെടുക്കാനാവൂ എന്ന് അവൻ അറിഞ്ഞു. നാമും നമുക്കുള്ളവയും വെറും ഭിക്ഷയാണ്. ആകയാൽ, അർപ്പിതമാകേണ്ടവയാണ് അവയെല്ലാം. ധനവും ദാരിദ്ര്യവും അറിവും അജ്ഞതയും സുഖവും ദുഃഖവും നേട്ടവും കോട്ടവും അങ്ങനെ സകലവും സമർപ്പിതമാകണം. മണ്ണിലെ നമ്മുടെ ജീവിതം സർവശക്തനും സഹജീവികൾക്കുമായി സമർപ്പിക്കപ്പെടേണ്ട ഒന്നാണ്. അപ്പോൾ മാത്രമേ അതിന് അർത്ഥവും പൂർണതയും ഉണ്ടാവുകയുള്ളൂ.

അർപ്പണം അത്ര എളുപ്പമുള്ള ഒന്നല്ല. വിട്ടുനല്കുമ്പോൾ പലതും നഷ്ടമാകും. കാണിക്ക കൊടുക്കുന്നവയൊക്കെ മറ്റൊരാളുടെ സ്വന്തമാകും. സകലേശന്റെ സ്വന്തമാകുക എന്നതിൽക്കൂടുതൽ ഏതു ഭാഗ്യമാണ് ഭൂമിയിൽ കിട്ടാനുള്ളത്? നമ്മെത്തന്നെ കാണിക്കയേകാൻ നാണിക്കേണ്ട. കാരണം, കാലിത്തൊഴുത്തുമുതൽ കാൽവരിവരെ നമ്മുടെ മോചനത്തിനുവേണ്ടി കാണിക്കയായിത്തീർന്നവനാണ് നമ്മുടെ നാഥൻ. കുഞ്ഞായിരുന്നപ്പോൾ നമ്മെയും ആരൊക്കെയോ വെള്ളവസ്ത്രത്തിൽ പൊതിഞ്ഞ് കാണിക്ക വച്ചതല്ലേ? നമ്മുടേതായ ജീവിതവിളികളുടെ അൾത്താരകളിൽ തുടർസമർപ്പണമായി ശിഷ്ടജീവിതം തീരട്ടെ. സമർപ്പണം ഒരു തീറെഴുതിക്കൊടുക്കലാണ്. ഉള്ളവയും ഉണ്ടാകാനിരിക്കുന്നവയും ഒരുപോലെ ആർക്ക് അർപ്പിക്കുന്നുവോ ആ വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കുള്ള വിട്ടുകൊടുക്കൽ. ഏതൊരു ജീവിതാന്തസ്സും പരസ്പര അർപ്പണമാകുന്ന അടിത്തറയിലാണ് പണിയപ്പെടേണ്ടത്. അല്ലാത്തപക്ഷം അതിന് അധികം ആയുസ്സുണ്ടാവില്ല. ദൈവത്തിന് എന്നപോലെ തന്നെ അന്യോന്യം അർപ്പിതരാകാം. അപ്പോൾ ജീവിതബലിവേദികളിൽ അനുനിമിഷം അർപ്പിക്കപ്പെടുന്ന വിശുദ്ധകുർബാനകളായി നമ്മുടെ ജീവിതാവസ്ഥകൾ പരിണമിക്കും. മാതാപിതാക്കൾ ദിവസവും മക്കളുടെ നെറ്റിയിൽ കുരിശുവരച്ച് അവരെ ദൈവത്തിനു സമർപ്പിക്കുന്ന കുടുംബങ്ങളാകട്ടെ നമ്മുടേത്. ഒപ്പം, നമ്മുടേതായ ജീവിതതുറകളിൽ നമുക്കു ഭരമേല്പിക്കപ്പെട്ടവരെ അനുനിമിഷം ദൈവസമക്ഷം സമർപ്പിച്ചു പ്രാർത്ഥിക്കാം. ഒരു സമ്പൂർണയർപ്പണമായി വാഴ്‌വിലെ നമ്മുടെ ചെറുജീവിതങ്ങളെ മാറ്റിക്കൊണ്ട് സമർപ്പണത്തിന്റെ സന്തോഷം അനുഭവിച്ചു മുന്നോട്ടുപോകാൻ പരിശ്രമിക്കാം. ■

ദളം പതിനഞ്ച്



മോബിൻ മോഹൻ




# ചിലന്തിവല

മഞ്ഞുപെയ്യുന്ന ഡിസംബർമാസത്തെ തണുപ്പുള്ള പ്രഭാതം. വീടുകൾക്കുമുന്നിൽ നക്ഷത്രങ്ങൾ തൂക്കിയിട്ടിട്ടുണ്ട്. ക്രിസ്മസ് അവധിയാണ്. ക്രിസ്മസ് കഥ കേൾക്കാൻ മൂവർസംഘം ഉണ്ണീരിയമ്മയ്ക്കു ചുറ്റും കൂടി.

"ഇന്ന് ഏതു കഥയാണു പറയ്ക?"

ഉണ്ണീരിയമ്മ ആലോചിച്ചു.

''ഉണ്ണീശോയുടെ കഥതന്നെയാവട്ടെ ഉണ്ണിയമ്മേ" – കുഞ്ഞുണ്ണിയാണു പറഞ്ഞത്.

ഉണ്ണീരിയമ്മ കഥ പറഞ്ഞുതുടങ്ങി.

മരം കോച്ചുന്ന തണുപ്പിൽ കാലിത്തൊഴുത്തിലെ പുൽമെത്തയിൽ ഉറങ്ങുന്ന ഉണ്ണിയെ കാണാൻ രാജാക്കന്മാർ സമ്മാനങ്ങളുമായി എത്തി. കൊട്ടാരത്തിന്റെ പ്രൗഢിയിൽനിന്നു കാലിത്തൊഴുത്തിന്റെ ലാളിത്യത്തിലേക്ക് അവർ ഇറങ്ങിച്ചെന്നു. എന്നാൽ, ഉണ്ണീശോയുടെ ജനനത്തിൽ തീരെ അസ്വസ്ഥനായ ഒരാൾ ഉണ്ടായിരുന്നു – ഹെറോദേസ് രാജാവ്. ഒരു കുഞ്ഞ് ഭൂമിയിൽ പിറവിയെടുക്കുമെന്നും ആ കുഞ്ഞ് മറ്റൊരു സാമ്രാജ്യം തീർക്കുമെന്നും ഹെറോദേസിന്റെ രാജസദസ്സിലെ പുരോഹിതന്മാർ പ്രവചിച്ചിരുന്നു. അധികാരമോഹം ഹെറോദേസിന്റെ ഉറക്കം കെടുത്തി. എല്ലാ നവജാതശിശുക്കളെയും കൊന്നുകളയാൻ ഹെറോദേസ് ഉത്തരവിട്ടു.

പടയാളികൾ രാജ്യത്തെ ഓരോ വീടും കയറിയിറങ്ങി കുഞ്ഞുങ്ങളെ നിർദയം വധിച്ചു. അവർ കാലിത്തൊഴുത്തിലും എത്തുമെന്ന് ജോസഫിന് അറിയാമായിരുന്നു. ഉണ്ണീശോയോടും മാതാവിനോടുമൊപ്പം ആ പിതാവ് ഈജിപ്തിലേക്കു പലായനം ചെയ്യാൻ തീരുമാനിച്ചു. പ്രസവാനന്തരം അവശയായ ആ മാതാവിനെയും കുഞ്ഞിനെയും കൊണ്ട് മലകളും താഴ്‌വാരങ്ങളും താണ്ടി ജോസഫ്



യാത്ര തുടർന്നു. പടയാളികളുടെ കുതിരക്കുളമ്പടി ശബ്ദം അവരെ പിന്തുടർന്നു.

"ഇനി ഒരടി നടക്കാൻ വയ്യ."

മാതാവ് തളർന്നു. ജോസഫ് ചുറ്റുപാടും നോക്കി. അപ്പോഴാണ് ഒരു ഗുഹ കണ്ടത്. ഇന്നു രാത്രി അവിടെ തങ്ങാം എന്നു കരുതി അവർ ഗുഹയ്ക്കുള്ളിൽ കടന്നു.

ഗുഹാമുഖത്തിന്റെ നല്ലൊരു ഭാഗം മറച്ചുകൊണ്ട് ഒരു ചിലന്തിവല അവിടെയുണ്ടായിരുന്നു. ഒരു ചിലന്തി ആഹാരത്തിനായി വിശന്നു കാത്തുകിടക്കുകയാണ്.

ചിലന്തിവല നശിപ്പിക്കാൻ ജോസഫിനു തോന്നിയില്ല. ചിലന്തിവലയ്ക്കു കേടുണ്ടാക്കാതെ ശ്രദ്ധാപൂർവം അവർ ഗുഹയിലേക്കു കയറി.

തൊട്ടുപിന്നാലെ പടയാളികൾ അവിടെ എത്തി.

"ഗുഹയ്ക്കകത്തു കയറി നോക്കാം."

ഒരു പടയാളി പറഞ്ഞു.

"അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. കണ്ടില്ലേ ഒരു ചിലന്തിവല. ആരെങ്കിലും ഇതിലേക്കു കയറിയിട്ടുണ്ടെങ്കിൽ ആ വലക്കണ്ണികൾ ഉറപ്പായും പൊട്ടിയേനെ." മറ്റൊരു പടയാളി പറഞ്ഞു.

"എങ്കിൽ സമയം കളയേണ്ട, നമുക്കു പോകാം."

അവർ തിരികെപ്പോയി.

''നോക്കൂ, ഒരു ചിലന്തിയോടു തോന്നിയ ദയയാണ് ആ കുടുംബത്തെ രക്ഷിച്ചത്."

"മനുഷ്യനെ മാത്രമല്ല സർവ ജീവജാലങ്ങളെയും സ്വീകരിക്കാനും കരുതാനും ക്രിസ്മസ് നമ്മെ പഠിപ്പിക്കുന്നുണ്ട്. കാലിത്തൊഴുത്തിന്റെ ലാളിത്യത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോഴാണ് ജീവിതം സാർത്ഥകമാകുന്നത്. ഒരു ചെറുജീവിയെപ്പോലും കരുതി ജീവിക്കുമ്പോഴാണ് ജീവിതം അനുഗൃഹീതമാവുന്നത്"

ഉണ്ണീരിയമ്മ പറഞ്ഞു.

''നല്ല ഉഗ്രൻ ക്രിസ്മസ് കഥ.'' ജോണിക്കുട്ടി പറഞ്ഞു.

കുഞ്ഞുണ്ണിയും അമ്മാളുവും ജോണിക്കുട്ടി പറഞ്ഞതു ശരിവച്ചു.

"അതേ, ഒന്നാന്തരം ക്രിസ്മസ്കഥ."

■


# ഈ ചൂളംവിളി ആർക്കുവേണ്ടി?

1–ാം പേജ് തുടർച്ച

പിന്നീട് 2006 ൽ അധികാരത്തിലെത്തിയ ഇടതുമുന്നണി സർക്കാരിലുണ്ടായിരുന്ന പൊതുമരാമത്തുവകുപ്പുമന്ത്രി പി.ജെ. ജോസഫും എക്സ്പ്രസ് ഹൈവേയോട് അനുകൂലമായിരുന്നെങ്കിലും ശക്തമായ നടപടികളെടുക്കാൻ വിമുഖനായിരുന്നു. 2011 ൽ മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടിയാകട്ടെ, എക്സ്പ്രസ് ഹൈവേയ്ക്കല്ല, ഹൈസ്പീഡ് റെയിൽവേക്കായി ശ്രമിക്കുകയും ചെയ്തു.

**കടക്കെണിയുടെ ട്രാക്ക്**

വിദേശമലയാളികളിൽനിന്നു നിക്ഷേപം സ്വീകരിച്ചും കേരളത്തിൽ വിൽക്കുന്ന ഡീസലിനും പെട്രോളിനും ലിറ്ററിന് ഒരുരൂപ സെസ് പിരിച്ചും കടമെടുക്കുന്നതിൽനിന്നു സർക്കാരിനെ ഒഴിവാക്കി ഹൈവേ നിർമിക്കുന്നതിനുള്ള 6400 കോടി രൂപ സമാഹരിക്കാനുള്ള നടപടികൾക്കായിരുന്നു എം.കെ. മുനീർ തുടക്കമിട്ടത്. എന്നാലിപ്പോൾ സിൽവർ ലൈനിനുവേണ്ടി സ്ഥലമേറ്റെടുക്കാൻ 50 കോടിയും അടിയന്തര ചെലവുകൾക്കായി 2100 കോടിയും കിഫ്ബിയിൽനിന്നു വായ്പയെടുത്തുകഴിഞ്ഞു. മൂന്നുലക്ഷം കോടി കടബാധ്യതയുള്ള സംസ്ഥാനം 64,000 കോടി രൂപയുടെ ബാധ്യതകൂടി ഏറ്റെടുക്കുന്നതെന്തിനെന്ന ചോദ്യം ബാക്കിയാവുന്നു. 6000 കോടി രൂപ ചെലവുവരുന്ന തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ സാമ്പത്തികബാധ്യതയുടെ പേരിൽ ഉപേക്ഷിച്ച സംസ്ഥാനമാണിത്. വയലിൽ ഉഴുന്ന ട്രാക്ടർ മുതൽ ഇങ്ങു സർവസാധാരണമായിരിക്കുന്ന കംപ്യൂട്ടറിനെവരെ എതിർത്ത സി.പി.എം. നേതാക്കൾ വികസനവക്താക്കളായി നടത്താതെ ഗൂഗിളിന്റെ സഹായത്തോടെയുള്ള പരിശോധനകൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്നും വാർത്തയുണ്ട്. ഇതിനെ ഡി.പി. ആർ. എന്നു വിളിക്കുന്നതെങ്ങനെയെന്നാണ് റെയിൽ മന്ത്രാലയത്തിന്റെ ചോദ്യം.




മാറിയതിൽ ദുരൂഹത കല്പിക്കുന്ന രാഷ്ട്രീയനിരീക്ഷകരുമുണ്ട്.

സിൽവർ ലൈൻ അർധ അതിവേഗ റെയിൽപ്പാതയുടെ ഇനിയും പുറത്തുവിടാത്ത ഡി.പി.ആറും (ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട്) കെ – റെയിൽ അധികൃതരുടെ പ്രഖ്യാപനങ്ങളും പരസ്പരവിരുദ്ധമായതും ദുരൂഹത ഇരട്ടിപ്പിക്കുന്നുണ്ട്. ഫ്രഞ്ച് കൺസൾട്ടൻസി സ്ഥാപനമായ 'സിസ്ട്ര' 2021 ജൂണിൽ പുറത്തുവിട്ട റിപ്പോർട്ടിലാണ് വൈരുദ്ധ്യം വ്യക്തമാകുന്നത്. പാത കടന്നുപോകുന്ന സ്ഥലങ്ങളിൽ അലൈൻമെന്റ്/ടോപ്പോ ഗ്രാഫിക്കൽ സർവേകൾ നടത്തിയിട്ടില്ല. മണ്ണുപരിശോധന

എൽ.ഡി.എഫ്. സർക്കാരിന്റെ സ്വപ്നപദ്ധതിയുടെ ആവശ്യകത ചോദ്യം ചെയ്യുന്ന പരാമർശവും ഡി.പി.ആറിലുണ്ട്. മണിക്കൂറിൽ 300 കിലോമീറ്റർ വേഗത്തിൽ ട്രെയിൻ ഓടിക്കാവുന്ന ഒരു അതിവേഗപാത കേന്ദ്ര റെയിൽവേ മന്ത്രാലയം കേരളത്തിലൂടെ വിഭാവനം ചെയ്യുന്നുണ്ടെന്ന ഡിസ്ട്രയുടെ പരാമർശം സിൽവർ ലൈനിനുവേണ്ടിയുള്ള എല്ലാ ന്യായീകരണങ്ങളെയും തള്ളുന്നതാണ്. ചെന്നൈ – കൊച്ചി – തിരുവനന്തപുരം അതിവേഗപാത വരുന്ന സ്ഥിതിയിൽ സിൽവർ ലൈനിനു പ്രസക്തില്ലാതാകുന്നുവെന്നു വ്യക്തം.

■

# ഉന്നം തെറ്റാതെ

കവിത

സിജിത അനിൽ



നീതിയുടെ കണ്ണുകളിൽ
ഇരുട്ടു പടർന്നു.
അനീതിയുടെ പടയാളികൾ
തോക്കുമായി റോന്തു ചുറ്റുന്നു.

അക്ഷരങ്ങൾ
ഉടവാളാക്കിയവരുടെ
നെഞ്ചിൽ വിപ്ലവത്തിന്റെ
കാഹളം മുഴങ്ങി.
പ്രതികരണശേഷിയുള്ള
രക്തം കൊടുത്ത്
ആയിരം ചോദ്യങ്ങൾ
അവർ വിലയ്ക്കെടുത്തു.

വെള്ളാരംകല്ലിലുരച്ച്
മഷി പുരട്ടി
ചോദ്യശരങ്ങൾ ഓരോന്നായി
അനീതിക്കെതിരേ
അവർ എയ്തുകൊണ്ടിരുന്നു.
യന്ത്രവത്കൃത തോക്കുകൾ
ഉത്തരം പറയാൻ തയ്യാറെടുത്തു.

അക്ഷരങ്ങൾക്കു
മൂർച്ച കൂടുമ്പോൾ
അകലങ്ങളിലൊരു
തോക്കിന്റെ കാഞ്ചി
തൂലികയേന്തിയവരെ
ലക്ഷ്യം വയ്ക്കുന്നു.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ


നിന്റെ ദൈവമായ കർത്താവ് നീ ചെയ്യുന്ന എല്ലാ ജോലികളിലും നീ ആരംഭിക്കുന്ന എല്ലാ പ്രവൃത്തികളിലും നിന്നെ അനുഗ്രഹിക്കും.
നിയമ. 15:10

**എഡിറ്റോറിയൽ**

# ക്രൈസ്തവപീഡനം തുടർക്കഥയാകുമ്പോൾ

2021 ന്റെ അവസാനദിനങ്ങളിൽ രാജ്യത്താകമാനം ഉയർന്നുകേട്ടത് വെറുപ്പിന്റെയും പകയുടെയും രാഷ്ട്രീയാരവങ്ങളാണ്. അതു ജാതിയുടെയും മതത്തിന്റെയും മറ്റും പേരിലാകുമ്പോൾ ജനാധിപത്യ, മതേതര ഇന്ത്യ അക്ഷരാർത്ഥത്തിൽ ലജ്ജിതയാകുന്നു. ഒട്ടേറെ വൈവിധ്യങ്ങളുടെയും ബഹുസ്വരവീക്ഷണങ്ങളുടെയും ഈറ്റില്ലമായ ഇന്ത്യയുടെ പണ്ടുകാലം മുതലുള്ള ശാന്തിമന്ത്രമാണ് 'നാനാത്വത്തിൽ ഏകത്വം.' ഋഷീശ്വരന്മാരുടെ തപശ്ചര്യകളാൽ പുകൾപെറ്റ ഈ അഹിംസയുടെ നാട്ടിൽ ഇന്നു പക്ഷേ, കൊലവിളികളുയരുന്നത് ഇന്ത്യയുടെ മാറിൽ ഉണങ്ങാത്ത മുറിവകളായി അവശേഷിക്കുന്നു.

മതന്യൂനപക്ഷങ്ങളെ ഭൂരിപക്ഷവാദികൾ കടന്നാക്രമിക്കുന്നതും ദേശവിരുദ്ധരെന്നു പ്രഖ്യാപിക്കുന്നതും ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്മസ് ആഘോഷങ്ങൾ തടസ്സപ്പെടുത്തിയതും പള്ളിയാക്രമണങ്ങൾ തുടർച്ചയായി നടത്തിയതും ഭൂരിപക്ഷ വർഗീയതയുടെ ക്രൂരമായ അഴിഞ്ഞാട്ടത്തിന്റെ പ്രത്യക്ഷോദാഹരണമാണ്. മുസ്ലീങ്ങൾക്കു പിന്നാലെ, ക്രിസ്ത്യാനികളാണ് തീവ്രഹിന്ദുത്വവാദികളുടെ പുതിയ ഇരയെന്ന് രാജ്യം ഭരിക്കുന്ന പാർട്ടിയൊഴികെയുള്ളവർ പറഞ്ഞുതുടങ്ങിയിരിക്കുന്നു. പള്ളിയാക്രമങ്ങൾ തുടർക്കഥയായിട്ടും ഇന്ത്യയുടെ ഭരണകർത്താക്കളാരും ഈ ക്രൂരസംഭവങ്ങൾക്കെതിരേ ഇതുവരെ ഒന്നും സംസാരിച്ചിട്ടുപോലുമില്ല എന്നതാണ് രാജ്യത്തെ ന്യൂനപക്ഷങ്ങളെ അമ്പരിപ്പിക്കുന്നത്!

2021 ൽ രാജ്യത്ത് ക്രൈസ്തവർക്കെതിരായ ആക്രമണങ്ങൾ കുത്തനെ വർദ്ധിച്ചതായാണ് കണക്കുകൾ. 478 സംഭവങ്ങൾ റിപ്പോർട്ടുചെയ്തതായി ഡൽഹി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന യുണൈറ്റഡ് ക്രിസ്ത്യൻ ഫോറത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നു. 2020 ൽ ഇത് 279 ആയിരുന്നു. ഈ വർഷം ഉത്തർപ്രദേശിലാണ് ഏറ്റുമധികം ആക്രമണങ്ങൾ റിപ്പോർട്ടു ചെയ്തത് – 99 എണ്ണം. ഛത്തീസ്ഗഢ്–89, കർണാടക–58, ജാർഖണ്ഡ്–44, മധ്യപ്രദേശ്–38 തുടങ്ങിയ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ

മതപരിവർത്തനം ആരോപിച്ചാണ് ഭൂരിപക്ഷാക്രമണങ്ങളും അരങ്ങേറിയത്. 2021 ഡിസംബർ 23 ന് കർണാടക നിയമസഭയിൽ മതപരിവർത്തനം തടയാൻ ബിൽ പാസാക്കിയിരിക്കുന്നു. ബിൽ പാസാക്കിയെടുത്തതിന്റെ അഹങ്കാരം ആഘോഷമാക്കിയതാവാം, സംസ്ഥാനത്തു പലയിടത്തും ക്രിസ്മസ് ആഘോഷങ്ങൾ തടസ്സപ്പെടുത്തിയതും, അക്രമങ്ങൾ അഴിച്ചുവിട്ടതും. അതു താമസിയാതെ ഇതര സംസ്ഥാനങ്ങളിലേക്കും വ്യാപിച്ചു. ഭൂരിപക്ഷവർഗീയതയുടെ മുഖംമൂടിയഴിഞ്ഞു വീണു.

ഉത്തർപ്രദേശിലെ ആഗ്രയിൽ സംഘപരിവാർശക്തികൾ സാന്താക്ലോസിന്റെ കോലം കത്തിച്ചതും, ഹരിയാനയിലെ ക്രൈസ്തവസ്കൂളുകളിൽ ക്രിസ്മസ് ആഘോഷത്തിനെതിരേ ജയ് ശ്രീറാം വിളിച്ചു സംഘർഷമുണ്ടാക്കിയതും, ഹരിയാനയിലെതന്നെ കുരുക്ഷേത്രയിൽ ക്രിസ്മസ് ആഘോഷവേദിയിൽ കയറി ഹനുമാൻകീർത്തനം ചൊല്ലിയതും, ഗുരുഗ്രാമിൽ പള്ളി അടിച്ചുതകർത്തതും, അമ്പാലയിൽ ക്രിസ്തുവിന്റെ പ്രതിമ തകർത്തതുമൊക്കെ ഏതാനും സംഭവങ്ങൾ മാത്രം! ഏറ്റവുമൊടുവിൽ മതപരിവർത്തനമാരോപിച്ച് കർണാടകയിൽ ദളിത്ക്രിസ്ത്യൻ കുടുംബത്തെ ഹിന്ദുത്വവാദികൾ ക്രൂരമായി പരിക്കേല്പിച്ചതും ജാതിപ്പേരു വിളിച്ചാക്ഷേപിച്ചതും സ്ത്രീകളെ വേശ്യകളെന്നു വിളിച്ച് വസ്ത്രാക്ഷേപം നടത്തിയതുമുൾപ്പെടെയുള്ളവ, മതേതര ഇന്ത്യയുടെ ആത്മാവിനെ ആഴത്തിൽ മുറിവേല്പിച്ച സംഭവങ്ങളാണ്.

ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നുവെന്ന ആരോപണം തികച്ചും വസ്തുതാവിരുദ്ധമാണ്. 1971 ലെ കണക്കുപ്രകാരം ക്രൈസ്തവരുടെ ജനസംഖ്യ 2.53 ശതമാനമായിരുന്നു. 1991 ൽ അത് 2.43 ശതമാനവും 2011 ൽ 2.3 ശതമാനവുമാണ്. 16,000 ലധികം വൈദികരും 50,000ലധികം കന്യാസ്ത്രീകളും ആയിരക്കണക്കിന് അല്മായപ്രേഷിതരും ഇവിടെ നടത്തുന്നത് മതംമാറ്റമല്ല, മനംമാറ്റമാണ്. നല്ല മനുഷ്യരാകാനുള്ള അവബോധവും പരിശീലനവുമാണ് നമ്മുടെ ക്രൈസ്തവമിഷനറിമാർ സുവിശേഷോപദേങ്ങളിലൂടെയും ജീവിതമാതൃകയിലൂടെയും കാലങ്ങളായി കാട്ടിത്തന്നിട്ടുള്ളത്. ആയിരക്കണക്കിനു കോളജുകളും പതിനായിരക്കണക്കിനു സ്കൂളുകളും ആശുപത്രികളും ആതുരാലയങ്ങളുമുള്ള കത്തോലിക്കാസഭ വ്യാപകമായി മതപരിവർത്തനം നടത്തിയിരുന്നെങ്കിൽ, ക്രൈസ്തവരുടെ സംഖ്യ ഗണ്യമായി ഉയരേണ്ടിയിരുന്നില്ലേ? ക്രൈസ്തവർ നടത്തുന്ന സ്കൂളുകളിലും കോളജുകളിലും എത്രയോ ഇതരമതസ്ഥരായ കുട്ടികൾ പഠിച്ചിറങ്ങുന്നുണ്ട്. ക്രൈസ്തവസ്ഥാപനങ്ങളിൽ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരുന്നും അല്ലാതെയും സേവനം ചെയ്യുന്ന എത്രയോ നല്ലവരായ മറ്റു മതസ്ഥരുണ്ട്? അവിടെയെവിടെയെങ്കിലും മതപരിവർത്തനത്തിന്റെ ലാഞ്ഛന ആരോപിക്കാൻ ആർക്കാണു ധൈര്യമുള്ളത്?

ഒരു കാര്യംകൂടി പറയട്ടെ. മതപരിവർത്തനനിയമം ഇന്ത്യൻ ഭരണഘടനയുടെ 25–ാം അനുച്ഛേദത്തിനു വിരുദ്ധമാണ്. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് ആചരിച്ചുജീവിക്കാനും പ്രചരിപ്പിക്കാനും അവകാശവും സ്വാതന്ത്ര്യവും ഭരണഘടന ഉറപ്പുവരുത്തുന്ന ഒരു രാജ്യത്ത് മതപരിവർത്തനനിരോധനനിയമത്തിന് എന്തു പ്രസക്തി? വിശ്വാസം സ്വീകരിക്കാനും തിരസ്കരിക്കാനുമുള്ള പൗരസ്വാതന്ത്ര്യം ഭരണഘടനാദത്തമായിരിക്കേ, സ്വമനസ്സാലേ മതം മാറാനുള്ള ഒരുവന്റെ അവകാശത്തെ നിയമംമൂലം തടയാൻ ആർക്കുമാവില്ല.

എല്ലാ മതങ്ങളും ദൈവത്തിലേക്കുള്ള വിവിധ വഴികളാണെന്നും മതങ്ങളെ അധിക്ഷേപിക്കുന്നത് രാജ്യത്തിനെതിരായ കുറ്റകൃത്യമാണെന്നും ഉപരാഷ്ട്രപതി എം. വെങ്കയ്യനായിഡു പറഞ്ഞത്, എല്ലാ മതങ്ങളെയും മതവിശ്വാസങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും ഒരുപോലെ ആദരിക്കുന്ന പൈതൃകമാണ് ഇന്ത്യയുടേത് എന്നുദ്ഘോഷിക്കുന്നതായിരുന്നു. മാന്നാനത്ത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സ്വർഗപ്രവേശത്തിന്റെ 150–ാം വാർഷികാഘോഷ സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ മതാന്തരീക്ഷം തീവ്രവാദത്തിന്റെയും സങ്കുചിതത്വത്തിന്റെയും പിടിയിലമർന്നിരിക്കുമ്പോൾ ഉപരാഷ്ട്രപതിയുടെ മതമൈത്രീസന്ദേശം പ്രശംസാർഹമാണെന്നു മാത്രമല്ല, ഇത്തരം ശാന്തിദൂതുകൾ പ്രചരിപ്പിക്കാൻ സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഹൃദയലാവണ്യമുള്ള, മാധ്യമസുഹൃത്തുക്കളുൾപ്പെടെയുള്ള എല്ലാ പൗരന്മാരും മുന്നോട്ടുവരേണ്ട കാലമാണിത്. ■

# കേന്ദ്രസാഹിത്യ അക്കാദമി അവാർഡുകൾ


കേന്ദ്ര സാഹിത്യ അക്കാദമിയുടെ 2021 ലെ അവാർഡിന് കേരളത്തിൽനിന്ന് നാലുപേർ അർഹരായി.

പ്രശസ്ത നോവലിസ്റ്റും കഥാകാരനുമായ ജോർജ് ഓണക്കൂറിനെ ആത്മകഥാവിഭാഗത്തിൽ അവാർഡിനർഹനാക്കിയത് അദ്ദേഹത്തിന്റെ ആത്മകഥയായ 'ഹൃദയരാഗങ്ങൾ' ആണ്.

തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് റിട്ടയേർഡ് അധ്യാപകനായ ഓണക്കൂർ സംസ്ഥാനസർവവിജ്ഞാനകോശം ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ബാലകൈരളി വിജ്ഞാനകോശത്തിന്റെ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഹൃദയരാഗങ്ങൾ, ഉൾക്കടൽ, പർവതങ്ങളിലെ കാറ്റ്, സമതലങ്ങൾക്കപ്പുറം, അടരുന്ന ആകാശം തുടങ്ങിയവ പ്രധാന കൃതികൾ. ഇദ്ദേഹത്തിന്റെ മൂന്നു നോവലുകൾ സിനിമയാക്കിയിട്ടുണ്ട്.

രണ്ടു തവണ കേരള സാഹിത്യ അക്കാദമി അവാർഡ്, കെ.സി.ബി.സി. അവാർഡ്, തകഴി അവാർഡ്, കേശവദേവ് സാഹിത്യഅവാർഡ് തുടങ്ങി നിരവധി അവാർഡുകൾ വേറെ.


ഡോ. ജോർജ് ഓണക്കൂർ


രഘുനാഥ് പലേരി


മോബിൻ മോഹൻ


സുധാകരൻ രാമന്തളി

തിരക്കഥാകൃത്ത്, കഥാകൃത്ത്, നോവലിസ്റ്റ് എന്നീ നിലകളിൽ ശ്രദ്ധേയനായ രഘുനാഥ് പലേരിയുടെ 'അവർ മൂവരും ഒരു മഴവില്ലും' എന്ന കൃതിക്കാണ് ബാലസാഹിത്യത്തിനുള്ള അവാർഡ്. ദേവദൂതൻ, മധുരനൊമ്പരക്കാറ്റ്, മഴവിൽക്കാവടി, വിസ്മയം തുടങ്ങി ഇരുപതിലധികം ചലച്ചിത്രങ്ങൾക്ക് തിരക്കഥയും സംഭാഷണവും ഒരുക്കിയിട്ടുണ്ട്. കേരളസംസ്ഥാന ഫിലിം അക്കാദമിയുടെ നവാഗതസംവിധായകനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്.

മലയാളത്തിൽനിന്നുള്ള യുവ അവാർഡിന് ഇത്തവണ അർഹനായിരിക്കുന്നത് ഇടുക്കി കാഞ്ചിയാർ സ്വദേശിയായ മോബിൻ മോഹനാണ്. 'ജക്കരന്ത' എന്ന നോവലിനാണ് അവാർഡ്. ആനുകാലികങ്ങളിൽ സ്ഥിരസാന്നിധ്യമാണ് മോബിൻ മോഹന്റെ രചനകൾ. അക്ബർ കക്കട്ടിൽ നോവൽ പുരസ്കാരം, നളന്ദ പുരസ്കാരം, കൊലുമ്പൻ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. കട്ടപ്പന മുനിസിഫ് കോടതി ജീവനക്കാരനായ മോബിൻ വജ്രജൂബിലി പ്രോജക്ട് കൾച്ചറൽ ഡിപ്പാർട്ട്മെന്റിന്റെ ജില്ലാ കോ ഓർഡിനേറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പുറമ്പോക്ക്, ആകാശം പെറ്റ തുമ്പികൾ എന്നിവയാണ് മറ്റു കൃതികൾ.

വിവർത്തനസാഹിത്യത്തിനുള്ള അവാർഡ് സുധാകരൻ രാമന്തളിക്കാണ്. കന്നഡസാഹിത്യകാരനായ ചന്ദ്രശേഖർ കമ്പറിന്റെ ശിഖസൂര്യ എന്ന നോവലിന്റെ മലയാളപരിഭാഷയാണ് ഇദ്ദേഹത്തെ അവാർഡിനർഹനാക്കിയത്. യു.ആർ. അനന്തമൂർത്തി, എസ്.എൽ. ഭൈരപ്പ, ആർ. കെ. നാരായണൻ തുടങ്ങി നിരവധി പ്രശസ്ത എഴുത്തുകാരുടെ കൃതികൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിട്ടുണ്ട്.



ടി.പി. ശാസ്തമംഗലം

## പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

**കു**കവിതകൊണ്ടു പൊറുതിമുട്ടിയിരിക്കുന്ന കാലമാണിത്. മുമ്പ് ആനുകാലികപ്രസിദ്ധീകരണങ്ങളിലും കവിയരങ്ങുകളിലും മാത്രം ഒതുങ്ങിനിന്ന കവിത ഇപ്പോൾ സാമൂഹികമാധ്യമങ്ങളിൽ (പ്രത്യേകിച്ച് മുഖപുസ്തകത്തിൽ) പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെട്ടുകൊണ്ടേയിരിക്കുന്നു. അച്ചടിച്ചുവരുന്നവയായാലും ചൊല്ലുന്നവയാലും ഇവയിൽ പത്തു ശതമാനംപോലും കവിത എന്ന പേരിന് അർഹതപ്പെട്ടവയല്ല. അർത്ഥമില്ലാത്ത വെറും പദാവലിയെ കവിത എന്ന് എങ്ങനെ വിളിക്കും? ഈ ഉദാഹരണം നോക്കുക:

“വരികൾ മുറിച്ച
വിതപോലെ ഒരു ക
കൊഴിയില്ല
കോഴിയുമില്ല
എങ്കിലും ഞാൻ
എറിയും

## മാങ്ങാത്തൊലിയെയെങ്കിലും വെറുതെ വിട്ടുകൂടേ?

ഏണിവച്ചു കയറില്ല
ഏണിയിൽ കോഴി കയറിതോ
കോഴിയിൽ മാങ്ങ വീണതോ
അല്ല കാര്യം
കണ്ണിമാങ്ങ അരിഞ്ഞരിഞ്ഞരിഞ്ഞു
അച്ചാർ ഇടാം എന്നോ
കണ്ണിമാങ്ങ പച്ചച്ചച്ചയ്ക്കു കഴിച്ചാൽ
പല്ലു പുളിക്കുമെന്നോ
കറ വരുമെന്നോ
എന്നതുമല്ല
ഉപ്പിലിട്ട കണ്ണിമാങ്ങ
ചോറിനു നല്ലതാണ്
എന്നതിലാണു കാര്യം.”

‘കണ്ണിമാങ്ങ’ എന്ന കവിതയാണിത്. ഇവിടെ കവിത എന്ന വാക്ക് രണ്ട് ഉദ്ധരണി ചിഹ്നങ്ങൾക്കുള്ളിൽ കൊടുക്കേണ്ടതാണ്. കവിതയെ മുറിച്ച് ‘ക’ എന്നും ‘വിത’ എന്നും രണ്ടാക്കിയിരിക്കുന്നു. കോഴിക്ക് ഇവിടെ എന്തു പ്രസക്തി എന്നു മാത്രം ചോദിക്കരുത്. പ്രാധാന്യം നോക്കിയിട്ടല്ല ഇത്തരക്കാർ വാക്കുകൾ പ്രയോഗിക്കുന്നത്. കണ്ണിമാങ്ങ അരിഞ്ഞിട്ടാണോ ഉപ്പിലിടുന്നത്? പച്ചയ്ക്ക് ‘ച്ച’ കൂടിയതും ഉപ്പിലിട്ട കണ്ണിമാങ്ങ ചോറിന് നല്ലതാണെന്നു സാക്ഷ്യപ്പെടുത്തുന്നതും എഴുതിയ ആളിന്റെ ‘മനോധർമം’ എന്നു കരുതിയാൽ മതി.

കവിതകൾ ഒരു വശത്ത് ഇത്തരത്തിൽ ദുഷിക്കുമ്പോൾ മറുവശത്ത് ഗാനങ്ങളും അതേ അവസ്ഥയിൽ എത്തിച്ചേരുന്നു. സഹൃദയരുടെ ആസ്വാദനക്ഷമതയെ ഇത്തരക്കാർ കൊഞ്ഞനംകുത്തുകയാണ്.

“മാങ്ങ മാങ്ങ മാങ്ങാക്കറി
അങ്കമാലി കല്യാണത്തിന്
ചെക്കന്മാര് ഉണ്ടാക്കണെ കണ്ടോടി മോളേ
വെളഞ്ഞ മൂത്ത തേങ്ങ ഇടിച്ചുപിഴിഞ്ഞു ഞങ്ങ
തേങ്ങാപ്പാലിൽ ഉണ്ടാക്കണെ കണ്ടോടി മോളേ
ആവി നോക്കി മണം പിടിച്ച്
മാങ്ങാക്കറിക്കുപ്പു നോക്കണെ കണ്ടോടി മോളേ
പുത്തൻചട്ടീൽ ചൂടുള്ള മാങ്ങ
ഊരുകാർക്ക് വിളമ്പണ കണ്ടോടി മോളേ
അങ്കമാലി മാങ്ങാക്കറി കണ്ടോടി മോളേ” (ചിത്രം - ക്യൂബൻകോളനി; രചന - മനോജ് വർഗീസ് പാറേക്കാട്ടിൽ; സംഗീതം - അലോഷ്യ പീറ്റർ; ആലാപനം-അരിസ്റ്റോ സുരേഷ്.)

ഇത്തരത്തിൽ ലൊട്ടുലൊടുക്ക് സന്ദർഭങ്ങളും അവയ്ക്കനുസരിച്ചുള്ള പാട്ടുകളുമാണ് ഇന്നു മലയാളചലച്ചിത്രങ്ങളിൽ സുലഭമായിട്ടുള്ളത്.

“എന്റെ മാവും പൂത്തേ,
നിന്റെ മാവും പൂത്തേ
നമ്മുടെ മാവുകൾ പൂത്തേ” (‘അടി കപ്യാരേ കൂട്ടമണി’ എന്ന ചിത്രത്തിലെ “തലവര തെളിഞ്ഞിതാ” എന്നു തുടങ്ങുന്ന ഗാനത്തിന്റെ ഒരു ഭാഗം. രചന-മനു മഞ്ജിത്ത്; സംഗീതം - ഷാൻ റഹ്മാൻ; ആലാപനം-വിനീത് ശ്രീനിവാസൻ, അരുൺ എളാട്ട്, ഷാൻ റഹ്മാൻ, ആർ.സി.) ഇവിടെ മാങ്ങയല്ല അതു കായ്ക്കുന്ന മാവാണു വിഷയം. നായികാനായകന്മാർക്ക് മാവുകൃഷിയാണോ തൊഴിലെന്ന് നമുക്കു ചോദിക്കാൻ തോന്നിപ്പോകും.

“മാങ്ങാത്തൊലി കാര്യം ചൊല്ലി നേരവും പോയ് - ഒരു തേങ്ങാക്കുലപ്പാട്ടിന്റൊപ്പം താളവും തുള്ളി” (അമർ അക്ബർ അന്തോണി’ എന്ന ചിത്രത്തിലെ ‘പ്രേമമെന്നാൽ എന്താണു പെണ്ണേ’ എന്ന ഗാനത്തിലെ ഈരടി. ഗാനരചനയും സംഗീതവും - നാദിർഷ; ആലാപനം - പൃഥ്വിരാജ് സുകുമാരൻ, ഇന്ദ്രജിത്ത് സുകുമാരൻ, ജയസൂര്യ, കലാഭവൻ ഷാജോൺ)

കണ്ടില്ലേ, നിസാരമായ മാങ്ങാത്തൊലിയെപ്പോലും പാട്ടെഴുത്തുകാർ വെറുതേ വിടുന്നില്ല. ഇക്കാലത്തെ ഗാനങ്ങൾക്ക്, അത്ര വിലയേയുള്ളൂ എന്നു കരുതിയാൽ മതി. കവിത്വസിദ്ധി തൊട്ടുതീണ്ടിയിട്ടില്ലാത്ത, ഭാഷാബോധമില്ലാത്ത കുറേപ്പേരുടെ കൂത്തരങ്ങായി ഗാനരചന മാറിയിരിക്കുന്നു. എന്നാണ് ഇതിനൊരു അറുതി വരുക!

■

ജാലകം



സി. ഡോ. ജോവാൻ ചുങ്കപ്പുര എം. എം. എസ്.

## വഴുതിവീഴാൻ വഴികളേറെ



**ചി**ല കുടുംബങ്ങളിൽ തലമുറകളായി പാരമ്പര്യമെന്നോണം തഴക്കദോഷങ്ങളും പെരുമാറ്റത്തകരാറുകളും കണ്ടുവരാറുണ്ട്: മദ്യപാനം, വ്യഭിചാരം, ആത്മഹത്യാപ്രവണത, അക്രമസ്വഭാവം, ആരോടും അടുക്കാത്ത പ്രകൃതം തുടങ്ങിയവ. എന്നാൽ, ഇവ പൂർണമായും പാരമ്പര്യമായിക്കൊള്ളണമെന്നില്ല. ഇത് ഒരുതരം അനുകരണവുംകൂടിയാണ്. മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്യുവാനുള്ള താത്പര്യം. അത്തരം ജീവിതശൈലികൾ സ്വയം ആശ്ലേഷിക്കുന്നു.

അമിതമായും ആർഭാടമായും പണം ചെലവഴിക്കുന്നവരും മൂല്യങ്ങളില്ലാത്ത ജീവിതരീതി കൊണ്ടുനടക്കുന്നവരുമുണ്ട്. ദൈവവിശ്വാസമില്ലാതെ കഴിഞ്ഞുകൂടുന്നവരുമുണ്ട്. അസഭ്യവാക്കുകൾ മുൻപിൻ നോക്കാതെ പ്രയോഗിക്കുന്നവരും വായെടുത്താൽ നുണ മാത്രം പറയുന്നവരും കുറവല്ല. മറ്റുള്ളവരുടെ വസ്തുക്കൾ അനർഹമായി കൈവന്നാൽ അതു കേമമെന്നു കരുതുന്നവർ വേറെ. അന്യന്റെ തൊടിയിൽ നിന്നു വീണുകിട്ടുന്ന തേങ്ങ എടുത്തുകൊണ്ടുപോകുന്നത് ആരും കണ്ടില്ലെങ്കിൽ പിന്നെ കുഴപ്പമൊന്നുമില്ല എന്നു ചിന്തിക്കുന്നവരുമുണ്ട്. ‘മാന്യമായ’ മോഷണം. അന്യന്റെ വക ഒരു മൊട്ടുസൂചിപോലും ആഗ്രഹിക്കുകയോ അറിയാതെ എടുക്കുകയോ ചെയ്യരുതെന്ന നല്ല പാഠം ഇവർക്ക് അന്യമാണ്. ഇത്തരം തഴക്കങ്ങളും ദുശ്ശീലങ്ങളും നിലനിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളും അറിഞ്ഞോ അറിയാതെയോ ഇത്തരം പെരുമാറ്റങ്ങൾ അനുകരിക്കുന്നു. മാതാപിതാക്കളുടെ പിടിപ്പുകേടുകാരണം സ്വന്തം കുടുംബത്തോടുള്ള ബന്ധങ്ങൾപ്പോലും ചില മക്കൾ മുറിച്ചുകളഞ്ഞേക്കാം.

കുടുംബത്തിൽ ബന്ധവും സ്നേഹവും ഇല്ലാതാകുന്നവർ വിവാഹംപോലും ഉപേക്ഷിച്ച് ദുഷിച്ച കൂട്ടുകെട്ടുകളിലേക്കു കടന്നുചെല്ലും. പുതിയ സ്നേഹഭാഷണങ്ങളും ബന്ധാനുഭവങ്ങളും ഇവർ സ്വായത്തമാക്കുന്നു. തുടർന്ന്, കുറ്റകൃത്യങ്ങളിലേക്കും അക്രമസ്വഭാവങ്ങളിലേക്കും വഴിതിരിയുന്നു. ഇതെല്ലാം കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നു. കുടുംബബന്ധങ്ങളിലുണ്ടാകുന്ന കുറവുകളും തന്നെ ആർക്കും വേണ്ട എന്ന തോന്നലും ആത്മനിന്ദയിലേക്കും തിരസ്കരണമനോഭാവത്തിലേക്കും കുട്ടികളെ നയിക്കുന്നു. ക്രമേണ അവർ അരുതാത്ത ഇടങ്ങളിലേക്ക് തങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കുന്നു.

ഭാവിയും വിദ്യാഭ്യാസവും കുടുംബജീവിതവുമെല്ലാം താറുമാറായിപ്പോയിട്ടുള്ള നിരവധി യുവജനങ്ങൾ നമ്മുടെയിടയിലുണ്ട്. ശരിയായ സമയത്ത് ശിക്ഷയും ശിക്ഷണവും കുട്ടികൾക്കു വേണ്ടവിധം നൽകാൻ അറിയാതെപോയ രക്ഷിതാക്കളും ഇക്കാര്യത്തിൽ ഒരുപോലെ തെറ്റുകാരാണ്. ടീനേജിന്റെ ആരംഭംമുതലേ കുട്ടികൾക്കാവശ്യമായ കരുതലും സ്നേഹവും സംരക്ഷണവും നൽകുന്നതിൽ രക്ഷിതാക്കൾ അലംഭാവം കാണിക്കരുത്. തങ്ങളുടെ വരുതിയിൽ നിൽക്കാൻ കൂട്ടാക്കാതിരിക്കുന്ന കുട്ടികളുടെ കാര്യത്തിൽ നല്ല സുഹൃത്തുക്കളുടെയും ഗുരുഭൂതരുടെയും ആത്മീയശുശ്രൂഷകരുടെയും മാർഗനിർദേശങ്ങൾ തേടുന്നതും അഭികാമ്യമാണ്. വിദഗ്ധ ഇടപെടൽ കുട്ടികളെ വഴിവിട്ടുള്ള രീതികളിൽനിന്നു പിന്തിരിപ്പിക്കാൻ പര്യാപ്തമാകാറുണ്ട്.

■

കേരളത്തിലെ കാട്ടുമൃഗങ്ങൾ

## കൂരമാൻ

■ മാത്യൂസ് ആർപ്പൂക്കര

**കേ**രളത്തിലെ കാടുകളിൽ കണ്ടുവരുന്ന ഏറ്റവും ചെറിയ മാനാണു കൂരമാൻ. മാൻവർഗത്തിലെ അത്യപൂർവസസ്തനിയാണിത്. കേരളത്തിന്റെ കാലാവസ്ഥയും കാടുകളും കൂരമാനിന് അനുയോജ്യമാണെങ്കിലും ഇവറ്റയെ കാണപ്പെടുക വളരെ അത്യപൂർവമായിട്ടാണ്. അതുകൊണ്ട് ഇവ വംശനാശഭീഷണിയിലാണെന്നു കരുതണം.

രാത്രിസഞ്ചാരിയാണിത്. പകൽനേരത്തു പുല്ലുകൾക്കിടയിലും കുറ്റിക്കാട്ടിലുമൊക്കെ വിശ്രമിക്കുന്ന സ്വഭാവം. വനത്തിൽ പുൽമേട്ടിലോ മലഞ്ചെരിവിലോ മേഞ്ഞുനടക്കും. കൂട്ടമായി സഞ്ചരിക്കാനാണിഷ്ടം. ഒരു കൂട്ടത്തിൽ ഏഴുവരെ അംഗങ്ങൾ കണ്ടെന്നുവരും. പെൺമാനുകളാണു കൂടുതൽ. പുല്ലും ഇലകളും പഴങ്ങളും അപൂർവമായി മരത്തൊലിയും ആഹരിക്കുന്നു.

കൂരമാനിനു തവിട്ടുനിറമാണ്. ശരീരത്തിൽ വെള്ള വരകളുണ്ട്. ഒറ്റനോട്ടത്തിൽ കാട്ടുപന്നിയുടെ കുഞ്ഞാണെന്നു തോന്നും. ശരീരത്തിന്റെ അടിഭാഗം മങ്ങിയ വെള്ള നിറം. ഉയരം 30 സെ. മീറ്റർ. തൂക്കം ഏതാണ്ട് 10 കിലോ. മറ്റു മാനുകളെപ്പോലെ ഇതിനു വേഗം ഓടാനും ചാടാനുമൊക്കെ സാധിക്കുന്നു. പുലി, കഴുതപ്പുലി, കാട്ടുപൂച്ച, കുറുക്കൻ, വെരുക് തുടങ്ങിയവയാണു പ്രധാന ശത്രുക്കൾ.






**ജനുവരി 16**
**ദനഹാക്കാലം**
**മൂന്നാം ഞായർ**

**നിയ 31: 1–8**
**ഏശ 41: 8 –16**
**ഫിലി 3: 4–16**
**വി. മർക്കോ 3: 7–19**

# കൂടെ വസിക്കുന്ന ദൈവം



**ഡോ. ജോസഫ് കരികുളം**

ദനഹാക്കാലത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച തന്റെ ജനത്തിന്റെകൂടെയായിരിക്കുന്ന ദൈവത്തെ വിശുദ്ധ ഗ്രന്ഥഭാഗങ്ങളിലൂടെ സഭ നമുക്കു പരിചയപ്പെടുത്തുന്നു. സ്വന്തജനത്തിന്റെകൂടെയായിരിക്കാൻ ദൈവം തന്റെ പുത്രനിലൂടെ തയ്യാറായി എന്നത് മനുഷ്യകുലത്തെ, ഈ പ്രപഞ്ചത്തെ ദൈവം എത്രയധികം സ്നേഹിക്കുന്നുണ്ട് എന്നതിനു തെളിവാണല്ലോ. ദൈവം മനുഷ്യനെ രക്ഷയിലേക്കു നയിക്കുന്നതിനു വളരെ വ്യക്തമായ പദ്ധതികൾ ഒരുക്കിയിട്ടുണ്ടെന്നും ആ പദ്ധതികൾ ഈശോമിശിഹായിലൂടെ നിറവേറുമ്പോൾ ദൈവം സന്തോഷിക്കുകയാണെന്നും ധ്യാനിക്കാൻ കഴിയുമ്പോഴാണ് ക്രിസ്തീയാത്മീയതയുടെ ആഴവും അകക്കാമ്പും നാം തിരിച്ചറിയുന്നത്.

ഇന്നത്തെ ഒന്നാം വായന നിയമാവർത്തനപ്പുസ്തകത്തിൽ മോശ ജനത്തെ ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ച് ഓർമിപ്പിക്കുന്നതാണ് (നിയമാ. 31:1–8). “നിങ്ങളുടെ ദൈവമായ കർത്താവുതന്നെ നിങ്ങൾക്കു മുമ്പേ പോകും” (31:3). ഇസ്രായേൽജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി നടപ്പാക്കപ്പെടുന്നത് പ്രവാചകന്മാരിലൂടെയും രാജാക്കന്മാരിലൂടെയുമാണെങ്കിലും അവരിലെല്ലാം പ്രവർത്തിക്കുന്ന ദൈവാത്മാവിന്റെ ശക്തിയെ തിരിച്ചറിയാൻ മോശയുടെ അവസാനകാലവും വാക്കുകളും ജനത്തെ സഹായിക്കുന്നു. കാലാകാലങ്ങളിൽ ദൈവത്തിന്റെ മനുഷ്യരായി മാറുന്നവർക്ക് അഹങ്കാരമുണ്ടാകരുതെന്നും അവിടത്തെ മുന്നിൽ എളിമയോടെ നില്ക്കണമെന്നും ദൈവത്തിന്റെ സന്ദേശം ജനത്തിനു കൈമാറാൻ വിളിക്കപ്പെട്ടവർ തങ്ങളുടെ ശുശ്രൂഷകാലം കഴിയുമ്പോൾ സന്തോഷത്തോടും പ്രത്യാശയോടും വരുന്ന തലമുറയ്ക്ക് ആ ശുശ്രൂഷ കൈമാറണമെന്നും മോശയുടെ വാക്കുകൾ ഓർമിപ്പിക്കുന്നു. കാരണം, മാനുഷികമായ പരിധികൾക്കുള്ളിൽ നിൽക്കുന്ന ഒന്നല്ല സ്രഷ്ടാവും സർവശക്തനുമായ ദൈവത്തിന്റെ പ്രവർത്തനം. ഓരോ പ്രവാചകന്റെയും പുരോഹിതന്റെയും അധികാരിയുടെയും കൂടെ വസിക്കുന്ന ദൈവമാണ് അവന്റെ ശക്തികേന്ദ്രം.

ഇത്രയും കാലം മോശ ഇസ്രായേൽജനത്തെ നയിച്ചെങ്കിൽ ഇനി ‘ജോഷ്വാ’ നിങ്ങളെ നയിക്കും (നിയമാ. 31:3). ‘ദൈവം വിമോചകൻ/രക്ഷക’നാണ് എന്നതാണ് ജോഷ്വാ എന്ന വാക്കിന്റെ അർത്ഥം. ഇസ്രായേൽജനത്തെ തുടർന്നു നയിക്കുന്ന ജോഷ്വായുടെ പുതിയനിയമത്തിലെ പൂർത്തീകരണമാണ് ഈശോ. ‘യെഹോശ്വ’ എന്ന ഹീബ്രുനാമത്തിൽനിന്നാണ് ‘ജോഷ്വാ’ എന്ന പേരും ‘ഈശോ’ എന്ന പേരും വന്നിരിക്കുന്നത്. യഹൂദർ തങ്ങളുടെ ഏകസത്യദൈവത്തെ ‘ദൈവം’ എന്നു വിളിക്കുന്നതിനുപകരം ‘യാഹ്‌വേ’ എന്നാണു വിശേഷിപ്പിച്ചിരുന്നത്. കാരണം, ദൈവത്തിന്റെ നാമം ഉച്ചരിക്കുന്നതിന് അവർക്കു ഭയമായിരുന്നു. ‘യാഹ്‌വേ’ എന്നതിൽനിന്നാണ് ‘യെഹോശ്വ’ എന്ന നാമം ഉണ്ടായത് എന്നും പറയപ്പെടുന്നുണ്ട്. ദൈവത്തോട് അടുത്തുനില്ക്കുന്ന ജോഷ്വായും ദൈവം തന്നെയായ ഈശോയും ദൈവത്തെക്കുറിച്ചുള്ള നിരന്തര ഓർമ നമ്മിൽ ഉണർത്തുന്നു. പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി പിതാക്കന്മാരോടു സംസാരിച്ച ദൈവം, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി നമ്മോടു സംസാരിക്കുന്നു. (ഹെബ്രാ. 1:1–2). ദൈവസാന്നിധ്യത്തിന്റെ നൈരന്തര്യം ഒരുകാലത്ത് മനുഷ്യരുടെയിടയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂടെയായിരുന്നെങ്കിൽ ഇപ്പോളത് ദൈവപുത്രനായ ഈശോമിശിഹായിലാണ്.

‘ദൈവമായ കർത്താവ് കൂടെയുണ്ട്’ എന്ന പ്രസ്താവനയോടൊപ്പം നിരന്തരം ചേർത്തു കാണുന്ന ഒന്നാണ് ‘ഭയപ്പെടേണ്ട’ എന്ന ആശ്വാസവചനം (നിയമ. 31:6; ഏശ. 41:10). സർവശക്തനും അപരിമേയനുമായ ദൈവത്തിന്റെ സാന്നിധ്യം ഭയം ജനിപ്പിക്കുന്നതാണെന്നു പഴയനിയമത്തിൽ നാം കാണുന്നുണ്ട് (പുറ. 19,16:20,18).

പാപം ചെയ്യാതിരിക്കാൻ ജനത്തിൽ ദൈവഭയം ഉണ്ടാകുന്നതിനുവേണ്ടിയാണു ഭയപ്പെടുത്തുന്ന സാഹചര്യത്തിൽ ദൈവം ജനത്തിനുമുന്നിൽ വരുന്നതെന്നു മോശ ജനത്തെ സാന്ത്വനിപ്പിക്കുന്നു (പുറ. 20:20). പാപം ചെയ്യുമ്പോഴാണ് മനുഷ്യസഹജമായ ഭയം ഉണ്ടാകുന്നതെന്നു വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (ഉത്പ. 3:12). ദൈവത്തോടുള്ള ബന്ധം നഷ്ടപ്പെട്ടുപോകുമ്പോൾ ഒറ്റയ്ക്കുനിൽക്കാൻ കഴിയാതെ മനുഷ്യനുണ്ടാകുന്ന ശൂന്യതയാണ് ഭയത്തെ സൃഷ്ടിക്കുന്നത്. കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ മരണം എന്ന വലിയ ഭയമാണ് അനുദിനജീവിതത്തിലെ ചെറിയ ഭയങ്ങളെ സൃഷ്ടിക്കുന്നത്. ഉദാഹരണത്തിന്, പനി കലശലായാൽ വൈദ്യശുശ്രൂഷ തേടുന്നത് പനിമൂലം മരിക്കും എന്ന ഭയമുള്ളതുകൊണ്ടാണല്ലോ. ഏറ്റവും ശക്തമായ ഭയം മരണഭയമാണ്. ഈ മരണം ഉണ്ടായതാകട്ടെ, അനുസരണക്കേടും അതിൽനിന്നുരുവായ പാപം നിമിത്തവും.

ദൈവത്തിന്റെകൂടെ നടന്നിരുന്ന ആദ്യമനുഷ്യൻ, മരണത്തെക്കുറിച്ചുള്ള ചിന്തയില്ലാതിരുന്നവൻ അനുസരണക്കേടിൽനിന്നുള്ള പാപത്താൽ മരണത്തിന് അർഹനായിത്തീരുന്നു. ദൈവം കൂടെ നടക്കുന്നുണ്ടെങ്കിലും അവന് ആ സ്നേഹത്തെ, ചൈതന്യത്തെ അനുഭവിക്കാനാവുന്നില്ല. രക്ഷാകരപദ്ധതയിൽ കൂടെനടക്കുന്ന ദൈവത്തെ ജനത്തിനു മനസ്സിലാക്കിക്കൊടുക്കുക എന്നത് ദൈവത്തിന്റെതന്നെ പ്രധാന ദൗത്യമായി മാറുന്നു. മോശയിലൂടെയും ജോഷ്വായിലൂടെയും താൻ ജനത്തിന്റെകൂടെയുണ്ട് എന്ന വലിയ ആശ്വാസമാണു ദൈവം നല്കുന്നത്. അതുകൊണ്ടാണ് ‘ദൈവമായ കർത്താവാണ് നിങ്ങളുടെകൂടെയുള്ളത്’ എന്ന ഉറപ്പോടുകൂടി ‘ഭയപ്പെടേണ്ട’ എന്ന ആശ്വാസവചനം ദൈവം പറയുന്നത്.



ഭയത്തിന്റെയും അരക്ഷിതാവസ്ഥയുടെയും അവസ്ഥകളെ ഇല്ലാതാക്കുന്ന ദൈവമായ കർത്താവാണ് ജനത്തിന്റെ വലതുകൈ ചേർത്തുപിടിച്ചിരിക്കുന്നതെന്ന് ആവർത്തിക്കുന്ന ദൈവത്തെയാണ് ഏശയ്യാ പ്രവാചകനും ഏറ്റുപറയുന്നത് (ഏശ. 41:8–16). ‘ഇസ്രായേലിന്റെ പരിശുദ്ധനാണ് നിന്റെ രക്ഷകൻ’ എന്ന പ്രവചനം ‘ഈശോ എന്ന നാമത്തിന്റെ അർത്ഥതലങ്ങളിലേക്കുള്ള സൂചനകൂടിയാണ്. ഈശോമിശിഹാതന്നെയാണ് ഇസ്രായേലിന്റെ രക്ഷകനെന്ന് ഈശോയുടെ കാലത്തുള്ള യഹൂദർക്കു മനസ്സിലാക്കാനുള്ള പ്രവചനം കൂടിയാണത്.

ഇസ്രായേലിന്റെ ദൈവത്തിലുള്ള വിശ്വാസം പുതിയനിയമത്തിൽ ഈശോയാകുന്ന ദൈവത്തിന്റെ പുത്രനിലേക്കു വളരുന്ന വചനഭാഗമാണ് ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ എഴുതുന്നത് (ഫിലി. 3:4–16).

നിയമാവർത്തനത്തിലും ഏശയ്യാ പ്രവചനത്തിലും ദൈവം കൂടെ വസിക്കുന്ന ജനത്തെയാണു കാണുന്നതെങ്കിൽ പുതിയനിയമത്തിലാകട്ടെ ദൈവം കൂടെ വസിക്കുന്നു എന്നുപറഞ്ഞാൽ അത് ഈശോമിശിഹാ കൂടെ വസിക്കുന്നു എന്നതായി ആഴപ്പെടുന്നു. “ഇത് മിശിഹായെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ” (ഫിലി. 3:9). മനുഷ്യനായിപ്പിറന്ന ദൈവം പിന്നീട് മനുഷ്യന്റെകൂടെയാണ്, അവന്റെ സങ്കടങ്ങളും സന്തോഷങ്ങളും നേട്ടങ്ങളും കോട്ടങ്ങളും ദൈവത്തിന്റെയും മനുഷ്യന്റെയുമാണ്. ‘ഭയപ്പെടേണ്ട’ എന്നു വീണ്ടും ദൈവം പറയുന്നത് (മർക്കോ. 5:36; ലൂക്കാ. 12:32; മത്താ. 6:34; മർക്കോ. 6:50) പ്രവാചകൻമാരിലൂടെയല്ല, ദൈവംതന്നെയാണ്.

കൂടെയായിരിക്കുന്ന ദൈവത്തെ സുവിശേഷകനായ മർക്കോസ് ശ്രദ്ധിക്കുന്നുണ്ട് (മർക്കോ. 3:7–19). സുവിശേഷത്തിന്റെ ഒന്നാംഭാഗത്ത് ഈശോയാകുന്ന ദൈവം ശിഷ്യന്മാരാകുന്ന ജനത്തിന്റെകൂടെ നടക്കുന്നതാണു നാം കാണുന്നത്. “ഈശോ ശിഷ്യന്മാരോടുകൂടി കടൽത്തീരത്തേക്കു പോയി’’ (3:7a). തുടർന്ന്, ദൈവം തന്റെ ജനത്തിന്റെ മധ്യത്തിൽ എങ്ങനെയായിരിക്കുന്നുവെന്നു സുവിശേഷഭാഗം തെളിയിക്കുന്നു. “ഈശോ വലിയ ജനക്കൂട്ടത്തിന്റെ നടുവിലായിരുന്നു, ആൾത്തിരക്കിൽ ഞെരുങ്ങിയിരുന്നു. രോഗമുണ്ടായിരുന്നവരെല്ലാം അവനെ സ്പർശിക്കാൻ തിക്കിത്തിരക്കിക്കൊണ്ടിരുന്നു.’’ തന്റെ ജനത്തിന്റെ കൂടെ ആയിരിക്കുന്ന സമയം ദൈവം ആസ്വദിക്കുകയാണ്.

സുവിശേഷത്തിന്റെ രണ്ടാം ഭാഗത്തു തന്നോടുകൂടെയായിരിക്കാൻ ജനത്തെ ക്ഷണിക്കുന്ന ദൈവത്തെ നാം കാണുന്നു. ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നതുവഴി ദൈവജനത്തിന്റെ പ്രതിനിധികളായി തന്നോടൊത്തായിരിക്കാൻ ദൈവം എല്ലാവരെയും വിളിക്കുന്നു. തന്റെ ജനത്തിന്റെ കൂടെയല്ലാത്ത ഒരവസ്ഥയെപ്പറ്റി സ്നേഹമായ ദൈവത്തിനു ചിന്തിക്കാനാവില്ല. അതിന്റെ പൂർണതയിൽ, എന്നും നമ്മോടൊത്തായിരിക്കാൻ അവൻ വി. കുർബാന സ്ഥാപിച്ചു. ‘ദൈവം നമ്മോടുകൂടെ’ എന്നർത്ഥമുള്ള ‘ഇമ്മാനുവേൽ’ എന്ന് അവൻ വിളിക്കപ്പെടും. അതേ, ദൈവം നമ്മുടെകൂടെയാണ്, നമ്മുടെ വലതുകരം പിടിച്ചിരിക്കുന്നത് അവനാണ്. ‘‘മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല” (സങ്കീ. 23:4).

■

# തൊഴിലിടങ്ങളിൽ സ്ത്രീകൾ സുരക്ഷിതരോ?

## ജോലിസ്ഥലത്തെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം (തടയലും നിരോധനവും പരിഹാരവും) നിയമം 2013



**അഡ്വ. സി. ലിനറ്റ് ചെറിയാൻ SKD**

**ജോ**ലിസ്ഥലത്തു സ്ത്രീകൾ നേരിടുന്ന പീഡനങ്ങൾ തടയുന്നതിനു പരിഹാര മാർഗങ്ങൾ നിർദേശിച്ചുകൊണ്ടും കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ നിയമമാണ് 'ജോലിസ്ഥലത്തെ സ്ത്രീകൾക്കെതിരേയുള്ള ലൈംഗികപീഡനം (തടയലും നിരോധനവും പരിഹാരവും) നിയമം 2013.'

വീട്ടിൽ മാത്രമല്ല തൊഴിലിടങ്ങളിലും പല സ്ത്രീകളും സുരക്ഷിതരല്ല. തൊഴിൽ നഷ്ടപ്പെട്ടാലോ എന്നു ഭയന്ന് ഇക്കാര്യം പുറത്തുപറയാത്തവരാകും അധികവും. 1997 ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം തൊഴിൽസ്ഥലത്തു സ്ത്രീകൾ അനുഭവിക്കുന്ന ലൈംഗികപീഡനങ്ങൾ തടയുന്നതു ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. തൊഴിലിടങ്ങളിലെ സ്ത്രീകളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനുമുള്ള മാർഗരേഖകൾ തൊഴിൽ സ്ഥാപനങ്ങൾ വിജ്ഞാപനം ചെയ്തിരിക്കണം. സ്വകാര്യതൊഴിലുടമകൾക്കും ഈ വിധി ബാധകമാണ്. മേലുദ്യോഗസ്ഥരിൽനിന്നോ സഹപ്രവർത്തകരിൽ നിന്നോ ഉള്ള ലൈംഗികപീഡനങ്ങൾ, ലൈംഗികച്ചുവയുള്ള വാക്ക്, നോട്ടം, സ്പർശം, തുടങ്ങിയവയിൽ നിന്ന് സ്ത്രീകൾക്കു സംരക്ഷണം നൽകാൻ ഈ നിയമത്തിലൂടെ സാധിക്കും. ഒരു സ്ത്രീ നേതൃത്വം നൽകുന്നതും പകുതിയിലധികം അംഗങ്ങളും സ്ത്രീകളായിരിക്കുന്നതുമായ സമിതിയെ അന്വേഷണത്തിനു നിയോഗിക്കണമെന്നും സുപ്രീം കോടതിയുടെ വിധിന്യായത്തിൽ നിർദേശമുണ്ട്.



ലൈംഗികസ്വഭാവമുള്ള ശാരീരിക നീക്കങ്ങളും സ്പർശനങ്ങളും, ലൈംഗികാഭിമുഖ്യം ആവശ്യപ്പെടുക, ലൈംഗികച്ചുവയുള്ള സംഭാഷണങ്ങൾ, ലൈംഗികച്ചുവയുള്ള ചിത്രങ്ങൾ കാണിക്കൽ, തുടങ്ങിയ സ്വാഗതാർഹമല്ലാത്ത എല്ലാ നീക്കങ്ങളും പ്രവൃത്തികളും ലൈംഗികപീഡനം എന്ന കൃത്യത്തിൽ പെടുമെന്നും ഈ നിയമം അനുശാസിക്കുന്നു. ലൈംഗികപീഡനവുമായി ബന്ധപ്പെട്ട പ്രവൃത്തികളും പെരുമാറ്റങ്ങളും ലൈംഗികപീഡന കുറ്റകൃത്യമായി കണക്കാക്കുന്ന സന്ദർഭങ്ങൾ ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത്, സ്ത്രീജോലിക്കാരുടെ ജോലിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ മുന്തിയ പരിഗണന വാഗ്ദാനം ചെയ്യൽ, ജോലിക്കു ഹാനികരമായേക്കാവുന്ന പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ഭീഷണികൾ, നിലവിലുള്ളതോ ഇനി കിട്ടാൻ പോകുന്നതോ ആയ സ്ഥാനമാനങ്ങളുമായി ബന്ധപ്പെട്ട പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ഭീഷണികൾ, സ്ത്രീജോലിക്കാരുടെ ജോലിയിലുള്ള അനാവശ്യമായ ഇടപെടലുകൾ, ജോലിക്കു പ്രതികൂലമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്ന പ്രവൃത്തികളും പെരുമാറ്റങ്ങളും സ്ത്രീജോലിക്കാരുടെ ആരോഗ്യത്തെയും സുരക്ഷിതത്വത്തെയും ബാധിക്കുന്ന അപമാനകരമായ പ്രവൃത്തികളും എന്നിവയെല്ലാം ലൈംഗികപീഡനമെന്ന കുറ്റകൃത്യമായി കണക്കാക്കുന്നതാണ്.

സ്ത്രീകളുടെ അന്തസ്സിനെ പ്രകോപിപ്പിക്കാനുള്ള ഉദ്ദേശ്യത്തോടെ സ്ത്രീയെ ആക്രമിക്കുന്നത് വകുപ്പ് 354 കൈകാര്യം ചെയ്യുന്നു. ഒരു സ്ത്രീയുടെ അന്തസ്സിനെ പ്രകോപിപ്പിക്കാൻ ഏതെങ്കിലും വ്യക്തി ശ്രമിക്കുകയാണെങ്കിൽ അയാൾക്ക് ഒരു വർഷത്തിൽ കുറയാത്ത തടവുശിക്ഷ അനുഭവിക്കേണ്ടിവരും. അത് അഞ്ചു വർഷംവരെ പിഴയും തടവും രണ്ടും കൂടിയുമായേക്കാം. സ്ത്രീയുടെ അന്തസ്സിനെ പ്രകോപിപ്പിക്കുന്നതെന്താണെന്ന് ഐപിസി പ്രകാരം പ്രത്യേകമായി നിർവചിച്ചിട്ടില്ല. എന്നിരുന്നാലും, വിവിധ കേസുകളിൽ കോടതി ഇതു വ്യാഖ്യാനിച്ചു. ഉദാഹരണത്തിന്, ഒരു സ്ത്രീയെ അവളുടെ നിതംബത്തിൽ അടിക്കുക, ലൈംഗികത ആവശ്യപ്പെടുക, അവളെ വഴിതടസ്സപ്പെടുത്തുക തുടങ്ങിയവ ഇതിൽപ്പെടുന്നവയാണ്.

### ലൈംഗികപീഡനം (വകുപ്പ് 354 എ)

ജോലിസ്ഥലത്തെ ലൈംഗികപീഡനം സംബന്ധിച്ച സുപ്രീംകോടതിയുടെ വിധിന്യായത്തിലാണ് ഈ പുതിയ വ്യവസ്ഥ ആരംഭിച്ചത്. ക്രിമിനൽ നിയമ (ഭേദഗതി) ആക്റ്റ്, 2013 പ്രകാരം, ഐപിസിയിൽ സെക്ഷൻ 354 എ ഉൾപ്പെടുത്തി, അത് 'ലൈംഗിക പീഡനം' എന്ന കുറ്റത്തെ നിർവചിക്കുകയും അതിനു ശിക്ഷ നൽകുകയും ചെയ്യുന്നു. വകുപ്പ് 354 എ അനുസരിച്ച്, ഇനിപ്പറയുന്ന സാഹചര്യങ്ങളിൽ ഒരു സ്ത്രീക്കെതിരായ ലൈംഗികപീഡനത്തിന് ഒരാൾ കുറ്റക്കാരനാകും:

അയാൾ ശാരീരികബന്ധമുണ്ടാക്കുകയും ഇഷ്ടപ്പെടാത്തതും സ്പഷ്ടവുമായ ലൈംഗികപ്രവൃത്തികൾ നടത്തുകയും ചെയ്താൽ.

1. ലൈംഗിക ആനുകൂല്യങ്ങൾക്കായുള്ള ആവശ്യങ്ങൾ അല്ലെങ്കിൽ അഭ്യർത്ഥനകൾ.
2. ഒരു സ്ത്രീയുടെ ഇച്ഛയ്ക്കു വിരുദ്ധമായി അശ്ലീലസാഹിത്യം കാണിക്കുന്നു.
3. ലൈംഗികച്ചുവയുള്ള പരാമർശങ്ങൾ നടത്തുക.

### ഒരു സ്ത്രീയെ വസ്ത്രാക്ഷേപം നടത്തൽ (വകുപ്പ് 354 ബി)

354 ബി വകുപ്പ് ഒരു സ്ത്രീയെ ആക്രമിക്കുകയോ ബലപ്രയോഗം നടത്തുകയോ അല്ലെങ്കിൽ അവളെ നഗ്നയാക്കാൻ പ്രേരിപ്പിക്കുകയോ ചെയ്താൽ മൂന്നു വർഷത്തിൽ കുറയാത്തതും ഏഴു വർഷംവരെയോ ഉള്ള ശിക്ഷ ലഭിക്കാം. ഇത് ലിംഗ നിർദ്ദിഷ്ട കുറ്റമാണ്, അതായത്, ഈ വകുപ്പുപ്രകാരം പുരുഷനെ മാത്രമേ ശിക്ഷിക്കാനാവൂ.

### ഒളിഞ്ഞുനോട്ടം (വകുപ്പ് 354 സി)

2012 ലെ നിർഭയ ബലാത്സംഗക്കേസിനുശേഷമാണ് ഈ കുറ്റം നിലവിൽ വന്നത്. ഇത് സെക്ഷൻ 354 സി, ഐപിസി പ്രകാരം പരാമർശിച്ചിരിക്കുന്നു. ഈ വ്യവസ്ഥ രണ്ടു വ്യത്യസ്ത ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാമതായി, ഒരു വ്യക്തി ഏതെങ്കിലും സ്വകാര്യപ്രവൃത്തിയിൽ ഏർപ്പെടുന്ന സ്ത്രീയുടെ ചിത്രം കാണുമ്പോഴോ പിടിച്ചെടുക്കുമ്പോഴോ. രണ്ടാമതായി, ആ വ്യക്തി അത്തരം ചിത്രം പ്രചരിപ്പിക്കുമ്പോഴോ. ആദ്യകുറ്റത്തിന് ഒരു വർഷത്തിൽ കുറയാത്ത തടവും മൂന്നുവർഷംവരെയും പിഴയും ലഭിക്കാം. രണ്ടാമത്തെ കുറ്റത്തിന് മൂന്നു വർഷത്തിൽ കുറയാത്ത തടവും ഏഴു വർഷം വരെയും പിഴയും ലഭിക്കാം.

സെക്ഷൻ 509. ശാരീരികശക്തി ഉപയോഗിക്കാതെ വാക്കാലും, ആംഗ്യം കാണിക്കുകയോ പ്രവർത്തിക്കുകയോ അല്ലെങ്കിൽ അത്തരം സ്ത്രീയുടെ സ്വകാര്യതയിലേക്കു നുഴഞ്ഞുകയറുകയോ ചെയ്യുകയാണ് ഈ കുറ്റകൃത്യത്തിൽ. സെക്ഷൻ 509 പ്രകാരം കുറ്റം ചെയ്യുന്ന ഏതൊരു വ്യക്തിക്കും മൂന്നു വർഷത്തേക്കു പിഴയോടുകൂടിയ തടവു ശിക്ഷ ലഭിക്കും.

### വിശാഖ ആൻഡ് അദേഴ്സ് / ദി സ്റ്റേറ്റ് ഓഫ് രാജസ്ഥാൻ.

രാജസ്ഥാൻ സർക്കാരിന്റെ ഗ്രാമവികസനപരിപാടിയിൽ സാമൂഹിക പ്രവർത്തകയായി ജോലി ചെയ്തിരുന്ന ദളിത് സ്ത്രീയായിരുന്ന ഭൻവാരി ദേവി, 1992 ൽ കൂട്ടബലാത്സംഗത്തിനിരയായി. ഈ കേസ് ജോലിസ്ഥലത്തെ ലൈംഗികാതിക്രമത്തിനെതിരായുള്ള നിയമനിർമാണത്തിനു കാരണമായി അടിസ്ഥാനം സ്ഥാപിച്ചു (1997).

ഇത് ഇന്ത്യയിലെ തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമത്തിന്റെ വ്യാപ്തി തുറന്നുകാട്ടുന്നു.

2013 ഡിസംബർ 9 ന് ഈ നിയമം പ്രാബല്യത്തിൽ വന്നു. പല തരത്തിലുള്ള ലൈംഗികാതിക്രമങ്ങളും ഒരു സ്ത്രീക്ക് അത് എങ്ങനെ റിപ്പോർട്ടു ചെയ്യാം എന്നതും ഉൾക്കൊള്ളുന്നതിനാൽ ഈ നിയമം നിർണായകമാണ്.

പത്തിലധികം തൊഴിലാളികളുള്ള ഏതെങ്കിലും കോർപ്പറേഷനോ ഓർഗനൈസേഷനോ ലൈംഗികാതിക്രമപരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനുമായി ഒരു ഇന്റേണൽ അലെഗേഷൻ കമ്മിറ്റി രൂപീകരിക്കാൻ ആവശ്യപ്പെടുന്നു എന്നതാണ് ഈ ആക്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. പത്തിൽ താഴെ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ഓരോ ജില്ലയിലും ലോക്കൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാൻ ജില്ലാ ഓഫീസറെ ഈ നിയമം ചുമതലപ്പെടുത്തുന്നു.

### പരാതി നൽകുന്നതിനുള്ള നടപടിക്രമം

ലൈംഗികാതിക്രമത്തിന് ഇരയായ ഒരു സ്ത്രീ ഐസിസിയിൽ രേഖാമൂലം പരാതി നൽകേണ്ട കാലയളവ്

ലൈംഗികാതിക്രമം നടന്ന തീയതി മുതൽ മൂന്നു മാസത്തിനും അത്തരം അപകടങ്ങളുടെ ഒരു പരമ്പരയുടെ കാര്യത്തിൽ അത്തരം അവസാന സംഭവത്തിൽ നിന്ന് മൂന്നു മാസത്തിന് ഉള്ളിലുമാണ്. തേജീന്ദർ കൗർ/UOI പ്രകാരം, നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ പരാതി രജിസ്റ്റർ ചെയ്യാൻ സ്ത്രീക്കു കഴിയുന്നില്ല എന്നു തെളിയിക്കാൻ കഴിയുമെങ്കിൽ സമയപരിധി നീട്ടാവുന്നതാണ്. പീഡനത്തിനിരയായ സ്ത്രീക്ക് മാനസികമായോ ശാരീരികമായോ കഴിവില്ലെങ്കിൽ, അവളുടെ നിയമപരമായ അവകാശികൾക്ക് അവൾക്കുവേണ്ടി പരാതി സമർപ്പിക്കാം.

ജോലിസ്ഥലത്തെ ലൈംഗികാതിക്രമം സഹിഷ്ണുതയില്ലാത്ത നയമാക്കുക.

അനുചിതമായ പെരുമാറ്റം എങ്ങനെ കണ്ടെത്താമെന്നും പ്രതികരിക്കാമെന്നും നിങ്ങളുടെ തൊഴിലാളികളെയും മാനേജർമാരെയും കമ്മിറ്റിയെയും പഠിപ്പിക്കുക. ഒരു തുറന്ന വാതിൽ നയം നിലനിർത്തുക!

# രോഗവും സഹനവും രക്ഷാകരമാകുമ്പോൾ



ഡോ. ജോർജ് തയ്യിൽ

മനുഷ്യന്റെ സന്തുഷ്ടമായ ലോകത്തിലേക്കു ചിലപ്പോൾ സംഹാരശക്തിയോടെ കടന്നുവരുന്ന രോഗങ്ങൾ വാസ്തവത്തിൽ എന്താണ്? ഒരർത്ഥത്തിൽപ്പറഞ്ഞാൽ വികലമായ ജീവിതശൈലിയുടെ അതിപ്രസരവും രോഗപ്രതിരോധശക്തിയുടെ ശോഷണവും പ്രകടമാകുന്ന ഒരു ശരീരം തീറെഴുതിവാങ്ങുന്ന സ്വത്താണ് രോഗം. രോഗം ഒരു തിന്മയോ ശാപമോ ആയി കരുതപ്പെടുന്ന അവസരങ്ങൾ ഏറെയുണ്ട്. 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ ഒ.വി. വിജയൻ വസൂരിയെ തിന്മയുടെ പ്രതീകമായി പ്രതിഷ്ഠിക്കുന്നു. സ്നേഹരഹിതമായ ഒരു ലോകത്തിന്റെ നേരേയുള്ള പകയും അവജ്ഞയുമായി രോഗം പ്രത്യക്ഷപ്പെടുന്നു. മനുഷ്യരിൽനിന്ന് നന്മകൾ എടുത്തുകളയുന്ന ഒരു പ്രതിഭാസമായി വസൂരിരോഗത്തെ കാക്കനാടൻ വർണിക്കുന്നുണ്ട്.

രോഗത്തെ തിന്മയായും ശാപമായും വിശേഷിപ്പിച്ച ഒരു കൂട്ടം എഴുത്തുകാർ ഒരു വശത്തു നിൽക്കുമ്പോൾ, തങ്ങളെ നാശത്തിലേക്കു വലിച്ചിഴയ്ക്കാനുണ്ടായ രോഗത്തെ സർഗസൃഷ്ടിയുടെ പ്രചോദനലഹരിയായി ഷെല്ലിയും കീറ്റ്സും ബ്രോണ്ടിയും ചെഖോവും ചങ്ങമ്പുഴയുമൊക്കെ കണ്ടു. രോഗം ആത്മീയമായ വെളിപാടുകൾക്കു കാരണമായിത്തീരുമെന്ന് എത്രയെത്ര ജ്ഞാനികൾ തങ്ങളുടെ രചനകളിലൂടെ തെളിയിച്ചുകഴിഞ്ഞു! നൈരാശ്യത്തിൽനിന്ന് നൂതനസൗന്ദര്യദർശനം തന്നെ ഉറവെടുക്കുന്നു.

ഇതിൽനിന്നൊക്കെ തികച്ചും വിരുദ്ധമായ മറ്റൊരു ദർശനധാരയാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ കാഴ്ചവയ്ക്കുന്നത്. ഒരു ദുരവസ്ഥയായിട്ടല്ല പാപ്പാ രോഗത്തെ വീക്ഷിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടിപരിപാലനകർമത്തിൽ സമ്പൂർണമായി സായുജ്യമടയാൻ മനുഷ്യർക്കു ലഭിക്കുന്ന ഒരപൂർവാവസരമാണ് രോഗാവസ്ഥയെന്ന് അദ്ദേഹം മനസ്സിലാക്കുന്നു. മനുഷ്യനെ ദൈവത്തോടു കൂടുതലടുപ്പിക്കുന്ന ഒരപൂർവാവസരം. ഒരു നാണയത്തുട്ടിന്റെ ഇരുവശങ്ങൾ പോലെയാണ് സുഖവും ദുഃഖവും. ഒന്നില്ലാതെ മറ്റൊന്നിന് അസ്തിത്വമില്ല. കഷ്ടതകളും ബുദ്ധിമുട്ടുകളും മനുഷ്യസഹജമാണെന്നർത്ഥം.

സഹനത്തിൽനിന്ന് ഒളിച്ചോടുമ്പോളല്ല; മറിച്ച്, അതിനെ സ്വീകരിക്കാനുള്ള പ്രാപ്തി നേടുമ്പോഴാണ് സൗഖ്യം ഉണ്ടാകുന്നതെന്ന് ബെനഡിക്ട് പതിനാറാമൻ പാപ്പാ അടിവരയിട്ടു പ്രസ്താവിക്കുന്നു.

ശാരീരികമായ സുഖപ്പെടലിനെയും ശരീരത്തിന്റെയും ആത്മാവിന്റെയും സമഗ്രമായ സൗഖ്യത്തെയും ബെനഡിക്ട് പതിനാറാമൻപാപ്പാ രണ്ടായിക്കാണുന്നു. ദൈവം നൽകുന്ന സൗഖ്യമെന്നത് ശാരീരികം മാത്രമല്ല, ആത്മീയമായ പൊരുളും അതിലുൾക്കൊള്ളുന്നു. ഒരു വിശ്വാസിയുടെ ആത്മാവിന്റെ രക്ഷയാണ് ദൈവമാഗ്രഹിക്കുന്നത്. യേശു രോഗികളോട് വിശ്വസിക്കാൻ ആവശ്യപ്പെടുന്നുണ്ട്. വിശ്വാസത്തിലൂടെയുണ്ടാകുന്ന രോഗസൗഖ്യം സമഗ്രമാകുന്നു. അങ്ങനെ ദൈവത്തെ അന്വേഷിക്കുന്നതിനും അവിടേക്കു തിരിച്ചുപോകുന്നതിനും രോഗം പ്രേരകമാകുന്നു. 2007 ൽ ബെനഡിക്ട് പാപ്പാ നടത്തിയ ആൻജെലസ് പ്രഭാഷണത്തിൽ, ലൂക്കായുടെ സുവിശേഷം ഉദ്ധരിച്ചുകൊണ്ട് യേശു പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തിയത് വിവരിക്കുന്നു. സുഖപ്പെട്ടവരിൽ ഒരാൾ മാത്രമാണ് യേശുവിനോടു നന്ദി പറയാൻ വന്നത്. ‘‘യേശു ചോദിച്ചു: പത്തുപേരല്ലേ സുഖപ്പെട്ടത്? ബാക്കി ഒൻപതുപേരെവിടെ? ഈ വിജാതീയനല്ലാത മറ്റാർക്കും തിരിച്ചുവന്നു ദൈവത്തെ മഹത്ത്വപ്പെടുത്തണം എന്നു തോന്നിയില്ലേ? അനന്തരം, യേശു അവനോടു പറഞ്ഞു: എഴുന്നേറ്റു പൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു” (ലൂക്കാ. 17:11–19).

ജീവിതത്തിലെ ഐശ്വര്യവും സമ്പദ്സമൃദ്ധിയും ഉയർച്ചയും മാത്രം ദൈവാനുഗ്രഹങ്ങളായി കണ്ടാൽപ്പോരാ, രോഗങ്ങളും ദുഃഖങ്ങളും സാമ്പത്തികത്തകർച്ചയുമെല്ലാം ദൈവാനുഗ്രഹത്തിന്റെ സന്ദേശമറിയിക്കാനുള്ള ദൂതന്മാരാണെന്നു മനസ്സിലാക്കണം. മനുഷ്യരൂപംകൊണ്ട ദൈവത്തിന്റെ ഇഹലോകവാസം സുഖങ്ങൾ മാത്രം നിറഞ്ഞതായിരുന്നില്ല; സുഖങ്ങളെക്കാളേറെ കഷ്ടതകൾ നിറഞ്ഞതായിരുന്നു. ജന്മനാൾതൊട്ട് കുരിശുമരണംവരെ ദൈവമനുഷ്യൻ മനുഷ്യക്രൂരതയുടെ മുൾവഴികളിലൂടെ സഞ്ചരിച്ചു. ദൈവപുത്രനു വിധിച്ചത് അതാണെങ്കിൽ മനുഷ്യരുടെ കാര്യം എന്തിനു പറയണം?

രോഗവും സഹനവും മനുഷ്യമഹത്ത്വം തിരസ്കരിക്കുകയോ അവമതിക്കുകയോ ചെയ്യുന്ന ശാപമോ തിന്മയോ അല്ല, മനുഷ്യനെ വിശുദ്ധീകരിക്കുന്ന അഗ്നിനാളങ്ങളാണ്.

ക്രൈസ്തവവിശ്വാസത്തിന്റെ ആധാരശിലയായ ബൈബിൾ ഇതിന് സമുചിതമായ വിശദീകരണം നൽകുന്നു: “വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക, ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവെടിയരുത്. എന്തെന്നാൽ, സ്വർണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും” (പ്രഭാഷകൻ 2:4–5). ദൈവത്തെ അന്വേഷിക്കുന്നതിനും അവിടുന്നിലേക്കു തിരിച്ചുപോകുന്നതിനും രോഗവും പീഡകളും പ്രേരകമാകുന്നുവെന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നു. രോഗപീഡകൾ ക്രിസ്തുവിന്റെ സഹനത്തോടു ചേർത്തു സമർപ്പിക്കണമെന്നു മാത്രം. അപ്പോഴാണ് അവ രക്ഷാകരമാകുന്നത്. ബെനഡിക്ട് പാപ്പാ ഈ വസ്തുതതയ്ക്ക് പുതിയ നിർവചനങ്ങൾ നൽകിയിട്ടുണ്ട്. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ബെനഡിക്ട് പാപ്പാ ഉദ്ധരിക്കുന്നു: “അവനോടൊപ്പം ഒരിക്കൽ മഹത്ത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു” (റോമ. 8:17).

ആഴമേറിയ ദൈവവിശ്വാസത്തിലേക്കു പ്രവേശിക്കുമ്പോൾ രോഗത്തോടും സഹനത്തോടുമുള്ള സമീപനം ഒരുപടി ഉയരുകയാണ്. ദൈവം തന്ന നന്മകൾക്കായി അവിടുത്തെ സ്തുതിക്കുന്നതുപോലെ നിരാശാജനകമായ ദുരന്താനുഭവങ്ങളും ദൈവത്തെ സ്തുതിക്കണമെന്ന കാഴ്ചപ്പാടുണ്ടാക്കുന്നു. ആകസ്മികമായ അത്യാഹിതങ്ങളും ദുര്യോഗങ്ങളും ഉണ്ടാകുമ്പോൾ, പലരും അതിനു കാരണക്കാരനെന്നു വിശ്വസിക്കുന്ന ദൈവത്തെ ശപിക്കുന്നു. എന്നാൽ, ദുരന്താനുഭവങ്ങളിലും ദൈവത്തിനു സ്തോത്രം പാടുന്നവരുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസം. വ്രണിതഹൃദയരായ അവരുടെ ദുരന്തത്തോടുള്ള പ്രതികരണം സർഗാത്മകമാകുന്നു. ഏതു തകർച്ചയിലും മറ്റൊരു സൃഷ്ടികർമം നടക്കുന്നുവെന്ന് അവർ ദൃഢമായി വിശ്വസിക്കുന്നു. നാം ആഗ്രഹിക്കുന്നതു സംഭവിക്കുമ്പോൾ, നാം ഒരിക്കലും പ്രതീക്ഷിക്കാത്ത നന്മ അതിൽനിന്ന് ജന്മമെടുക്കുന്നതു കാണാൻ കഴിയും.

ഏറെ സങ്കീർണമായ ഒരു സൂക്ഷ്മമാപിനി ഉപയോഗിച്ച് ദൃഷ്ടിഗോചരമല്ലാത്ത ജൈവാപചയങ്ങളെ മനുഷ്യന്റെ ശാസ്ത്രവൈഭവം വേർതിരിച്ചുകാണുന്നു. എന്നാൽ, മനുഷ്യന്റെ മാന്ത്രികബുദ്ധിക്കും സൂക്ഷ്മാപിനിയുടെ അദ്ഭുതമിഴികൾക്കും അപ്രാപ്യമായ പലതും മനുഷ്യന്റെ രസതന്ത്രത്തിൽ ഒളിഞ്ഞുകിടപ്പുണ്ടെന്ന യാഥാർത്ഥ്യം പലർക്കുമറിയില്ല. ഹൃദയധമനിയിൽ തൊണ്ണൂറു ശതമാനം ബ്ലോക്കുള്ള, ഒരേ പ്രായവും ദൃഢതയും ഒരേ രോഗസ്വഭാവവുമുള്ള രണ്ടു വ്യക്തികളെ ഒരു കാർഡിയോളജിസ്റ്റ് ആൻജിയോപ്ലാസ്റ്റി ചെയ്യുന്നു. രണ്ടുപേരുടെയും രോഗസൗഖ്യം ഒരുപോലെ ആയിരിക്കുമെന്നു പ്രതീക്ഷിച്ചെങ്കിലും ഒരാൾ സുഖംപ്രാപിച്ച് മൂന്നു ദിവസങ്ങൾക്കുശേഷം ആശുപത്രി വിടുന്നു. രണ്ടാമത്തെയാളിലെ രോഗസൗഖ്യം ഏറെ സങ്കീർണമാകുന്നു. അയാൾക്കു വീണ്ടും നെഞ്ചുവേദനയും ഇ.സി.ജി.യിൽ വ്യതിയാനങ്ങളുമുണ്ടാകുന്നു. ഒരാഴ്ചയ്ക്കകം അയാൾ മരണപ്പെടുന്നു. ഇവിടെ എന്താണു സംഭവിക്കുന്നത്? വിദഗ്ധനായ ഒരു കാർഡിയോളജിസ്റ്റ് ഒരേ ആപത്ഘടകങ്ങളും രോഗസ്വഭാവവുമുള്ള രണ്ടു വ്യക്തികളിൽ ആൻജിയോപ്ലാസ്റ്റി ചെയ്യുന്നു. ചികിത്സാഫലം ഒന്നുപോലെയാകുമെന്നു പ്രതീക്ഷിക്കുന്നു. എന്നാൽ വൈരുദ്ധ്യാത്മകമായി, രണ്ടു ഫലങ്ങളാണുണ്ടാകുന്നത്.



രോഗാവസ്ഥയോടുള്ള രണ്ടു രോഗികളുടെയും സമീപനം തന്നെയായിരുന്നു ഇതിനു പ്രധാന കാരണം. അപരിമേയമായ മനഃശക്തിയോടെയും ശുഭപ്രതീക്ഷയോടെയും ആദ്യത്തെ വ്യക്തി രോഗത്തെ സമീപിച്ചപ്പോൾ, ഭയവും വിഷാദവും ഉത്കണ്ഠയും നൈരാശ്യവും നിറഞ്ഞ അശുഭചിന്തകളോടെ രണ്ടാമത്തെ രോഗി തന്നെ ബാധിച്ച ദീനത്തെ നോക്കിക്കണ്ടു. എന്തൊക്കെ ചെയ്താലും മുക്തി ലഭിക്കാത്ത ഒരു തീരാവ്യാധിയാണ് തന്നെ കീഴ്പ്പെടുത്തിയിരിക്കുന്നതെന്ന് അയാൾ ദൃഢമായി വിശ്വസിച്ചു. ശരീരത്തിന്റെ കടിഞ്ഞാണായ മനസ്സ് ദുർബലപ്പെട്ടപ്പോൾ ഹൃദയം തോറ്റുകൊടുത്തുവെന്നു മാത്രം. അയാൾ മരണം ക്ഷണിച്ചുവരുത്തിയെന്നു വേണമെങ്കിൽ പറയാം.

മനുഷ്യന്റെ വിശ്വാസങ്ങളും വികാരങ്ങളും ചിന്തകളും ശരീരകോശങ്ങളുടെ ജൈവഘടനയെയും ചയാപചയപ്രവർത്തനങ്ങളെയും മാറ്റിമറിക്കുന്നതായി ഗവേഷണനിരീക്ഷണങ്ങൾ തെളിയിക്കുന്നു. രോഗങ്ങളെ ചെറുത്തുതോല്പിക്കാൻ സഹായിക്കുന്ന മനുഷ്യശരീരത്തിലെ പ്രതിരോധസംവിധാനം ഉത്തേജിപ്പിക്കാൻ ആഴമേറിയ വിശ്വാസത്തിനും ചിന്തകളുടെ ഗതിവിന്യാസങ്ങൾക്കും കഴിയും. ശുഭകരമായ വികാരങ്ങളും നിഷേധാത്മകമായ ചിന്തകളും ശരീരത്തിന്റെ രോഗപ്രതിരോധസംവിധാനത്തിൽ കാതലായ വ്യതിയാനങ്ങൾ ഉണ്ടാക്കുന്നതായി ന്യൂറോ ഇമ്മ്യൂണോളജിയിൽ നടത്തിയിട്ടുള്ള ഗവേഷണങ്ങൾ തെളിയിക്കുന്നു. മനുഷ്യനിൽ നിലനിൽക്കുന്ന വിശ്വാസങ്ങൾക്കു രോഗങ്ങൾ സൃഷ്ടിക്കാനും ചെറുക്കാനും അനുകൂല സാഹചര്യങ്ങളിൽ സൗഖ്യത്തിലേക്കു നയിക്കാനും കഴിയുന്നു. അമേരിക്കയിലെ മെഡിക്കൽ ഫൗണ്ടേഷനിൽ നടത്തിയ നിരീക്ഷണങ്ങളിൽ സ്നേഹത്തിലും വിശ്വാസത്തിലും സംതൃപ്തിയിലുമിരിക്കുന്ന വ്യക്തികളുടെ രക്തപരിശോധനയിൽ ദോഷിയായ ലാക്റ്റിക് അമ്ലം കുറയുന്നതായും ഊർജസ്രോതസ്സായ എൻഡോഫിനുകളുടെ അളവു വർദ്ധിക്കുന്നതായും കണ്ടു. അതുമൂലം അക്കൂട്ടരുടെ ആരോഗ്യനിലവാരം സന്തുലിതമാകുന്നതായി തെളിഞ്ഞു.

രോഗചികിത്സയുടെ കാണാപ്പുറങ്ങളിലേക്കു സഞ്ചരിച്ചാൽ ഭിഷഗ്വരന്റെ മികവിനെയും ഔഷധങ്ങളുടെ ഫലപ്രാപ്തിയെയുംകാൾ ഉപരിയായി രോഗനിവാരണത്തിനുപിന്നിൽ പ്രവർത്തിക്കുന്ന ചില ഘടകങ്ങളുണ്ടെന്നു മനസ്സിലാകുന്നു. ശ്രീബുദ്ധൻ ഇങ്ങനെ പറയുന്നു: ‘‘ഓരോ മനുഷ്യന്റെയും സുഖവും ദുഃഖവും ആരോഗ്യവും സ്വന്തം ചിന്തയിൽനിന്നാണു വരുന്നത്; മനസ്സാണ് എല്ലാം. നിങ്ങൾ ചിന്തിക്കുന്നത് നിങ്ങളായിത്തീരുന്നു.”

ശരീരത്തെ കാർന്നുതിന്നുന്ന വ്രണങ്ങൾ മനസ്സിന്റെ മൂർച്ചകൊണ്ടു ചെത്തിക്കളഞ്ഞ എത്രയെത്ര മഹാവ്യക്തികളെ നമുക്കറിയാം. ജീവിതത്തിന്റെ നേരേയുള്ള ദൃഢപ്രതീക്ഷകൾ ഔഷധമാക്കിക്കൊണ്ടാണ് മനസ്സ് രോഗങ്ങൾ കീഴടക്കുന്നത്. അപ്പോൾ മനസ്സിന്റെ അനന്തശക്തിയും മൂർച്ചയും പതിന്മടങ്ങാകുന്ന ഊർജസ്രോതസ്സുകൂടിയാണ് രോഗം. 'ദി പവർ ഓഫ് യുവർ സബ്കോൺഷ്യസ് മൈൻഡ്' എന്ന വിഖ്യാതഗ്രന്ഥത്തിൽ ഡോ. ജോസഫ് മർഫി, മനസ്സാണ് വില്ലനും ഔഷധവുമെന്നു പ്രസ്താവിക്കുന്നു. രോഗമുണ്ടാക്കാനും രോഗമകറ്റാനും ഉപബോധമനസ്സിനു സാധിക്കുമെന്നദ്ദേഹം വിശദീകരിക്കുന്നു.

ചരക-സുശ്രുതങ്ങളിലെ സംസ്കാരംപോലെ ചികിത്സ യഥാർത്ഥത്തിൽ ഒരു പ്രാർത്ഥനയാണ്, തപസ്സാണ്. ശരീരത്തിനു മേലുള്ള രോഗത്തിന്റെ വന്യമായ അഹങ്കാരം നിഷ്പ്രഭമാക്കുന്ന പ്രാർത്ഥന. മനുഷ്യന്റെ സന്തുഷ്ടി കെടുത്തുന്ന രോഗത്തോടു വൈകാരികമായി രോഗി താദാത്മ്യം പ്രാപിച്ചുതുടങ്ങുന്നതോടെ രോഗശാന്തിപ്രക്രിയയിൽ പുതിയൊരു ദർശനം ഉറവെടുക്കുന്നു. ബോധമണ്ഡലത്തെ രോഗരഹിതമായി നിലനിർത്തി അതിന്റെ ക്രിയാത്മകതയിൽ ശരീരത്തെയും രോഗരഹിതമാക്കാമെന്ന് പുതിയ രോഗദർശനം വ്യക്തമാക്കുന്നു. ശാരീരികമാനസിക ഊർജസ്രോതസുകളെ പ്രോജ്ജ്വലമാക്കി മനുഷ്യനെ അനശ്വരതയുടെ ഔന്നത്യത്തിലേക്കു നയിക്കുന്നു.

■



സി. ഡോ. തെരേസ
നടുപ്പടവിൽ SABS

ഈശോമിശിഹായിൽനിന്ന് ‘പഠിപ്പിക്കുക’ എന്ന നിയോഗം ഏറ്റെടുത്തുകൊണ്ടാണ് (മത്താ 28:20) സഭ തന്റെ കെരിഗ്മ അഥവാ സുവിശേഷപ്രഘോഷണം സമാരംഭിച്ചത്. അപ്പസ്തോലന്മാർ തുടങ്ങി ഇന്നുവരെയുള്ള പ്രേഷിതരും വിശുദ്ധരുമായവരിലൂടെ സഭ ഈ ദൗത്യം നിർവഹിച്ചുവരുന്നു. കേരളസഭയും സുവിശേഷപ്രഘോഷണത്തോടു ബന്ധപ്പെടുത്തി, വിദ്യാഭ്യാസകാര്യങ്ങളിൽ അവളുടെ ശ്രദ്ധയും താത്പര്യവും പ്രകടമാക്കിയിട്ടുണ്ട്. ദൈവികജ്ഞാനത്താൽ നിറഞ്ഞ്, കേരളസമൂഹത്തിന്റെ ആത്മീയ, സാംസ്കാരിക, സാമ്പത്തികമേഖലകളെ മാത്രമല്ല, അവരെ ഭാഷാപരമായും വളർത്തിയ മിഷനറിമാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും നിരയിൽ പ്രമുഖസ്ഥാനം നേടിയ ഒരു മഹാത്മാവാണ്, ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമമെത്രാനും വിശുദ്ധ കുർബാനയുടെ ആരാധനാസഭാസ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി (1873–1925).

നാട്ടിലെ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനാർത്ഥം റോമിലയയ്ക്കപ്പെട്ട്, അവിടെ ഒമ്പതു വർഷത്തെ പഠനം പൂർത്തിയാക്കി, കുര്യാളശ്ശേരി ബഹു. തോമ്മാച്ചൻ വൈദികനായി 1899 ൽ തിരിച്ചെത്തുമ്പോൾ നാടിന്റെ നന്മയ്ക്കായി പ്രവർത്തിക്കാനുള്ള ആവേശവും ദർശനവും കൈമുതലാക്കിയിരുന്നു. അദ്ദേഹത്തിന്റെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും സുവിശേഷവത്കരണത്തിന്റെ സാർവത്രികതയും സാകല്യതയും വെളിപ്പെടുത്തിക്കൊണ്ട് സർവജനത്തോടുമുള്ള പ്രതിബദ്ധതയിൽ അടിയുറച്ചു. മാർ ചാൾസ് ലവീഞ്ഞു പിതാവ് വികാരി അപ്പസ്തോലിക്കയായിരുന്ന കാലത്ത്(1887–1896) സ്ഥാപിതമായ സെന്റ് ബെർക്കുമാൻസ് സ്കൂളിൽ ബോർഡിങ് റെക്ടറായി നിയമിതനായപ്പോൾ വിദ്യാഭ്യാസരംഗംതന്നെ അദ്ദേഹത്തിന്റെ പ്രഥമ പ്രേഷിതമേഖലയായി. തുടർന്ന്, ഇടവക പ്രേഷിതരംഗത്തു പ്രവർത്തിക്കുമ്പോഴും, ജനങ്ങളുടെ ആത്മീയവും ലൗകികവുമായ ഉന്നമനത്തിന് വിദ്യാഭ്യാസത്തെപ്പോലെ ഉപകരിക്കുന്ന ഉപാധികൾ വേറേയില്ലെന്നു മനസ്സിലാക്കുകയും സ്കൂൾ നടത്തിപ്പു സംബന്ധമായ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ചെയ്തു. 1911 ൽ, തന്റെ 38–ാമത്തെ വയസ്സിൽ ചങ്ങനാശ്ശേരിയുടെ മൂന്നാമത്തെ വികാരി അപ്പസ്തോലിക്കയായി സ്ഥാനമേൽക്കുമ്പോൾ അന്നത്തെ വിദ്യാഭ്യാസത്തിന്റെ ശോച്യാവസ്ഥ തിരിച്ചറിഞ്ഞ്, സാമൂഹികമാറ്റങ്ങളെയും സമുദായമുന്നേറ്റങ്ങളെയും യഥാവിധി ഉൾക്കൊണ്ട് ഈ രംഗത്ത് പൂർവാധികം പ്രവർത്തനോന്മുഖനാകുകയായിരുന്നു.

ഗവൺമെന്റംഗീകാരം ലഭിച്ചിട്ടുള്ള പ്രൈമറിതലത്തിലുള്ള വിദ്യാലയങ്ങൾതന്നെ വിരലിലെണ്ണാവുന്നവ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അതിനാൽ, ഇടവകകൾ തോറും മലയാളം, ഇംഗ്ലീഷ് സ്കൂളുകൾക്കായി യത്നിച്ച പിതാവ്, ഇടവകവൈദികരുടെയും വിശ്വാസികളുടെയും സഹകരണം നേടി, കുറഞ്ഞൊരു കാലംകൊണ്ട് ധാരാളം പ്രൈമറി സ്കൂളുകൾ സ്ഥാപിച്ചു. അവയിൽ കന്യകാമഠങ്ങളോടനുബന്ധിച്ചുതന്നെ സ്ഥാപിക്കപ്പെട്ട പ്രൈമറി, മിഡിൽ സ്കൂളുകൾ 24 എണ്ണമാണ്. പിന്നീട് ഇടവകകൾതോറും ഓരോന്ന് എന്ന വിധത്തിൽ കത്തോലിക്കാ സ്കൂളുകൾ വർദ്ധിച്ചുവന്നു. ആൺകുട്ടികൾക്കുവേണ്ടിയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അന്ന് ചങ്ങനാശ്ശേരി, എടത്വാ, പാലാ എന്നീ സ്ഥലങ്ങളിലും മാന്നാനം കൊവേന്തയോടു ചേർന്നും ഓരോന്നു വീതം മാത്രമാണ് ഉണ്ടായിരുന്നത്. അന്ന് പാലാ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽക്കൂടി വ്യാപിച്ചുകിടന്ന ചങ്ങനാശ്ശേരി രൂപതയുടെ വ്യാപ്തിക്കനുസൃതം ഇവ പര്യാപ്തമല്ലെന്നു വന്നപ്പോൾ കുറവിലങ്ങാട്, രാമപുരം, കൈനകരി തുടങ്ങിയ സ്ഥലങ്ങളിലായി പത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും പിതാവ് സ്ഥാപിച്ചു. വി. കുർബാനയോടുള്ള ഭക്തിയാൽ പ്രേരിതനായി അദ്ദേഹം സ്ഥാപിച്ച ആരാധനാസന്ന്യാസിനീസമൂഹത്തിലെ പ്രഥമാംഗമായിരുന്ന മദർ ഷന്താളിന്റെ സഹകരണത്തിൽ ചമ്പക്കുളം, തുരുത്തി, മല്ലപ്പള്ളി, വാഴപ്പള്ളി, അതിരമ്പുഴ, മുത്തോലപുരം എന്നിവിടങ്ങളിലും ഒട്ടേറെ സ്കൂളുകൾ സ്ഥാപിതമായി.

പെൺകുട്ടികൾക്കായി സ്കൂളുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ പിതാവിനുണ്ടായിരുന്ന നിശ്ചയദാർഢ്യം, അക്കാലഘട്ടത്തിൽ വിപ്ലവകരമെന്നുതന്നെ വിശേഷിപ്പിക്കേണ്ടതാണ്. അതേക്കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതുകയുണ്ടായി: “മുത്തോലി, പുളിങ്കുന്ന്, ചമ്പക്കുളം, ആദിയായ കന്യകാമഠങ്ങളിൽ ഹയർ ഗ്രേഡ് പള്ളിക്കൂടങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കൂടാതെ, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനായി കോട്ടയം, ആലപ്പുഴ മുതലായ സ്ഥലത്തുള്ള കന്യകാമഠങ്ങളിൽ ഇംഗ്ലീഷ് ലോവർ ഗ്രേഡ് പള്ളിക്കൂടങ്ങൾ ഉള്ളതിനും പുറമേ, ഉയർന്ന വിദ്യാഭ്യാസത്തിനായി ചങ്ങനാശ്ശേരി കന്യകാമഠത്തോടു ചേർന്ന് നമ്മുടെ ശക്തിയിൽ കവിഞ്ഞ ദ്രവ്യവ്യയം ചെയ്ത്, പെൺകുട്ടികൾക്കായി ഒരു ഇംഗ്ലീഷ് ഹൈസ്കൂളും, കോളജിൽ ചേർന്നു പഠിക്കുന്നതിന് ആഗ്രഹിക്കുന്നവർക്കായി തിരുവനന്തപുരത്ത് ഒരു താത്കാലിക മഠവും ബോർഡിങ്ങും സ്ഥാപിച്ചിട്ടുണ്ട്” (ഇടയലേഖനം 28). ഇതുകൂടാതെ പെൺകുട്ടികളുടെ നന്മയെ ലക്ഷ്യമാക്കി ചങ്ങനാശ്ശേരി വാഴപ്പള്ളിയിൽ ടീച്ചേഴ്സ് ട്രെയിനിങ് സ്കൂളും സ്ഥാപിച്ചു. വി. അൽഫോൻസാമ്മ ഉൾപ്പെടെ അനേകം അധ്യാപികമാരെ വാർത്തെടുത്ത ഈ സ്കൂൾ അതിന്റെ ശതാബ്ദിയും പിന്നിട്ടിരിക്കുന്നു.

എന്നാൽ, വിദ്യാഭ്യാസസംബന്ധമായി പിതാവു ചെയ്ത പ്രവർത്തനങ്ങളുടെ മകുടമായി ശോഭിക്കുന്നത് ചങ്ങനാശ്ശേരിയിലെ സെന്റ് ബെർക്കുമാൻസ് കോളജാണ്. 1965–ൽ ബെർക്കുമാൻസ് കോളജിൽ നടന്ന സയൻസ് എക്സിബിഷനോടനുബന്ധിച്ച് മലയാള മനോരമ പുറത്തിറക്കിയ സപ്ലിമെന്റിൽ, ‘കോട്ടയം സി.എം.എസ്. കോളജ് ഒഴിച്ചാൽ മധ്യതിരുവിതാംകൂറിൽ മറ്റൊരു കലാലയവും അന്നുണ്ടായിരുന്നില്ല. നിത്യസ്മരണാർഹനായ കുര്യാളശ്ശേരിൽ തിരുമേനിയുടെ ദീർഘവീക്ഷണവും സമുദായോന്നമനതാത്പര്യവുംകൊണ്ടാണ് ഈ കോളജ് ജന്മമെടുത്തത്’ എന്നു പ്രസ്താവിച്ചിരിക്കുന്നത് ഈയവസരത്തിൽ അനുസ്മരണീയമാണ്. കേവലം അടിസ്ഥാനവിദ്യാഭ്യാസമല്ല, ഉന്നതവിദ്യാഭ്യാസം നേടുന്ന കേരളസമൂഹത്തെ സ്വപ്നം കണ്ടുകൊണ്ട് ഒരുപാടു ക്ലേശങ്ങളേറ്റെടുത്തു സ്ഥാപിച്ച ബെർക്കുമാൻസ് കോളജിന്റെ ഈ ശതാബ്ദിവർഷത്തിൽ, ഈ സ്ഥാപനംവഴി ഉളവായ സദ്ഫലങ്ങളുടെ വ്യാപ്തിയെ നിർണയിക്കുമ്പോൾ, അത് സ്ഥാപകസ്വപ്നത്തെയും അതിശയിക്കുന്നുവോ എന്നു സംശയിച്ചാൽ തെറ്റു പറയാനാവില്ല. അക്കാലത്ത് മധ്യതിരുവിതാംകൂറിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ഏറ്റവുമധികം സംഭാവന നൽകിയത് കുര്യാളശ്ശേരിപ്പിതാവിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി വികാരിയാത്ത് ആയിരുന്നു.



പത്തിലധികം ഇടയലേഖനങ്ങൾ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു വിശദീകരണമായും പ്രചോദനമായും വിദ്യാഭ്യസനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഉദ്ബോധനമായും പിതാവ് നൽകിയിക്കുന്നത്, ഇക്കാര്യത്തിൽ വ്യക്ത്യധിഷ്ഠിതമോ സാമുദായികാധിഷ്ഠിതമോ ആയ മനോഭാവത്തെയും ലക്ഷ്യത്തെയും മറികടന്നുകൊണ്ടുതന്നെയാണ്. പാവങ്ങളെ പാർശ്വവത്കരിക്കുന്ന ശൈലിയെയും കമ്യൂണിസത്തിന്റെയും നിരീശ്വരവാദത്തിന്റെയും അതിപ്രസരത്തെയും വിശ്വാസരഹിതവും സന്മാർഗനിഷ്ഠാനിഷേധവുമായ വിദ്യാഭ്യാസത്തിന്റെ ദുഷ്ഫലങ്ങളെയും ചൂണ്ടിക്കാണിക്കുന്ന ഈ ലേഖനങ്ങൾ കത്തോലിക്കാവിദ്യാലയങ്ങളുടെ ലക്ഷ്യം സാധിക്കുന്നതിനുള്ള കാര്യത്തിൽ ഒരു ഒഴികഴിവിനും മുതിരുന്നില്ല എന്നത് കേരളസഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളെ വിശദീകരിക്കുകയും ന്യായീകരിക്കുകയും ചെയ്യുന്നുണ്ട്. ഗാർഹികസഭയായ കുടുംബത്തിലുള്ള വിദ്യാഭ്യസനത്തിനുള്ള പ്രാഥമികത്വം എടുത്തുപറയാനും പിതാവു മടിക്കുന്നില്ല “മനുഷ്യൻ ആത്മശരീരങ്ങളെന്ന മൂലതത്ത്വങ്ങളോടുകൂടിയവനും, അവന്റെ ആത്മാവ്, ബുദ്ധി, മനസ്സ് എന്ന ശക്തികളോടുകൂടിയവനും ആകുന്നു. കൂടാതെ, മനുഷ്യനു ശരീരസുഖത്തിലും ജ്ഞാനത്തിലും അടങ്ങിയിരിക്കുന്ന ഐഹികഭാഗ്യവും ദൈവദർശനത്തിലും സായുജ്യത്തിലും അടങ്ങിയിരിക്കുന്ന പാരത്രികഭാഗ്യവും ഉണ്ട്, ഇതുകൾക്കനുസരണമായിരിക്കണം കുട്ടികളുടെ വളർത്തലും വിദ്യാഭ്യാസവും’ എന്ന് ഇടയലേഖനം 28 ൽ അദ്ദേഹം മാതാപിതാക്കളെ ഉപദേശിക്കുന്നു. അധ്യാപകവൃത്തി ഒരു തൊഴിൽ മാത്രമായി കണക്കാക്കപ്പെട്ടേക്കാം എന്ന അവസ്ഥയിൽ തിരുസ്സഭയുടെ വിദ്യാഭ്യാസകർത്തവ്യം നിറവേറ്റുന്നതിനെക്കുറിച്ചു ബോധവാനാകുന്ന പിതാവ് അത് ഒരു പ്രേഷിതവൃത്തിയാണ് എന്ന് കത്തോലിക്കാ അധ്യാപകരെ ഓർമിപ്പിക്കുന്നു.

“നിങ്ങളുടെയും കുട്ടികളുടെയും മൊത്തത്തിൽ നമ്മുടെയും നമ്മുടെ സമുദായത്തിന്റെയും നാനാഭിവൃദ്ധിയെയും ഹൃദയസമാധാനത്തെയും പ്രത്യേകം ആത്മാക്കളുടെ നിത്യരക്ഷയെയും പരമോദ്ദേശ്യമാക്കിക്കൊണ്ട് നാം നിങ്ങൾക്കയയ്ക്കുന്ന ഈ ഗൗരവമേറിയ ലേഖനത്തെ എല്ലാവരും മനസ്സിരുത്തി കേട്ട് തദനുസരണം നടക്കുന്നതിനു സശ്രദ്ധന്മാരായിരിക്കണമെന്ന് ഓരോരുത്തരോടും നാം അപേക്ഷിക്കയും കല്പിക്കയും ചെയ്യുന്നു.” 18–ാമത്തെ ഇടയലേഖനത്തിന്റെ ഈ സമാപനവാചകം തന്റെ സകല വിദ്യാഭ്യാസപ്രവർത്തനങ്ങളുടെയും സമഗ്രതയും ലക്ഷ്യവും എന്തെന്നു വ്യക്തമാക്കുന്നതാണ്.

കേരളത്തിന്റെ സാമൂഹികപുരോഗതിയിൽ കത്തോലിക്കാസഭ നൽകിയിട്ടുള്ള സംഭാവനകളിൽ പ്രഥമമായി ഓർക്കപ്പെടുക വിദ്യാഭ്യാസരംഗത്തുള്ള സംഭാവനയാണ്. കേരളസഭ അതിന്റെ ശക്തിയും വീര്യവും നൂറ്റാണ്ടുകളായി വിവിധരീതിയിൽ വിദ്യാഭ്യാസത്തിൽ കേന്ദ്രീകരിച്ചിട്ടുണ്ടെന്നുള്ളത് അവിതർക്കിതമാണ്. ആനുകാലികമാറ്റങ്ങളാലും പുതുമകളാലും വിദ്യാഭ്യാസരംഗം വെല്ലുവിളിക്കപ്പെടുമ്പോഴും കത്തോലിക്കാവിദ്യാഭ്യാസത്തിന്റെ സ്വത്വം നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കേണ്ടതിന് ജ്ഞാനനിറവുണ്ടായിരുന്ന നമ്മുടെ ആത്മീയപിതാക്കന്മാരുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾ നമുക്കു മാതൃകയും പ്രചോദനവുമായിരിക്കുക ആവശ്യമാണ്. വിദ്യാഭ്യാസവിഷയത്തിൽ, അവരിലൂടെ നമുക്കു ലഭിച്ചിട്ടുള്ള പൈതൃകത്തോട്, യശഃശരീരനായ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി നൽകിയ സംഭാവനകളെയും ഏറെ കൃതജ്ഞതയോടെ ചേർത്തുപിടിക്കാൻ അദ്ദേഹത്തിന്റെ ശതോത്തര സുവർണജയന്തിയാചരണം ഒരു അവസരമാകട്ടെ.

■




വിനായക് നിർമ്മൽ

**വൈ**കുന്നേരം.

സോജൻ മുറ്റത്തേക്കു പ്രവേശിച്ച് വീടിനെ നോക്കിനിന്നു. മാസങ്ങൾക്കുള്ളിൽ ഈ വീട് ഒരു പ്രേതാലയംപോലെയായിരിക്കുന്നുവെന്ന് അയാൾക്കു മനസ്സിലായി. എന്തൊരു തിളക്കവും പ്രസന്നതയുമുള്ള വീടായിരുന്നു ഒരു നാൾ ഇത്. പക്ഷേ, എല്ലാം തേഞ്ഞുമാഞ്ഞുപോയിരിക്കുന്നു.

ഒരു സ്ത്രീയുടെ ഇടപെടലും അവളുടെ സഹവാസവുമാണ് വീടിനെ പ്രകാശിപ്പിക്കുന്നത്. അതില്ലാതാകുമ്പോൾ വീട് മങ്ങിത്തുടങ്ങുന്നു. അവളുടെ സ്വരം മുഴങ്ങാതെയാകുമ്പോൾ വീട് നിശ്ശബ്ദതയിലേക്കു പിൻവാങ്ങുന്നു.

വീടിനോടുള്ള പെണ്ണൊരുവളുടെ സ്നേഹം പിണക്കങ്ങളിലൂടെയും ഒച്ചയുയർത്തലുകളിലൂടെയുമാണ് വെളിവാക്കപ്പെടുന്നത്. താൻ ഈ വീടിന്റെ അവിഭാജ്യഘടകമാണെന്നും തനിക്കിവിടെ സ്ഥാനമുണ്ടെന്നും ഉറപ്പിക്കാനുള്ള അവളുടെ ചില ശ്രമങ്ങളാണ് അവയെല്ലാം.

സ്മിതയുണ്ടായിരുന്നെങ്കിൽ...

സോജന്റെ കണ്ണ് പൊടുന്നനേ നിറഞ്ഞു. സ്മിതയുടെ സഹോദരനാണ് സോജൻ. മൂത്ത സഹോദരൻ. ചെറിയൊരു ഹോട്ടൽ നടത്തുകയാണ് അയാൾ.

വീട്ടിനുള്ളിൽനിന്ന് ആളും അനക്കവും അയാൾ കേട്ടില്ല. വാതിലുകൾ തുറന്നാണു കിടന്നിരുന്നത്. സോജൻ മടിച്ചുനില്ക്കാതെ അകത്തേക്കു ചെന്നു. ജോസഫിന്റെ മുറിയിൽനിന്ന് ഞരക്കം കേട്ട് സോജൻ അവിടേക്കു നോക്കി. ജോസഫ് എന്തൊക്കെയോ പറഞ്ഞു കരയുകയായിരുന്നു.

"അപ്പച്ചാ," സോജൻ അയാളുടെ അരികിലെത്തി. ജോസഫിന് പെട്ടെന്ന് ആളെ മനസ്സിലായില്ല.

"ആരാ?"

"എന്നെ മനസ്സിലായില്ലേ?" സോജൻ ചോദിച്ചു.

മുറിയിൽ അസുഖകരമായ ഗന്ധം നിറഞ്ഞുനിന്നിരുന്നു. പ്രായം ചെന്നവരുടെ ഗന്ധമായിരുന്നു അത്. വാർദ്ധക്യം എന്തൊരു അവസ്ഥയാണെന്നാണ് സോജൻ അപ്പോൾ ആലോചിച്ചത്. ഒരു കാലത്ത് ആരുടെയും ആശ്രയമില്ലാതെ നെഞ്ചുവിരിച്ചു നടക്കുന്നവർ എഴുപതും എൺപതുമെത്തുമ്പോൾ സാവധാനത്തിലാകുന്നു. പരാശ്രയത്തിനായി കൈനീട്ടേണ്ടിവരുന്നു. ഒരു ആയുസ്സിൽ മനുഷ്യൻ എത്രയോ കുറച്ചുകാലം മാത്രമാണ് സ്വയം പര്യാപ്തതയോടെ കാര്യങ്ങൾ ചെയ്യുന്നത്. ജീവിതത്തിന്റെ തുടക്കത്തിൽ അവൻ പലരുടെയും സഹായത്തോടെ വളർന്നുവരുന്നു. ഒടുക്കമെത്തുമ്പോഴാകട്ടെ പലരുടെയും സഹായത്തോടെ മാത്രം ജീവിക്കേണ്ടിവരുന്ന അവസ്ഥയിലുമെത്തുന്നു. രണ്ടിനുമിടയിലെ ഹ്രസ്വകാലം കൊണ്ടുമാത്രം അവൻ ജീവിതം ആസ്വദിക്കുന്നു. വാർദ്ധക്യം ജീവിതത്തിലെ ഏറ്റവും നിസ്സഹായമായ അവസ്ഥയാണ്. നരച്ച മുടിയെക്കുറിച്ചുള്ള വർണനകൾ ഉണ്ടാകുമ്പോഴും അത്തരമൊരു അവസ്ഥയെ നേരിടാതെ കടന്നുപോകുന്നതാണ് ജീവിതത്തിന്റെ ഭാഗ്യമെന്നും സോജനു തോന്നി.

"ഞാൻ സോജനാ," സോജൻ മറുപടി പറഞ്ഞു.

"സോജൻ..." ജോസഫ് ഓർത്തെടുത്തു.

പിന്നെ ഒറ്റക്കരച്ചിലായിരുന്നു.

"നിന്റെ പെങ്ങള് പോയതോടെ ഈ വീടൊരു നരകമായെടാ."

നരകം. ദൈവത്തിന്റെ സാന്നിധ്യമില്ലാത്ത അവസ്ഥയാണ് നരകം. നന്മയില്ലാത്ത അവസ്ഥയാണ് നരകം. ഈ വീട്ടിൽനിന്ന് ദൈവവും പടിയിറങ്ങിയോ? അതോ ദൈവത്തെയും പടിയിറക്കിയോ?

അപ്പോൾ മുറിവാതില്ക്കൽ ദയയും ബെഞ്ചമിനും പ്രത്യക്ഷപ്പെട്ടു. അവർ സ്കൂൾ കഴിഞ്ഞു വന്നതായിരുന്നു

"അങ്കിളേ," കുട്ടികൾ വിളിച്ചു.

"മക്കള് ഇങ്ങ് വന്നേ." സോജൻ ക്ഷണിച്ചു. കുട്ടികൾ ആകെ വാടിത്തളർന്നുപോയെന്ന് അയാൾക്ക് ഒറ്റനോട്ടത്തിൽ മനസ്സിലായി. സ്മിതയുടെ മരണം കഴിഞ്ഞ് ഏതാനും നാളുകൾ അയാളും കുടുംബവും ഇവിടെ സന്ദർശിച്ചിരുന്നു. പിന്നെ സ്വന്തം ജീവിതപ്രാരബ്ധങ്ങൾക്കിടയിൽ ആ സന്ദർശനം കുറഞ്ഞുവന്നു. ഒടുവിൽ ഇല്ലാതെയുമായി. ഇടയ്ക്കിടെയുള്ള



ഫോൺകോളുകളിൽ മാത്രമായി സ്നേഹാന്വേഷണങ്ങൾ. സോജന് കുറ്റബോധം തോന്നി. തന്റെ പെങ്ങളുടെ മക്കൾ. തന്റെ രക്തംകൂടിയാണ് അവർ. ഇവരെക്കുറിച്ച് വേണ്ടതുപോലെ താൻ ചിന്തിച്ചില്ലല്ലോ. സ്വന്തം വീട്ടിലാണു കഴിയുന്നതെന്ന ബോധ്യമുള്ളതുകൊണ്ടാവാം. അല്ലെങ്കിലും ഭർത്താവു മരിച്ച സ്ത്രീയുടെയും മക്കളുടെയും നേരേ സമൂഹത്തിനു കുറെക്കൂടി ജാഗ്രതയും കരുതലുമുണ്ട്. എന്നാൽ, ഭാര്യ മരിച്ച ഭർത്താവിനെയും മക്കളെയുംകുറിച്ച് സമൂഹം തെല്ലും ബോധവാന്മാരല്ല. ഭർത്താവു മരിച്ചുകഴിയുമ്പോൾ കുടുംബം എങ്ങനെ പുലരുമെന്നാണ് അവരുടെ ചിന്ത. പക്ഷേ, ഭാര്യ മരിച്ചുകഴിയുമ്പോൾ കുടുംബത്തിന്റെ അവസ്ഥ ഭർത്താവിനെ ആശ്രയിച്ചുമുന്നോട്ടു പോകും എന്നതിനാൽ ആഹാരത്തിനോ നിത്യവൃത്തിക്കോ ബുദ്ധിമുട്ട് വരില്ല എന്നു ധരിച്ച് ആരും അതേക്കുറിച്ച് ആകുലപ്പെടാറില്ല.

"മക്കള് നന്നായിട്ട് പഠിക്കുന്നുണ്ടോ?"

ഉണ്ടെന്ന് ദയയും ബെഞ്ചമിനും തലകുലുക്കി.

"ഇന്നാ," അയാൾ കൈയിലിരുന്ന പൊതി അവർക്കു നേരേ നീട്ടി. ചായക്കടപ്പലഹാരങ്ങളായിരുന്നു അതിൽ. പൊതി കൈയിൽ കിട്ടിയതും കൈപോലും കഴുകാതെ ബെഞ്ചമിൻ അതെടുത്തു കഴിക്കാൻ തുടങ്ങി. ആർത്തിയോടെയായിരുന്നു അവൻ കഴിച്ചത്.

'എടാ, കൈ കഴുക്' എന്ന് ദയ പറഞ്ഞെങ്കിലും അത് ദുർബലമായ സ്വരമായിരുന്നു. കഴിക്കാൻ ആഗ്രഹമുണ്ടെങ്കിലും അതിനെ കടിച്ചമർത്തിയായിരുന്നു ദയ നിന്നിരുന്നത്.

"മോളും കഴിക്ക്..." സോജൻ പ്രോത്സാഹിപ്പിച്ചു.

"ഞാൻ പിന്നെ കഴിച്ചോളാം അങ്കിളേ."

"ഉച്ചയ്ക്കെന്നതാ കഴിച്ചെ?" പെട്ടെന്ന് അങ്ങനെയൊരു ചോദ്യമാണ് സോജന്റെ നാവിലെത്തിയത്.

"ബ്രഡും ജാമും." ദയ ശബ്ദം താഴ്ത്തി പറഞ്ഞു.

"ഇവിടെ ആഹാരമുണ്ടാക്കലോ കഴിക്കലോ ഒന്നുമില്ല സോജാ. അവനു തോന്നിയാൽ എന്തെങ്കിലും വയ്ക്കും. വല്ലതും ഞങ്ങള് വാരിക്കഴിക്കും. ഇപ്പോ ഈ പെങ്കൊച്ചാ അടുക്കളേക്കേറി വല്ലതും ഉണ്ടാക്കുന്നെ. ഉണ്ടാക്കാൻ തയ്യാറാണെങ്കിലും പാകം ചെയ്യാൻ എന്നതെങ്കിലും വേണ്ടേ?"

സോജന്റെ നെഞ്ചിലൂടെ ഒരു വാൾ കടന്നുപോകുന്നതുപോലെ തോന്നി.

ഈ കുട്ടികൾക്കു കഴിക്കാൻ പോലും ഇല്ലെന്നോ?

"അവന് കുടിക്കാനേ പണം കാണൂ, ഇപ്പോ ജോലിം ഉപേക്ഷിച്ചു."

സനലിനു ജോലി നഷ്ടമായ വിവരം സോജൻ അറിഞ്ഞിരുന്നു. അത് അന്വേഷിക്കാൻ വേണ്ടിയാണ് അയാൾ എത്തിയതും. പക്ഷേ വീട്ടിലെ സ്ഥിതി ഇത്രയും ഗുരുതരമാണെന്ന് അയാൾ അറിഞ്ഞിരുന്നില്ല.

"ഈ കുട്ടികൾക്കു കഴിയാനുള്ള മൊതലാ അവൻ വിറ്റു കുടിക്കുന്നെ. ആ സുമനുണ്ടല്ലോ അവനാ എല്ലാറ്റിനും കാരണം. അതിരുമാന്തി അവൻ സ്ഥലം കൈയേറി. ഇനി ഈ വീടും പറമ്പുംകൂടി അവനു തീറെഴുതിക്കൊടുക്കുമോയെന്നാ എന്റെ പേടി. എന്നെയോർത്തല്ല, ചാകാൻ കുഴീലോട്ടു കാലും നീട്ടിയിരിക്കുന്ന എനിക്കെന്നാത്തിനാ സ്ഥലം? പക്ഷേ, ഈ പിള്ളേരുടെ കാര്യം അങ്ങനെയല്ലല്ലോ. സ്ഥലം പണയപ്പെടുത്തിയോ വിറ്റോ ആണ് അവൻ കള്ളുകുടിക്കുന്നതെന്നാ എനിക്കു സംശയം. പറമ്പീന്ന് മൂന്നോ നാലോ റബർഷീറ്റുള്ളതുകൊണ്ട് വല്ലതുമാകുമോ? വെട്ടുകാരന് കൊടുക്കാനുള്ളതുകൂടി അതീന്നു കിട്ടുമെന്ന് എനിക്കു തോന്നുന്നില്ല. നീയൊന്ന് അവനെ വിളിച്ച് ഗുണദോഷിക്ക് സോജാ. നിന്റെ പെങ്ങളല്ലേ പോയിട്ടുള്ളൂ അവളുടെ മക്കളുണ്ടല്ലോ. നീയല്ലാതെ ഇനി ഈ പിള്ളേർക്കാരാ ഉള്ളെ?"

ജോസഫ് പലതും പറയുകയും കരയുകയും ചെയ്തുകൊണ്ടിരുന്നു.

"ആ സുമനും ചേർന്ന് കുടീം വലീം എല്ലാം ഇവിടെത്തന്നെയാ. വളർന്നുവരുന്ന ഒരു പെങ്കൊച്ച് ഈ വീട്ടിലുണ്ടെന്നുപോലും അവന് ഒരു വിചാരമില്ല. രാവും പകലും എനിക്ക് ഇങ്ങനെ കാവലിരിക്കാൻ പറ്റ്വോ, അതും എത്രനാൾ?"

"അപ്പച്ചൻ കരയാതെ, നമുക്ക് പരിഹാരമുണ്ടാക്കാം. എന്നിട്ട് അവനെവിടെ, സനൽ?"

"ചെലപ്പോ മുറീക്കാണുമായിരിക്കും. ഞാൻ ചെന്നൊന്നു നോക്കട്ടെ." സനലിനെ അന്വേഷിച്ചുപോയ ദയ വേഗംതന്നെ തിരികെ വന്നു

"അവിടെയില്ല."

"അവൻ കുടിക്കാൻവാങ്ങാൻ പോയതായിരിക്കും." ജോസഫ് രോഷത്തോടെ പറഞ്ഞു.

"ഞാൻ ഒരു ദിവസം പറഞ്ഞു, ഞങ്ങള് മൂന്നുപേർക്ക് വല്ല വിഷോം വാങ്ങിത്തന്നിട്ട് നീ നിന്റെ ഇഷ്ടംപോലെ ജീവിച്ചോളാൻ. സഹിക്കുന്നതിനുമില്ലേ ഒരു അതിര്?"

സോജന്റെ മനസ്സ് അശാന്തമായി. അയാളുടെ ചിന്തകൾ നീറിപ്പുകഞ്ഞു.

"മോളേ," സോജൻ ദയയെ തന്റെ അരികിലേക്കു ചേർത്തു നിർത്തി.

"അങ്കിള് ഇത്രയുമൊന്നും കരുതിയില്ല മോളേ, സത്യമാ. മോൾക്ക് അങ്കിള് വിളിക്കുമ്പോ എന്തെങ്കിലും ഒരു സൂചന തരാമായിരുന്നില്ലേ?"

"എന്നതാ അങ്കിളേ, ഞാൻ പറയണ്ടേ? പപ്പ സ്കൂളിൽ പോലും കുടിച്ചേച്ചാ പോകുന്നതെന്നോ? കുട്ടികളൊക്കെ എന്നെ അതിന്റെ പേരിൽ കളിയാക്കുവാന്നോ? പപ്പേ സ്കൂളീന്ന് ഒഴിവാക്കിയെന്നോ? ഇവിടെ ഞങ്ങൾക്കു കഴിക്കാൻ നേരാംവണ്ണം ഒന്നുമില്ലെന്നോ?" ദയ പൊട്ടിക്കരഞ്ഞു.

"എന്തു പറഞ്ഞാലും പപ്പ മോശക്കാരനാവില്ലേ? ഞങ്ങടെ പപ്പയെ ഞങ്ങള് മോശക്കാരനാക്കില്ല അങ്കിളേ. പപ്പ പാവാ. അമ്മ പോയതോടെയാ പപ്പ ഇങ്ങനെയായെ. അതെനിക്കറിയാം. പപ്പേ അതുകൊണ്ട് ഞാനൊരു കാര്യത്തിനും കുറ്റം പറയില്ല അങ്കിളേ."

"എന്റെ കുഞ്ഞേ," സോജന്റെ ചങ്കു പൊടിഞ്ഞു. കാര്യഗൗരവമുള്ള, മുതിർന്ന ഒരു പെൺകുട്ടിയെപ്പോലെയാണല്ലോ ദയ പറഞ്ഞതെന്ന് സോജൻ ഓർമിച്ചു. പ്രായത്തിലും കവിഞ്ഞ പക്വത.

വിപരീതസാഹചര്യങ്ങളുടെ മധ്യത്തിൽ സ്വാഭാവികമായും ഒരു പ്രതികരണശേഷി ആരിലും രൂപപ്പെടാം.

"മോളിങ്ങ് വന്നേ." സോജൻ ദയയെയും കൂട്ടി അടുക്കളയിലേക്കു പോയി.

"ഇവിടെയൊരു സാധനോം ഇല്ലേ?" സോജൻ അരിപ്പെട്ടിയും പഞ്ചസാരപ്പാത്രവും കാപ്പിപ്പൊടിടിന്നും പരിശോധിച്ചു. പലതും കാലിയായിരുന്നു.

"പപ്പ വാങ്ങാൻ പോയതായിരിക്കും." ദയ പറഞ്ഞു.

ഡൈനിങ് ടേബിളിൽ കാലിയായ ബ്രെഡ് കവർ കിടക്കുന്നത് സോജൻ കണ്ടു. താനിപ്പോൾ വന്നില്ലായിരുന്നുവെങ്കിൽ ഈ കുട്ടികൾ എന്തു കഴിക്കുമായിരുന്നുവെന്ന് അയാൾ വെറുതെ ആലോചിച്ചു. സ്കൂൾ വിട്ടുവരുന്ന കുട്ടികൾക്ക് എന്തൊരു വിശപ്പായിരിക്കും! വിവിധപ്രായത്തിലുള്ള തന്റെ മക്കളെക്കുറിച്ചാണ് അയാൾ ഓർമിച്ചത്. ഇതുവരെ കഴിച്ചതെല്ലാം ഒരുനിമിഷംകൊണ്ട് എരിഞ്ഞില്ലാതാകുന്നതുപോലെ സോജന് അനുഭവപ്പെട്ടു.

അപ്പോൾ മുറ്റത്ത് സനലിന്റെ സ്വരം സോജൻ കേട്ടു.

"ദയാ, മോളേ ദയക്കുട്ടീ."

"പപ്പ വന്നു." ദയ വരാന്തയിലേക്കോടാൻ ഭാവിച്ചപ്പോൾ പിന്നിൽനിന്ന് സോജൻ തടഞ്ഞു.

"മോളിവിടെ നില്ക്ക്. ഞാൻ ചെല്ലാം."

സോജൻ അടുക്കളയിൽനിന്നു വരാന്തയിലേക്കു ചെന്നു. മുറ്റത്ത് സനലും സുമനുമുണ്ടായിരുന്നു. സോജൻ രോഷത്തോടെ ഇരുവരെയും നോക്കി.

ഇതിങ്ങനെ വിട്ടാൽ പറ്റില്ല. രണ്ടിലൊന്ന് ഇന്നു തീരുമാനിക്കണം. സോജൻ മനസ്സിൽ പറഞ്ഞു.

തുടരും

# ക്ഷീരമേഖലയിൽ മികച്ച നേട്ടവുമായി രശ്മി എബ്രാഹം

കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസനമന്ത്രാലയത്തിന്റെ ഗോപാൽരത്ന അവാർഡ് കരസ്ഥമാക്കി മരങ്ങാട്ടുപിള്ളി പഞ്ചായത്ത് രണ്ടാം വാർഡിലെ കുര്യനാട് എടത്തനാൽ വീട്ടിലെ രശ്മി എബ്രാഹം. നാടൻ ഇനത്തിലുള്ള കന്നുകാലികളെ വളർത്തുന്ന മികച്ച രണ്ടാമത്തെ ക്ഷീരകർഷകർക്കുള്ള പുരസ്കാരമാണ് ഈ വീട്ടമ്മ സ്വന്തമാക്കിയത്.



ഡോ. വർഗീസ് കുര്യന്റെ ജന്മദിനത്തോടനുബന്ധിച്ചു ഗുജറാത്തിലെ ആനന്ദിൽ ചേർന്ന സമ്മേളനത്തിൽ കേന്ദ്ര ഫിഷറീസ്-മൃഗസംരക്ഷണ ക്ഷീരവികസനമന്ത്രി പുരുഷോത്തം രൂപാലയിൽനിന്ന് മൂന്നു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന അവാർഡ് രശ്മി ഏറ്റുവാങ്ങി. ഉഴവൂർ ബ്ലോക്കിലെ കുര്യനാട് ക്ഷീരസംഘത്തിലെ അംഗമാണ് രശ്മി. 2019 ൽ കേരള സർക്കാരിന്റെ ബയോ ഡൈവേഴ്സിറ്റി അവാർഡും ലഭിച്ചിരുന്നു.

നാല്പതോളം നാടൻ പശുക്കളും 18 സങ്കരയിനം പശുക്കളുമാണ് ഈ വീട്ടമ്മയ്ക്കുള്ളത്. അഞ്ചു പശുക്കളെ വാങ്ങാൻ 1.5 ലക്ഷം രൂപ ക്ഷീരവികസന വകുപ്പിൽനിന്ന് ഈ വർഷം ലഭിച്ചിരുന്നു.

കുര്യനാട് ക്ഷീരസംഘത്തിൽ 140 ലിറ്റർ പാൽ നൽകുന്നുണ്ട്.

പശുക്കൾക്കു പുറമേ വീടിനോടു ചേർന്ന് പച്ചക്കറിക്കൃഷിയും നടത്തുന്നു. ഇരുപത്തഞ്ചോളം വിവിധയിനം പച്ചക്കറികളാണ് കൃഷി ചെയ്തുവരുന്നത്. കൂടാതെ, മീൻകൃഷിയും മുട്ടക്കോഴിവളർത്തലുമുണ്ട്.

രശ്മിയുടെ മാതാപിതാക്കൾ കൃഷിക്കാരായിരുന്നു. അവരിൽനിന്നു ലഭിച്ച കൃഷിയറിവുകൾ ഈ വീട്ടമ്മ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു.

ഫാമിൽനിന്നുതന്നെ ലഭിക്കുന്ന ജൈവവളം പ്രയോഗിച്ചാണ് പച്ചക്കറിക്കൃഷി ചെയ്യുന്നത്. മഴമറ, അക്വാപോണിക്സ്, തുള്ളിനന, തിരിനന എന്നിങ്ങനെയുള്ള കൃഷിരീതികളെല്ലാം രശ്മി ഉപയോഗിച്ചുവരുന്നു.

പാലാ രൂപതയിൽ മികച്ച പച്ചക്കറിക്കൃഷിക്കുള്ള അവാർഡും ജില്ലയിൽ ഒരു മുറം പച്ചക്കറിക്കൃഷിക്കുള്ള സമ്മാനവും മികച്ച കർഷകനുള്ള ജില്ലാമത്സരത്തിൽ ഒന്നാം സമ്മാനവും രശ്മിയുടെ ഭർത്താവ് എബ്രാഹമിനായിരുന്നു. അക്ഷയശ്രീ അവാർഡ്, ബ്ലോക്കുതലത്തിലും പഞ്ചായത്തുതലത്തിലുമുള്ള സമ്മാനങ്ങൾ എന്നിവ ലഭിച്ചിരുന്നു. കിടാക്കളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക അവാർഡും രശ്മിക്കു ലഭിച്ചിട്ടുണ്ട്.

വിയന്നയിൽ ഐക്യരാഷ്ട്ര സംഘടനാ ഓഫീസിലെ ഉദ്യോഗസ്ഥനായിരുന്നു ഭർത്താവ്. സിനി, സിസി, അലീന, റിസ എന്നിവരാണ് മക്കൾ.

*- ജോസഫ് കുമ്പുക്കൻ*

# സാറാ ജോസഫിന് ഓടക്കുഴൽ അവാർഡ്



മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ സ്മരണയ്ക്കായി ഗുരുവായൂരപ്പൻ ട്രസ്റ്റ് ഏർപ്പെടുത്തിയ 51-ാമത് ഓടക്കുഴൽ അവാർഡ് പ്രശസ്ത നോവലിസ്റ്റും കഥാകൃത്തുമായ സാറാ ജോസഫിന്.

'ബുധിനി' എന്ന നോവലിനാണ് അവാർഡ്.

സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നകന്ന് തങ്ങളുടേതായ നീതിനിയമങ്ങൾ മാത്രം പാലിച്ചു കഴിയുന്ന സന്താൾഗോത്രത്തിലെ ഒരു പെൺകുട്ടി, തന്റേതല്ലാത്ത കുറ്റത്തിനു ശിക്ഷിക്കപ്പെടുന്ന കഥയാണ് ബുധിനി. പ്രധാനമന്ത്രിക്ക് തന്റെ രാജ്യത്തെ പൗരന്മാരോടുള്ള സമഭാവനയും ഒരു ഡാമിന്റെ നിർമാണവും ഗോത്രജനതകളുടെ അന്ധവിശ്വാസത്തിൽ മുങ്ങിയ ജീവിതവും നമുക്കു ബുധിനിയിൽ കാണാം.

ആലാഹയുടെ പെൺമക്കൾ, ഒതപ്പ്, മാറ്റാത്തി, അവസാനത്തെ സൂര്യകാന്തി, ആളോഹരി ആനന്ദം തുടങ്ങിയവയാണ് മറ്റു പ്രധാന കൃതികൾ.

1946 ൽ തൃശൂരിൽ ജനിച്ച സാറാ ജോസഫ്, പട്ടാമ്പി സംസ്കൃത കോളജിലെ റിട്ടയേർഡ് മലയാളം അധ്യാപികയാണ്. ഇപ്പോൾ തൃശൂർ മുളങ്കുന്നത്തുകാവിൽ താമസിക്കുന്നു.

കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ചെറുകാട് അവാർഡ് തുടങ്ങി നിരവധി പ്രമുഖ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.




ഓമൽപ്രതീക്ഷതൻ തേരിലേറി
പുതുവർഷമെത്തിയിപ്പാരിടത്തിൽ
ഓർമതൻ മഞ്ചത്തിലേറി മേലിൽ
വിശ്രമിച്ചീടട്ടെ പോയ കാലം.

ആത്മപ്രസാദത്തിൻ പൊൻകിരണം
നമ്മെ മുന്നോട്ടു നയിച്ചിടട്ടെ
സത്യധർമത്തിന്നുണർത്തുപാട്ടിൽ
വീറോടെ മുന്നേറാനായിടട്ടെ.

'കൊവിഡാം' ഭീകരമാരി വന്ന്
നമ്മെ വല്ലാതെ വലച്ചകാലം
ഭീകരമാരി തൻ താണ്ഡവത്താൽ
മൺമറഞ്ഞ സ്നേഹസോദരരേ,

അർപ്പിപ്പൂ സാദരം ബാഷ്പാഞ്ജലി
ഉറ്റബന്ധങ്ങളേ സാന്ത്വനങ്ങൾ...
സർവ്വേശകൈത്താങ്ങ് ഉണ്ടാകയാൽ
ആശ്വാസജീവിതം സാധ്യമാകും.

മാനവവിജ്ഞാനവൈഭവത്താൽ
'കൊവിഡ് വാക്സീൻ' പിറവിയാലേ
ഈ മഹാമാരി കെടുത്തീടുവാൻ
ആകുന്നതും ഹാ! പ്രത്യാശയായി.

മാനസഭാവത്തിൻ ശുദ്ധശീലം
കെട്ടുമറയുമീ ദുഃഖനാളിൽ
ഉത്തമോത്തങ്ങളാം ഭാവകാന്തി
നാടിന്നകത്തെത്തെളിച്ചിടട്ടെ.

ഓമൽപ്രതീക്ഷതൻ പൂച്ചെണ്ടുമായ്
തൂമന്ദഹാസം പൊഴിച്ചുകൊണ്ട്
ആശീർവദിച്ചെത്തും 'ശ്രേഷ്ഠഗുരോ'
വന്ദനം - വന്ദനം - ഹർഷാഞ്ജലി.

**നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്**

## ജാഗ്രത


പൊതുനിരത്ത്. പട്ടാപ്പകൽ. ഒരു അതിക്രമം നടക്കുകയാണ്.

അതു നിങ്ങൾ കാണുന്നുണ്ടെങ്കിലും പ്രതികരിക്കുന്നില്ല. ഒന്നുകിൽ ഭീരുത്വംകൊണ്ട്, അല്ലെങ്കിൽ അന്യഥാത്വം കൊണ്ട്.

പക്ഷേ, നാളെ നിങ്ങൾക്കും അത്തരം ഭവിഷ്യത്തുണ്ടായിക്കൂടെന്നില്ലെന്ന് ഓർക്കണം. വേട്ടക്കാരന് വേട്ടമൃഗം ഏതെന്നല്ല, നേട്ടത്തിൽ മാത്രമാണല്ലോ നോട്ടം.

ജാഗ്രത!

# പോരാട്ടവഴിയിലെ സമാധാനദൂതർ



കുര്യൻ പാമ്പാടി





'മണ്ടേല മണ്ടേല' എന്നു കേരളം വിളിച്ചു പറഞ്ഞുകൊണ്ടിരുന്ന നാളുകൾ ഓർമവരുന്നു. മഹാത്മജിയെ ആദർശപുരുഷനായി സ്വീകരിച്ച് ജീവിതം മുഴുവൻ വർണവിവേചനത്തിനെതിരേ പോരാടിയ നെൽസൺ മണ്ടേലയെ 27 വർഷത്തിനുശേഷം കാരാഗൃഹത്തിൽനിന്നു മോചിപ്പിക്കും വരെ ആസേതുഹിമാചലം ആ മുദ്രാവാക്യം മുഴങ്ങിക്കേട്ടു. മണ്ടേലയ്ക്കുവേണ്ടി അവിരാമമായി പോരാടിയ ഗാന്ധിയനായിരുന്നു ജന്മനാടായ കേപ്ടൗണിൽ അന്തരിച്ച ആർച്ചുബിഷപ് ഡെസ്മണ്ട് ടുട്ടു.

ദക്ഷിണാഫ്രിക്കയിൽ കറുത്തവരുടെ വിമോചനത്തിനും അവരുടെ മനുഷ്യാവകാശങ്ങൾക്കുംവേണ്ടി ശബ്ദമുയർത്തിയ അഭിഭാഷകനായിരുന്നു, മോഹൻ ദാസ് കരംചന്ദ് ഗാന്ധി. അപാർതീഡ് എന്ന വർണവിവേചന ഭരണകൂടത്തിന്റെ അവസാനത്തെ പ്രസിഡണ്ട് എഫ്.ഡബ്ലിയു.ഡി. ക്ലാർക് വിമോചനം പ്രഖ്യാപിച്ചു പുറത്തുവന്ന മണ്ടേല, ഇന്ത്യ സൗത്ത് ആഫ്രിക്കയ്ക്കും സൗത്ത് ആഫ്രിക്ക ഇന്ത്യയ്ക്കും നൽകിയ മഹാത്മാവായിരുന്നു ഗാന്ധിയെന്നു വിശേഷിപ്പിച്ചു.

'കോരന് കുമ്പിളിൽ കഞ്ഞി,' എന്ന് മലയാളത്തിൽ ചൊല്ലുണ്ട്. അരനൂറ്റാണ്ടോളം കറുത്തവർക്കു കുമ്പിളിൽ കഞ്ഞി നൽകിയ ഭരണകൂടമായിരുന്നു വെള്ളക്കാരുടേത്. കേരളത്തിൽ അങ്ങനെ കഞ്ഞി കിട്ടിയ ഒരാളായിരുന്നു കേരള യൂണിവേഴ്സിറ്റി ഇക്കണോമിക്സ് പ്രഫസർ ആയിരുന്ന എം കുഞ്ഞാമൻ. ചാതുർവർണ്യം കൊടികുത്തി വാണിരുന്ന കാലത്ത്, തീണ്ടലും തൊടീലും മനുഷ്യനെ അകറ്റി നിർത്തിയിരുന്ന കാലത്ത് പൂഴിമണ്ണിൽ കുഴികുത്തി അതിൽ തേക്കില വച്ച് കഞ്ഞി വിളമ്പി നൽകിയിരുന്നതായി ഇപ്പോൾ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ പ്രഫസറായ കുഞ്ഞാമൻ പറയുന്നു.

'വൈറ്റ്സ് ഒൺലി' (വെള്ളക്കാർക്കു മാത്രം) എന്നെഴുതിയ ബോർഡുകളുമായി റെസ്റ്റോറന്റിൽനിന്നും കടലോരങ്ങളിൽനിന്നും ട്രെയിനുകളിൽനിന്നും ഇതരവർഗക്കാരെ മാറ്റിനിർത്തിയിരുന്ന കാലം മലയാളികളിൽ ചിലരെങ്കിലും ഓർമിക്കുന്നുണ്ടാവും. അന്നൊരിക്കൽ ഗാന്ധിജിയെ പീറ്റർമാരിസ്ബർഗ് എന്ന സ്ഥലത്തുവച്ച് വെള്ളക്കാർ ട്രെയിനിൽനിന്ന് ഇറക്കിവിട്ട സംഭവവും എങ്ങനെ മറക്കാൻ?

ആ പട്ടണത്തിലെ 'ദി വിറ്റ്നസ്' (ദൃക്സാക്ഷി) എന്ന ഇംഗ്ലീഷ് ഡെയ്ലിയുടെ പത്രാധിപസമിതിയിൽ കോട്ടയംകാരനായ എബ്രഹാം ജോർജ് കല്ലൂർ സേവനം ചെയ്യുന്നു എന്നത് വിരോധാഭാസമായിത്തോന്നാം. സഹോദരി പ്രീതി അവിടത്തെ ഒരു ഹോസ്പിറ്റലിൽ ഗൈനക്കോളജിസ്റ്റായി ജോലി നോക്കിയിട്ടുമുണ്ട്. പീറ്റർമാരിസ്ബർഗിൽ ഇപ്പോൾ മഹാത്മജിക്ക് സ്മാരകവുമുണ്ട്. കാലം വരുത്തിയ മാറ്റം!

ശ്രീനാരായണഗുരുവിന്റെയും മഹാത്മാഗാന്ധിയുടെയും നേതൃത്വത്തിൽ നൂറുനൂറാളുകളുടെ നിസ്തന്ദ്രപ്രയത്നത്തിന്റെ ഫലമായി മലയാളക്കരയിൽനിന്നു വർണവെറി നിഷ്കാസനം ചെയ്യപ്പെടുകയും ആരാധനാലയങ്ങൾ സമസ്തജാതികൾക്കുമായി മലർക്കെ തുറക്കപ്പെടുകയും ചെയ്തു.

അടിമക്കച്ചവടം ഉണ്ടായിരുന്ന ഈ നാട്ടിൽ അത് എന്താണെന്ന് അനുഭച്ചറിയാത്ത തലമുറയാണ് ഇന്നുള്ളത്. മാറുമറയ്ക്കാനുള്ള അവകാശത്തിനുവേണ്ടി തെക്കൻ കേരളത്തിൽ ചാന്നാർ സ്ത്രീകൾ നടത്തിയ ഐതിഹാസിക സമരം പോലും വിസ്മൃതകോടിയിലായി.

നൂറ്റാണ്ടുകളോളം അടിമത്തവും വംശവിദ്വേഷവും നടമാടിയിരുന്ന അമേരിക്കയിൽപ്പോലും ആ ഭിന്നതകൾ അവസാനിച്ചിട്ടില്ല എന്നതിനു തെളിവായി 2021 ൽ എത്രയോ സംഭവങ്ങൾ നടന്നു!

ദക്ഷിണാഫ്രിക്കയെ ഏഴഴകിന്റെ നാട് (റെയിൻബോ നേഷൻ) എന്നു വിളിച്ച ആളായിരുന്നു ഡെസ്മണ്ട് ടുട്ടു. കറുത്തവനും വെളുത്തവനും ഇരുനിറക്കാരനും ഏഷ്യനും ആഫ്രിക്കനും യൂറോപ്യനും ചൈനക്കാരനും അമേരിക്കനും ഒന്നിച്ചുകഴിയുന്ന വർണവൈവിധ്യമാർന്ന നാട്. പക്ഷേ, അദ്ദേഹത്തിന്റെ ആ സ്വപ്നം യഥാർത്ഥത്തിൽ സാക്ഷാത്കരിക്കപ്പെട്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

ആഫ്രിക്കക്കാരെ കോളനികളായി തിരിച്ചു ഭരണം നടത്തിയിരുന്ന കാലത്ത് ഉംറ്റാറ്റ തലസ്ഥാനമായ ഈസ്റ്റേൺ കേപ്പിൽ നൂറുകണക്കിനു മലയാളി അധ്യാപകർ ഉണ്ടായിരുന്നു. അവർക്കൊക്കെ വെള്ളക്കാരുടെ മേഖലകളിൽ കടക്കണമെങ്കിൽ പ്രത്യേക പാസ് വേണ്ടിയിരുന്നു.

മണ്ടേല, ടുട്ടു തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന നിരന്തരസമരങ്ങളുടെ ഫലമായി 1994 ൽ പുതിയ ഭരണഘടന നിലവിൽ വന്നു. അതിന്റെ അടിസ്ഥാനത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ മണ്ടേല പ്രസിഡണ്ടായി അവരോധിക്കപ്പെട്ടു, എഴുപത്തഞ്ചാം വയസ്സിൽ.

കറുത്തവരുടെ ഇടയിൽനിന്ന് ഉയർന്നുവന്ന ആദ്യത്തെ ബിഷപ്പും ആർച്ചുബിഷപ്പും ആയിരുന്നു ഡെസ്മണ്ട് ടുട്ടു. അദ്ദേഹത്തിനും ഇന്ത്യയിൽ അദ്ദേഹം ചങ്ങാത്തം സ്ഥാപിച്ച ദലൈലാമയ്ക്കും മദർ തെരേസയ്ക്കും ഒരുപോലെ നൊബേൽ സമ്മാനം ലഭിച്ചു, സമാധാനത്തിനുള്ള സമ്മാനം. ടുട്ടുവിനു ഗാന്ധിപീസ് പ്രൈസും ലഭിക്കുകയുണ്ടായി. മൻമോഹൻ സിങ് പ്രധാനമന്ത്രിയായിരിക്കുമ്പോഴാണ് രാഷ്ട്രപതി അബ്ദുൾ കലാമിൽനിന്ന് ടുട്ടു സമ്മാനം സ്വീകരിച്ചത്.

മണ്ടേല പ്രസിഡണ്ട് ആയിരിക്കുമ്പോൾ വർണവിവേചനകാലത്തെ മനുഷ്യാവകാശലംഘനങ്ങളെക്കുറിച്ചു പഠിക്കാനുള്ള ട്രൂത് ആൻഡ് റീകൺസിലിയേഷൻ കമ്മീഷൻ അധ്യക്ഷനായി ടുട്ടുവിനെ നിയമിക്കയുണ്ടായി. എങ്കിലും, കറുത്തവരുടെ ഭരണകാലത്തുണ്ടായ അഴിമതികളെക്കുറിച്ച് തുറന്നടിക്കാൻ ടുട്ടുവിനു മടിയുണ്ടായില്ല. മന്ത്രിമാർക്ക് ഭാരിച്ച ശമ്പളം വാരിക്കോരി കൊടുക്കുന്നതിന് അദ്ദേഹം എതിരായിരുന്നു. അഴിമതിക്കു ജയിലിൽ കഴിയുന്ന മുൻ പ്രധാനമന്ത്രി ജേക്കബ് സുമയുടെ കാലത്ത് നടമാടിയ അഴിമതികളെക്കുറിച്ചും അദ്ദേഹം തുറന്നടിച്ചു.

എല്ലാവർക്കും ഒരുപോലെ പ്രിയങ്കരനായിരുന്നു നർമത്തിൽ ചാലിച്ച് പ്രസംഗിക്കാൻ കഴിവുള്ള ടുട്ടു. അദ്ദേഹം കൊച്ചിയിലും വന്നിട്ടുണ്ട്. വർണവിവേചനത്തിനെതിരേയുള്ള സമരത്തിൽ തന്നോടൊപ്പം നിന്ന ഇന്ത്യൻ വംശജൻ ആർച്ചുബിഷപ് സ്റ്റീഫൻ നായിഡു ആയിരുന്നു നാട്ടിലുള്ള അദ്ദേഹത്തിന്റെ ഒരുറ്റ ചങ്ങാതി.

ടുട്ടുവിന്റെ അന്ത്യത്തോടെ സൗത്താഫ്രിക്കയുടെ ചരിത്രത്തിലെ മഹത്തായ ഒരു അധ്യായത്തിനു തിരശ്ശീല വീണിരിക്കുകയാണ്. സ്വാതന്ത്ര്യാനന്തരം അഴിമതിയുടെ പുഴുക്കുത്തുകൾ വീണ ഭരണകൂടങ്ങൾ മാറിമാറി വന്നു. ടുട്ടുവിന്റെ അടുത്ത സുഹൃത്തായിരുന്നിട്ടുപോലും ദലൈലാമയ്ക്കു രണ്ടു തവണ ഗവൺമെന്റ് വിസ നിഷേധിക്കുകയുണ്ടായി. സൗത്ത് ആഫ്രിക്കയ്ക്ക് ആരെയാണു പേടി? ചൈനയെയോ?

ആഫ്രിക്കയുമായി പല ബന്ധങ്ങളുള്ളയാളാണ് ഞാൻ. സാംബിയ, സിംബാബ്‌വേ, ടാൻസാനിയ, കെനിയ, എത്യോപ്യ എന്നീ ഈസ്റ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. സാംബിയയിൽ അനുജൻ മാത്യുവും ഭാര്യ ഉഷയും ഉണ്ടായിരുന്നു. ഈസ്റ്റേൺ കേപ്പിലെ മൗണ്ട് ഫ്രേയിൽ സഹോദരി ലളിതയും ഭർത്താവ് കാഞ്ഞിരപ്പള്ളി കല്ലൂർ ജോർജും പഠിപ്പിച്ചിരുന്നു.

സഹനസമരം നടത്തി ആഫ്രിക്കൻ ഗാന്ധി എന്നു പേരെടുത്ത ജൂലിയസ് നിരേറെ ഉള്ള കാലത്താണ് ഞങ്ങൾ ടാൻസാനിയയിൽ പോയത്. അടുത്തയിടെ ആഫ്രിക്കയുടെ വടക്കു പടിഞ്ഞാറേ മൂലയിൽ യൂറോപ്പിലെ സ്പെയിനിനോടു മുട്ടിക്കിടക്കുന്ന മൊറോക്കോയുമായി വിവാഹം വഴി ഒരു ബന്ധവും ഉണ്ടായിട്ടുണ്ട്. ■

## ഡോക്ടറേറ്റ്



എം.ജി.യൂണിവേഴ്സിറ്റിയിൽനിന്ന് ഗാന്ധിയൻ സ്റ്റഡീസിൽ പിഎച്ച്.ഡി. നേടിയ **ഫാ. തോമസ് കാലാച്ചിറയിൽ.** പാലാ രൂപത ചൂണ്ടച്ചേരി പള്ളിവികാരിയും ചൂണ്ടച്ചേരി സാൻജോസ് പബ്ലിക് സ്കൂൾ മാനേജരുമായ ഫാ. തോമസ് പിഴക് കാലാച്ചിറയിൽ ജോണി-മോളി ദമ്പതികളുടെ മകനാണ്

# പാട്ടുകളുടെ പിറവിക്കാലം



■ സിജോ പൈനാടത്ത്

ക്രിസ്തീയ ഭക്തിഗാനരചന സപര്യയാക്കിയ മാത്യു തെക്കേക്കുന്നേൽ, അധ്യാപനജീവിതത്തിനിടയിലും ശേഷവുമായി എഴുതിയതു മൂവായിരത്തോളം പാട്ടുകൾ. ഇതിൽ എണ്ണൂറോളം ഗാനങ്ങൾ 35 സംഗീത ആൽബങ്ങളിലായി പ്രമുഖ ഗായകരുടെ ശബ്ദത്തിൽ ആസ്വാദകരിലേക്കെത്തി. സാങ്കേതികസംവിധാനങ്ങളും സമൂഹമാധ്യമങ്ങളും ചേർന്നു പുതിയ ഭാഷയും ഭാവവും പകർന്ന ക്രിസ്തീയഭക്തിഗാനശാഖയിൽ, വ്യത്യസ്തത അവകാശപ്പെടാവുന്നതാണു മാത്യു തെക്കേക്കുന്നേലിന്റെ പാട്ടുകൾ. പാട്ടെഴുത്തിനെ നേരംപോക്കായല്ല, പണിയായുമല്ല, പ്രാർഥനയായി കാണുന്നതാണ് ആ വ്യത്യസ്തതയുടെ ഉള്ളടക്കം. എഴുത്തുകാരനും സംഗീതമൊരുക്കുന്നവർക്കും പാടുന്നവർക്കും കേൾക്കുന്നവർക്കും ആത്മീയാനുഭവം പകർന്നുനൽകുന്നതാവണം ഭക്തിഗാനമെന്നു മാത്യുസാർ ഉറക്കെ വിളിച്ചുപറയുന്നുണ്ട്.

ക്രിസ്തീയ ഭക്തിഗാനരചനയിൽ മുഴുകുന്നത് എന്തുകൊണ്ട് എന്ന ചോദ്യത്തിനു മാത്യു തെക്കേക്കുന്നേലിന് കൃത്യമായ ഉത്തരമുണ്ട്: നന്മയുള്ള പാട്ടുകളെഴുതി മറ്റുള്ളവർക്കു നന്മയാകണം.

17 ക്രിസ്മസ്ഗാനങ്ങൾ ഉൾപ്പെടുത്തി ഒരുക്കിയ ദിവ്യതാരകം അടുത്തിടെ കെസിബിസി ആസ്ഥാനമായ പിഒസിയിലാണു പ്രകാശനം ചെയ്തത്. മാത്യു തെക്കേക്കുന്നേലിന്റെ മുപ്പതിലധികം ക്രിസ്മസ് ഗാനങ്ങൾ വിവിധ ആൽബങ്ങളിലായി പുറത്തിറങ്ങിയിട്ടുണ്ട്. സ്നേഹജാലകം, മോക്ഷദീപം, ദൈവദാനം, ദിവ്യസംഗീതം, ആത്മീയം, സ്നേഹപാലകൻ, ലോകാധിനാഥാ, തോജോമയൻ, സ്നേഹദീപം, ഹൃദയവന്ദനം, അമ്മതൻ സ്നേഹം, സ്വർഗത്തിൻ നാഥാ, നന്മസ്വരൂപിണി, എന്റെ ഉണ്ണീശോ, ദിവ്യപ്രകാശം തുടങ്ങിയവ ശ്രദ്ധേയ ആൽബങ്ങളാണ്.

'കുരിശിന്റെ വഴി' എഴുതി ആൽബമാക്കിയാണു മാത്യു തെക്കേക്കുന്നേലിന്റെ ഈ രംഗത്തേക്കുള്ള ആദ്യ ചുവടുവയ്പ്. സിഎംഐ വൈദികനായ ഫാ. തോമസ് കണ്ടത്തിലിന്റെ ഈണത്തിലായിരുന്നു അതിലെ പാട്ടുകൾ. തുടർന്നു നിരവധി ഭക്തിഗാന ആൽബങ്ങൾ. എഴുത്തുകാരനും സുഹൃത്തുമായ ഫാ. ചെറിയാൻ കുനിയന്തോടത്തും പാട്ടുവഴികളിൽ സഹയാത്രികനായി.

കോതമംഗലം സ്വദേശിയായ സംഗീതസംവിധായകൻ അനൂപ് ആന്റണിയാണു കൂടുതൽ പാട്ടുകൾക്കും ഈണമിട്ടത്. റെക്സ് ഐസക്, എൽഡ്രിഡ്ജ് ഐസക്, സണ്ണി മാനുവൽ, ലിബിൻ സ്കറിയ തുടങ്ങിയവരും മാത്യു തെക്കേക്കുന്നേലിന്റെ പാട്ടുകൾക്ക് സംഗീതം നൽകിയിട്ടുണ്ട്.

**അധ്യാപനവഴിയിലൂടെ ഗാനരംഗത്തേക്ക്**

കോതമംഗലം രൂപതയിലെ കടവൂർ തെക്കേക്കുന്നേൽ പരേതരായ ജോസഫിന്റെയും മേരിയുടെയും മകനാണു മാത്യു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം, പാലാ സെന്റ് തോമസ് (പ്രീ യൂണിവേഴ്സിറ്റി), എറണാകുളം സെന്റ് ആൽബർട്ട്സ് (ബിരുദം), തൃശൂർ സെന്റ് തോമസ് (എംഎ ഇംഗ്ലീഷ്) കോളജുകളിൽ ഉപരിപഠനം. ഇരിങ്ങാലക്കുട മുൻ ബിഷപ്പായിരുന്ന മാർ ജെയിംസ് പഴയാറ്റിൽ സെന്റ് തോമസിൽ സഹപാഠിയും സുഹൃത്തുമായിരുന്നു.

1967ൽ കളമശേരി രാജഗിരി ഹൈസ്കൂളിൽ മാത്തമാറ്റിക്സ് അധ്യാപകനായി. 1973–82 കാലഘട്ടത്തിൽ നൈജീരിയയിലെ അസാബയിലുള്ള കോളജിൽ ഇംഗ്ലീഷ്, മാത്തമാറ്റിക്സ് വിഷയങ്ങളിൽ അധ്യാപകനായി സേവനം ചെയ്തു. തുടർന്നു വീണ്ടും രാജഗിരിയിലെത്തി. സിഎംഐയുടെ പ്രസിദ്ധീകരണമായ മിഷൻ ഇന്ത്യയുടെയും രാജ്കോട്ട് മിഷന്റെ ബുള്ളറ്റിന്റെയും എഡിറ്ററായിരുന്നു.



*മാത്യു തെക്കേക്കുന്നേൽ ഗായകൻ യേശുദാസിനൊപ്പം. (ഫയൽചിത്രം)*

റിട്ടയേഡ് അധ്യാപിക റോസിയാണു ഭാര്യ. ചാർട്ടേഡ് അക്കൗണ്ടിങ്ങിൽ ഒന്നാം റാങ്കോടെ വിജയിച്ച് ദുബായിൽ ജോലി ചെയ്യുന്ന ജോ മാത്യു, എറണാകുളം ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിലെ ഡോ. ആശ മാത്യു എന്നിവർ മക്കളാണ്.

**കടവൂരിലെ കൃഷിപാഠം**

പ്രായത്തെ തോല്പിക്കുന്ന ഉണർവോടെ പാട്ടെഴുത്തും കാർഷികജീവിതവും സമന്വയിപ്പിച്ചാണു 78 കാരനായ മാത്യു തെക്കേക്കുന്നേലിന്റെ സഞ്ചാരം. അധ്യാപനജീവിതത്തിൽനിന്നു വിരമിച്ചശേഷം കാർഷികവൃത്തിയോട് ആഭിമുഖ്യം പുലർത്തിയ മാത്യു, പഴവർഗങ്ങൾ കൃഷി ചെയ്യുന്നതിലാണു പ്രത്യേകം ശ്രദ്ധ നൽകുന്നത്. റംപുട്ടാൻ, മുട്ടിപ്പഴം, ചെറുനാരങ്ങ, പാഷൻ ഫ്രൂട്ട്, പപ്പായ, പേരയ്ക്ക തുടങ്ങി വൈവിധ്യമാർന്ന പഴവർഗങ്ങൾ ഇദ്ദേഹത്തിന്റെ വീട്ടുപരിസരത്തെ പറമ്പുകളിൽ സമൃദ്ധമായി വിളയുന്നു. അപൂർവയിനം പഴങ്ങളുടെ തൈകൾ എത്തിച്ചു കൃഷി ചെയ്യുന്നതിലും ഇദ്ദേഹം ശ്രദ്ധിക്കുന്നു. കൃഷിയും ജീവിതവും പാട്ടെഴുത്തും താളാത്മകമായി സമന്വയിപ്പിച്ചു നിശ്ശബ്ദം സഞ്ചരിക്കുന്ന മാത്യു തെക്കേക്കുന്നേൽ, വിരമിച്ച ശേഷമുള്ള ജീവിതം എങ്ങനെ അനുഗൃഹീതവും ക്രിയാത്മകവുമാക്കാമെന്നതിന്റെ സാക്ഷ്യം കൂടിയാകുന്നു.

■

# എസ്.എം.വൈ.എം. പാലാ രൂപത വാർഷികവും ഭാരവാഹികളുടെ തിരഞ്ഞെടുപ്പും

പാലാ: എസ്.എം.വൈ.എം. പാലാ രൂപതാഘടകത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ സമാപനവും പുതിയ പ്രവർത്തനവർഷത്തിലെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ജനുവരി രണ്ടിന് പാലാ അൽഫോൻസാ കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. രൂപത ഡറക്ടർ ഫാ. തോമസ് സിറിൾ തയ്യിൽ മുഖ്യവരണാധികാരിയായിരുന്നു. പുതിയ ഭാരവാഹികളായി ജോസഫ് സെബാസ്റ്റ്യൻ കിണറ്റുകര ചേറ്റുതോട്(പ്രസിഡന്റ്), റിന്റു റെജി പ്ലാശനാൽ (വൈസ് പ്രസിഡന്റ്), ഡിബിൻ ഡൊമിനിക് കുറവിലങ്ങാട് (ജന. സെക്രട്ടറി), എഡ്വിൻ ജോസ് കീഴൂർ (ഡെപ്യൂട്ടി പ്രസിഡന്റ്), ടോണി ജോസഫ് കവിയിൽ ഉള്ളനാട് (സെക്രട്ടറി), നവ്യ ജോൺ തീക്കോയി(ജോയിന്റ് സെക്രട്ടറി), മെറിൻ തോമസ് കുറവിലങ്ങാട് (ട്രഷറർ), ലിയ തെരേസ് ബിജു മൂലമറ്റം, ലിയോൺസ് സൈ കടനാട് (കൗൺസിലേഴ്സ്) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.



ജോസഫ് സെബാസ്റ്റ്യൻ
പ്രസിഡന്റ്



ഡിബിൻ ഡൊമിനിക്
ജനറൽ സെക്രട്ടറി

വാർഷികാഘോഷങ്ങൾ രൂപത വികാരി ജനറൽ മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ ഉദ്ഘാടനം ചെയ്തു. യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാമിന്റെ ഇരുപത്തിയെട്ടാം ബാച്ചിൽ പങ്കെടുത്തവരുടെ സർട്ടിഫിക്കറ്റ് വിതരണവും ഒരു വർഷക്കാലം മികവു പുലർത്തിയ യൂണിറ്റുകൾക്കും ഫൊറോനകൾക്കുമുള്ള സമ്മാനവിതരണവും, ഓരോ ഫൊറോനയിലുംനിന്ന് എ, ബി, സി, ഡി വിഭാഗങ്ങളിൽ ആദ്യത്തെ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്ന യൂണിറ്റുകൾക്കുള്ള സമ്മാനവിതരണവും നടന്നു. മാർസ്ലീവാ മെഡിസിറ്റിയുമായി ചേർന്ന് വാക്സിനേഷൻ ക്യാമ്പിൽ സഹായിച്ചവരെയും രൂപതയുടെ മീഡിയ സെല്ലിൽ പ്രവർത്തിച്ചവരെയും ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സിൽ പ്രവർത്തിക്കുന്നവരെയും കോശി കമ്മീഷൻ സർവ്വേയിൽ സഹകരിച്ചവരെയും ആദരിച്ചു. രൂപതയിലെ മികച്ച പ്രവർത്തകർക്കുള്ള ഡാനിയേൽ–എസ്തേർ അവാർഡുകളും രൂപതാതലത്തിൽ നടത്തിയ ഹഗ് എ ട്രീ കോമ്പറ്റീഷൻ, അടിക്കുറിപ്പുമത്സരം, സ്റ്റാറ്റസ് വീഡിയോ കോമ്പറ്റിഷൻ, പ്രസംഗമത്സരം എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്തു.




# പഴയകാലം

**ഹരികുമാർ തോട്ടപ്പള്ളി**

പാടത്തെ വേല
കഴിഞ്ഞമ്മവന്നിട്ട്
കഞ്ഞിക്കരിയിട്ട്
കാത്തിരിക്കും.

കുഞ്ഞുങ്ങൾ ഞങ്ങൾ
വിശപ്പറിഞ്ഞങ്ങനെ
പാഠങ്ങളൊക്കെ
പഠിച്ചിരിക്കും.

അന്നത്തെ മൺകലം
പോലെ കറുപ്പുള്ള
രാത്രിയിൽ മെല്ലെ
മഴ കനക്കും.

ഓല തികയാതെ
മേയാതിരുന്നൊരു
മൺകുടിലങ്ങിങ്ങു
ചോർന്നൊലിക്കും.

മണ്ണെണ്ണവെട്ടത്തിൽ
അമ്മ നിരത്തുന്ന
പാത്രങ്ങളിൽ മഴ
താളമിടും.

അമ്മതൻ കൈകളാൽ
നെയ്ത തഴപ്പായിൽ
കുഞ്ഞുങ്ങൾ ഞങ്ങൾ
കിടന്നുറങ്ങും.


# സിനിമ



**ഉമ അഭിലാഷ്**

**ഇം**ഗ്ലീഷ് സൂപ്പർ ഹീറോ മൂവീസ് കാണുമ്പോൾ എന്നും മലയാളികൾ ആഗ്രഹിക്കുന്നതാണ് മലയാളിക്കും ഒരു സൂപ്പർ ഹീറോ ഉണ്ടായിരുന്നെങ്കിലെന്ന്. ഈ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുംവിധം സംവിധായകൻ ബേസിൽ ജോസഫ് അധികം ബോറടിപ്പിക്കാതെ തികച്ചും വിശ്വസനീയമായ രീതിയിൽ ഒരു കഥ പറഞ്ഞുവച്ചിരിക്കുന്നു. സൂപ്പർ ഹീറോ ചിത്രമാണെങ്കിൽക്കൂടി






മലയാളികൾക്കു ദഹിക്കുന്ന രീതിയിലുള്ള അതിമാനുഷികതയേ ചിത്രത്തിൽ മുരളി കാണിക്കുന്നുള്ളൂ എന്നതാണ് സിനിമയുടെ ഏറ്റവും വലിയ വിജയഘടകം.

ജയ്സൺ എന്ന തയ്യൽക്കാരനു മിന്നലേല്ക്കുന്നതും സൂപ്പർ പവർ ലഭിക്കുന്നതുമാണ് ചിത്രത്തിന്റെ അടിസ്ഥാനകഥ. ജയ്സന്റെ മിന്നൽമുരളിയായുള്ള പരിണാമമാണ് ചിത്രം പിന്നീടു പറയുന്നത്. പ്രണയവും നിരാശയും നഷ്ടപ്പെടുത്തലുകളുമെല്ലാം ജയ്സന്റെ വളർച്ചയ്ക്കു ബലമാകുന്നുണ്ട്. ജെയ്സൺ എന്ന തയ്യൽക്കാരൻ എങ്ങനെ സൂപ്പർ ഹീറോ ആവുന്നുവെന്നതും നല്ലവനായ അയാൾ എങ്ങനെ ഗ്രാമത്തിൽ വെറുക്കപ്പെട്ടവനാകുന്നുവെന്നതും വിശ്വസനീയമായി ചിത്രീകരിക്കാൻ ബേസിലിനു കഴിഞ്ഞിട്ടുണ്ട്. കുറുക്കൻമൂല എന്നുപേരുള്ള സാങ്കല്പികഗ്രാമമാണ് മിന്നൽമുരളിയുടെ വിളനിലം. മുണ്ടുടുത്ത് അതിമാനുഷികത കാണിക്കുന്ന തനി നാടൻ സൂപ്പർ ഹീറോയായാണ് മിന്നൽമുരളി എത്തുന്നത്. കുറുക്കൻമൂല എന്ന നാട്ടിൻപുറത്തെ ഒരു വിഡ്ഢി യുവാവിനെ ഉത്തരവാദിത്വമുള്ള ആളായി വളർത്തിയെടുക്കുമ്പോൾ സംവിധായകൻ ബേസിൽ ജോസഫ് ആളുകളുടെ പൾസ് മനസ്സിലാക്കുന്നുണ്ട്. നായകനു മിന്നലേല്ക്കുന്ന അതേദിവസം ഗ്രാമത്തിൽ മറ്റൊരാൾക്കുകൂടി മിന്നലേൽക്കുന്നുണ്ട്, അന്യസംസ്ഥാനത്തൊഴിലാളിയായ ഷിബുവിന്. ചില മാനസികപ്രശ്നങ്ങളുള്ള അയാളെ നാട്ടുകാർ എല്ലായിടങ്ങളിലുംനിന്ന് മാറ്റിനിർത്തുന്നു. ഷിബു എന്ന കഥാപാത്രത്തിന്റെ പ്രേമത്തെക്കുറിച്ച് പുളകം കൊള്ളാൻ മാത്രമൊന്നുമില്ല. ഒന്നാന്തരം സൈക്കോ കാമുകനാണയാൾ. സ്നേഹത്തിനു തടസ്സമായി നിൽക്കുന്നവരെയെല്ലാം കൊന്നുതള്ളുന്ന ഒരാൾ. സൂപ്പർ പവർ കിട്ടിയശേഷം ഉഷയും അയാളെ തിരസ്കരിച്ചെങ്കിൽ, ആദ്യത്തെ ഒന്നുമല്ലാതിരുന്ന, പാർശ്വവത്കരിക്കപ്പെട്ടവനായിരുന്ന ഷിബുവിനെപ്പോലെ ആയിരിക്കില്ല അയാളുടെ പ്രതികരണം. തനിക്കു കിട്ടാത്തത് മറ്റൊരാളുടേതാകുന്നത് അയാൾക്കൊരിക്കലും നോക്കിയിരിക്കാൻ കഴിയില്ല. ഉഷയെയും അയാൾ കൊന്നുകളയാനാണു സാധ്യത. ഒരു മനുഷ്യനെ മാറ്റിനിർത്തലുകളിലൂടെയും കളിയാക്കലുകളിലൂടെയും എങ്ങനെ സമൂഹത്തിന് എതിരാക്കി മാറ്റാമെന്ന് ഷിബുവിന്റെ കഥാപാത്രം കാണിച്ചു തരുന്നുണ്ട്. ഒരു വില്ലന് ഇത്രയധികം നിഷ്കളങ്കനും അതേസമയം പ്രതികാരദാഹിയുമാകാൻ സാധിക്കുമോ എന്നു സംശയം തോന്നുംവിധമാണ് ഷിബുവിനെ അവതരിപ്പിക്കുന്ന സോമസുന്ദരത്തിന്റെ പ്രകടനം. ഭ്രാന്തനെന്നും ഭ്രാന്തിയുടെ മകനെന്നും വിളിച്ച് സമൂഹം അവഗണിച്ചപ്പോഴും അവനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതായിരുന്നു അവന്റെ ഉള്ളിലുണ്ടായിരുന്ന പ്രണയം. സാധാരണഗതിയിൽ ഒരു വില്ലനോടു തോന്നുന്ന വെറുപ്പ് ഒരിടത്തുപോലും ഈ കഥാപാത്രത്തോടു തോന്നില്ല എന്നതാണു വാസ്തവം.

ക്ലൈമാക്സിലെ സംഘട്ടനരംഗത്തെക്കുറിച്ചു പറയാതെവയ്യ. മലയാളസിനിമയിൽ അടുത്ത കാലത്തു വന്നിട്ടുള്ള ആക്ഷൻ രംഗങ്ങളിൽ മുൻപന്തിയിലുണ്ടാകും വ്ളാഡ് റിംബർഗ് ഒരുക്കിയ സംഘട്ടനരംഗം. തിയേറ്റർ കാഴ്ചയുടെ നഷ്ടം എന്നു വിശേഷിപ്പിക്കാവുന്ന ചിത്രങ്ങളിൽ മിന്നൽമുരളിയുമുണ്ടാകും. ആയിരത്തഞ്ഞൂറു മുതൽ മൂവായിരത്തഞ്ഞൂറ് കോടിവരെ നിർമാണച്ചെലവുള്ള ഒരു മാർവെൽ ചിത്രവുമായി കേവലം മുപ്പത്തഞ്ചു കോടി ബജറ്റ് മാത്രമുള്ള ഒരു കൊച്ചുചിത്രത്തെ (ആപേക്ഷികമായി) ഒരു നിമിഷത്തേക്കെങ്കിലും താരതമ്യം ചെയ്യാൻ പ്രേക്ഷകർ മുതിരുന്നുണ്ടെങ്കിൽ അതുതന്നെയാണ് മിന്നൽമുരളിക്കു കിട്ടാവുന്ന ഏറ്റവും മികച്ച അംഗീകാരം. ഒ.ടി.ടിയിൽ ലോകമെമ്പാടും കണ്ട ഇംഗ്ലീഷേതരസിനിമകളിൽ നാലാം സ്ഥാനത്താണ് 'മിന്നൽ മുരളി'. നെറ്റ്ഫ്ളിക്സിലെ ഇംഗ്ലീഷേതര സിനിമകൾക്കായുള്ള ആഗോള ടോപ് ടെൻ ലിസ്റ്റിൽ നാലാം സ്ഥാനത്താണ് ട്രെൻഡിങ്. നെറ്റ്ഫ്ളിക്സിലെ പതിനൊന്നു രാജ്യങ്ങളിലെ സിനിമകളിൽ മികച്ച പത്തിലും മിന്നൽ മുരളി ഉൾപ്പെട്ടിട്ടുണ്ട്.

ഗോദ എന്ന ചിത്രത്തിനുശേഷം ബേസിൽ ജോസഫ് സംവിധാനം ചെയ്ത് 2021 ഡിസംബറിൽ പ്രദർശനത്തിനെത്തിയ സിനിമയാണ് മിന്നൽ മുരളി. ബാംഗ്ലൂർ ഡേയ്സ്, മുന്തിരിവള്ളികൾ തളിർക്കുമ്പോൾ, പടയോട്ടം എന്നീ ചിത്രങ്ങൾക്കുശേഷം വീക്കെൻഡ് ബ്ലോക്ക്ബസ്റ്റേഴ്സിന്റെ ബാനറിൽ സോഫിയ പോളാണ് ഈ ചിത്രം നിർമിക്കുന്നത്. ടൊവിനോ തോമസ് പ്രധാന കഥാപാത്രമായ മിന്നൽ മുരളിയെ അവതരിപ്പിക്കുന്ന ഈ ചിത്രം മലയാളം, തമിഴ്, തെലുങ്ക്, ഹിന്ദി എന്നീ നാലു ഭാഷകളിലായാണ് പുറത്തിറങ്ങിയത്. ജിഗർത്തണ്ട, ജോക്കർ തുടങ്ങിയ ചിത്രങ്ങളിലൂടെ മലയാളികൾക്കു പരിചിതനായ തമിഴ് താരം ഗുരു സോമസുന്ദരം ചിത്രത്തിലെ വില്ലൻ കഥാപാത്രത്തെ അവതരിപ്പിക്കുന്നു. അജു വർഗീസ്, ബൈജു, ഹരിശ്രീ അശോകൻ, ഫെമിന ജോർജ് എന്നിവരാണ് മറ്റ് അഭിനേതാക്കൾ. ചിത്രത്തിലെ രണ്ടു സംഘട്ടനരംഗങ്ങൾ സംവിധാനം ചെയ്യുന്നത് ബാറ്റ്മാൻ, ബാഹുബലി, സുൽത്താൻ തുടങ്ങിയ ചിത്രങ്ങൾക്കു സംഘട്ടനമൊരുക്കിയ വ്ളാഡ് റിംബർഗാണ്. ഷാൻ റഹ്മാൻ ഈ ചിത്രത്തിന്റെ സംഗീതസംവിധാനം നിർവഹിക്കുന്നു.

---



**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

# ചരിഞ്ഞ

ഉച്ചാരണപ്രയാസം ഒഴിവാക്കാൻ വർണ്ണങ്ങൾക്കു മാറ്റം വരാറുണ്ട്. വാക്കുകളെ ലഘൂപ്പെടുത്തി ഉച്ചരിക്കാൻവേണ്ടി നടത്തുന്ന വികാരമാണത്. ഇത്തരം മാറ്റങ്ങളെ ശബ്ദശാസ്ത്രകാരന്മാർ അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള വർണവികാരങ്ങൾ പൊതുവിൽപ്പറഞ്ഞാൽ, വാമൊഴിയിലേയുള്ളൂ. എന്നാൽ, അപൂർവം ചില പദങ്ങളുടെ ഉച്ചാരണം എഴുത്തിലേക്കു സംക്രമിച്ചിട്ടുണ്ട്. പ്രയത്നലഘൂകരണസിദ്ധാന്തപ്രകാരം ഏറ്റവും കൂടുതൽ മാറ്റം സംഭവിച്ചിട്ടുള്ളത് അകാരത്തിനാണ് എന്നു തോന്നുന്നു.*

ഒരു വശത്തേക്കാവുക എന്നർത്ഥമുള്ള ചരിയുക എന്ന ക്രിയാശബ്ദത്തിന്റെ പേരച്ചരൂപം ചരിഞ്ഞ എന്നും കൃദ്രൂപം ചരിവ് എന്നുമാണ്. ഉച്ചാരണത്തിൽ അകാരത്തിനു ദുഷിപ്പ് വന്ന് എകാരമായിട്ടുണ്ട്. ചരിഞ്ഞ വാമൊഴിയിൽ (ച് + അ) ചെരിഞ്ഞ (ച് + എ) എന്നായിത്തീർന്നു. ക്രമേണ 'ചെരിഞ്ഞ' എഴുത്തിലും കടന്നുകൂടി. ഇനി ചെരിഞ്ഞ്, ചെരിവ്, ചെരിയുക മുതലായവ തെറ്റാണെന്നു പറഞ്ഞാൽ വിലപ്പോകണമെന്നില്ല. ചരിവിന്, 'ചരുവ്' എന്നും രൂപഭേദമുണ്ട്. ഇത്യാദി രൂപങ്ങൾക്ക് ശുദ്ധി പോരാ എന്നുതന്നെയാണ് വൈയാകരണമതം. അർത്ഥഭേദം വരുത്താതെയുള്ള ഇത്തരം മാറ്റങ്ങളെ സ്വതന്ത്രപരിവർത്തന(Free variation)ങ്ങളായാണ് ഭാഷാശാസ്ത്രം പരിഗണിക്കുന്നത്. ചരിഞ്ഞ - ചെരിഞ്ഞ, ഇവയുടെ ശുദ്ധ്യശുദ്ധിയെക്കാൾ പെരുമാറ്റസ്വഭാവമാണ് ഭാഷാശാസ്ത്രപഠനങ്ങൾക്കു വിഷയം. എന്നാൽ, പരമ്പരാഗത വൈയാകരണന്മാർ ചെരിഞ്ഞ, ചെരിവ്, ചെരുവ്, ചരുവ് മുതലായവയെ മാനകശബ്ദങ്ങളായി കണക്കാക്കുന്നില്ല. മഹാകവി കുമാരനാശാൻ ചരിഞ്ഞ എന്ന പദത്തെ അംഗീകൃത എഴുത്തുരൂപമായി സ്വീകരിച്ചിരിക്കുന്നു 'ചാരുനേത്രമരത്തിലിടത്തു തോൾ/ചാരിച്ചാഞ്ഞു ചരിഞ്ഞ മിഴികളാൽ' ** എന്നു ചണ്ഡാലഭിക്ഷുകിയിലും 'മസൃണശിലാസനത്തിൽ ചരിഞ്ഞ പാർശ്വത്തിൽ പുഷ്പ/വിസൃമരസുരഭിയാമുപധാനത്തിൽ' എന്നു കരുണയിലും ചരിഞ്ഞ എന്നുതന്നെയാണ് എഴുതിയിട്ടുള്ളത്.*** ഇവയൊക്കെ പദശുദ്ധിയെ സംബന്ധിച്ചുള്ള ദിശാസൂചികളാണ്.

* പ്രയത്നമാത്രകൾ: - അകാരം - തീവ്രപ്രയത്നം, ഇകാരം - മധ്യപ്രയത്നം, ഉകാരം ലഘുപ്രയത്നം; എകാരം - ഉകാരത്തെക്കാൾ കുറച്ചു പ്രയത്നം; സംവൃതോകാരം ഏറ്റവും കുറച്ചു പ്രയത്നം.

**കുമാരനാശാൻ, എൻ., ആശാന്റെ പദ്യകൃതികൾ, ഡി.സി. ബുക്സ്, കോട്ടയം, 1998, പുറം-533,


***................ പുറം - 552

---

## വായന

### എന്റെ യൗസേപ്പ്

ഗ്രന്ഥകർത്താ : റ്റി.ഒ. ജോസഫ്
പ്രസാധനം : ഗ്രന്ഥകർത്താവ്
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ



വി. യൗസേപ്പിനെ മാത്രം കേന്ദ്രീകരിച്ച് രചിക്കപ്പെട്ട മലയാളത്തിലെ ഏറ്റവും വലിയ കാവ്യം. ബ്രഹ്മചര്യവും കുടുംബസംരക്ഷണവും സമഞ്ജസമായി സമന്വയിച്ച ഒരു സുകൃതജീവിതത്തിന്റെ കാവ്യാവിഷ്കാരം.

### ക്രൈസ്തവഗീതിക

ഗ്രന്ഥകർത്താ : ടി.പി. ശാസ്തമംഗലം
പ്രസാധനം
വിതരണം : കാർമൽ ഇന്റർനാഷണൽ പബ്ലീഷിങ് ഹൗസ്, തിരുവനന്തപുരം 695 014
വില : 130 രൂപ



മലയാള ചലച്ചിത്രങ്ങളിൽ ഗണ്യമായ സ്ഥാനമുള്ളവയാണ് ക്രൈസ്തവഭക്തിഗാനങ്ങൾ. പരമ്പരാഗതഗാനങ്ങളെ അതിശയിക്കുന്ന രചനാഗുണവും സംഗീതമേന്മയും അവയെ എന്നും വേറിട്ടതാക്കുന്നു. അത്തരം പാട്ടുകളുടെ സമഗ്രമായ ആസ്വാദനം ഇതിൽ വായിക്കാം.

### അന്നപൂർണിമ (പ്രഫ. അന്നം ജോൺ അനുസ്മരണഗ്രന്ഥം)

എഡിറ്റേഴ്സ് : ഡേവിസ് കണ്ണനായ്ക്കൽ, ബ്ര. ജെയിംസ് കാരിക്കാട്ടിൽ എം.എം.ബി.
പ്രസാധനവും വിതരണവും : എം.എം.ബി. പബ്ലിക്കേഷൻസ്, തൃശൂർ



മഹത്തായ ആദർശങ്ങളെ മുറുകെപ്പിടിച്ച് ജീവിതം ധന്യമാക്കിയ ശ്രേഷ്ഠവ്യക്തി, ശരിയെന്നു തോന്നുന്നതിൽ ഉറച്ചുനിന്ന മാന്യമഹിള, സത്യം പറയുകയും സത്യത്തിലൂടെ സഞ്ചരിക്കുകയും ചെയ്ത പൊതുപ്രവർത്തികയും പ്രഭാഷികയുമായിരുന്ന അന്നം ജോണിനെക്കുറിച്ച്.

Deepanalam Weekly

RNI No : 16998/68
Vol. 54 No. 40 Date of Publication 6 January 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും



LITHOS PAVING TILES
ISO 9001:2015



**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008




## ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

KTS PRODUCTS

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org